

ഗാണാപത്യം

ഡോ.സുവർണ്ണ നാലപ്പാട്ട്

(ശാരദാതിലകതന്ത്രം. ത്രയോദശപടലം)

ഉള്ളടക്കം.

1.ഗണപതികരണം

2. ഗണപതിബീജം ഋഷ്യാദി

3. ഗണപതിമുദ്രാ

4. പുരശ്ചരണാദി

5. പീഠമന്ത്രം.

6. പീഠശക്തിധ്യാനം

7. ഗണപതിയന്ത്രത്രയം

8. മഹാഗണപതിമന്ത്രം

9.ഋഷ്യാദി ധ്യാനം

10. പുരശ്ചരണാദി

11. പഞ്ചമിഥുനപൂജാ

12. തർപ്പണം.

13. ഗണേശ്വരവിമർശിന്യുക്തവിധി

14. ഭ്രൂബീജം

15. മഹാഗണപതിയന്ത്രം

16. വിരിഗണപതിമന്ത്രം

17.ധ്യാനം പുരശ്ചരണാദി

18. ധ്യാനാന്തരം

19. സൂപശാസ്ത്രോക്തലേഹ്യലക്ഷണം

20. വിരിഗണപതിയന്ത്രം

21. ശക്തിഗണപതിമന്ത്രം

22. ഋഷ്യാദി ധ്യാനം

23.പുരശ്ചരണാദി

24 മന്ത്രാന്തരം

25. ക്ഷിപ്രപ്രസാദമന്ത്രം

26 ഋഷ്യാദിധ്യാനം പുരശ്ചരണാദി

27 തർപ്പണേ ധ്യാനവിശേഷം

28. യന്ത്രദ്വയം

29. ഹേരംബമന്ത്രം ഋഷ്യാദിധ്യാനം പുരശ്ചരണാദി

30.ആസനമന്ത്രം

31. ധാരണായന്ത്രം

32. മാലാമന്ത്രം

33. സുബ്രഹ്മണ്യമന്ത്രം ധ്യാനം ഋഷ്യാദി

34 പുരശ്ചരണാദി

35 ഗണേശസ്തുതി.

1. അഥ വക്ഷ്യേ ഗണപതേർമന്ത്രാൻസർവ്വാർത്ഥസിദ്ധിദാൻ.
   യാൻ ലബ്ധ്വാ മാനവാ നിത്യം സാധയന്തി മനോരഥാൻ.

   സംസ്കൃതഭാഷ്യം

   മുഖ്യേ പുഷ്പാഞ്ജലിം കൃത്വാ ഗണേശാഭ്യർച്ചനം ഭവേത് ഇത്യുക്തേ ശക്തിമന്ത്രാനുക്താ ക്രമപ്രാപ്താൻ ഗണപതിമന്ത്രാന് വക്തുമുപക്രമതേ അഥേതി .സർവ്വാർത്ഥസിദ്ധിദാനിതി വിനിയോഗോക്തി.

   മലയാളഭാഷ്യം

   ഇനി സർവ്വാർത്ഥസിദ്ധിദമായ ഗണപതിമന്ത്രങ്ങളെ പറയാം. ഏതൊന്നു ലഭിച്ചാൽ മനുഷ്യര് നിത്യവും മനോരഥങ്ങളെല്ലാം സാധിക്കുന്നുവോ ,അവ യാണ് ഗണപതിമന്ത്രങ്ങൾ. ശക്തിമന്ത്രത്തിൽ ആദ്യം പുഷ്പാഞ്ജലി ചെയ്ത് ഗണേശാർച്ചന ചെയ്യണമെന്ന് അർച്ചനാക്രമം പറയുകയുണ്ടായി. ആ

ഗണേശാർച്ചന ,മന്ത്രം ഇവയാണ് പറയാനൊരുങ്ങുന്നത്. സർവ്വാർത്ഥ സിദ്ധിയാണ് വിനിയോഗം.

2. പഞ്ചാന്തകം ശശിധരം ബീജം ഗണപതേർവിദുഃ
   ഗണകഃസ്യാൻമുനിഛന്ദോ നിവൃദിഘ്നോസ്യദേവതാ

   സംസ്കൃതഭാഷ്യം

   ഗണപതിബീജമുദ്ധരതി പഞ്ചാന്തകമിതി. പഞ്ചാന്തകോ ഗഗാരഃശശീ ബിന്ദുസ്തദ്യുതം തേന ഗം ഇതി. അഥ ച ശശീവിസർഗ്ഗസ്തദ്ധ്യുതഃഗഃഇത്യപി ഭവതി. സർഗ്ഗഃശക്തിർന്നിശാകരഃ ഇത്യുക്തേഃ ഗോപനായൈവമുദ്ധാരഃ ഇദം ദ്വയം ഉത്തരഗാർഗ്ഗ്യോക്തം. പൂജാപ്രയോഗാദികമുഭയോഃസമാനം. കേചന ഔകാരയുഗ്മാ ഹ്ഗഃ തദുക്തം പ്രയോഗസാരേ-
   ബീജമിന്ദുമദൌയുക്തം കതൃതീയ തഥൈവ ച ഇതി. നാരായണീയേ തു-
   ഖാന്തം സാന്തവിഷം സബിന്ദുസകലം ബിന്ദൌയുതം കേവലം
   പഞ്ചൈതാനി പൃഥക് ഫലം വിദധതേ ബീജാനി വിഘ്നേശിതു ഇതി.
   ആചാര്യൈസ്തു പ്രണവാദിരുദ്ധൃതഃ-
   ചതുരീയോ വിലോമേന താരാദിര് ബിന്ദുസംയുതഃ
   വൈഘ്നോമന്ത്രോ ഹൃദന്തോർച്ചിർവിധൌ ഹോമേ ദ്വിഠാന്തകഃ
   ഗണകഃസ്യാദൃഷിശ്ഛന്ദോനിവൃദ്ധിഘ്നോസ്യ ദേവതാ
   ബീജേന ദീർഘയുക്തേന ദണ്ഡിനാംഗക്രിയാ മതാ ഇതി.
   ഗകാരോ ബീജം ബിന്ദുഃശക്തിഃഅന്യത്ര സർഗ്ഗഃശക്തിഃ

   മലയാളം ഭാഷ്യം

   പഞ്ചാന്തകം ഗ. ശശി ബിന്ദു .ഇവ ചേർന്നത് ഗം. നിശാകരൻ(ശശി) സർഗ്ഗഃശക്തിയാണ്. ഗ ബീജം അഥവാ സഗ ബീജം (ഗ ബീജത്തോട്ടു കൂടിയത് സഗബീജം) സർഗ്ഗശക്തി. ഗോപനത്തിനുവേണ്ടിയാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്. ഉത്തരഗാർഗ്ഗ്യമുനി ഗംഗഃ എന്ന് ഗദ്വയം ഗണപതിബീജമായി പറയുന്നു. ഗണകൻ ഗണിതം അറിയുന്ന മുനി അഥവാ മഹർഷി. (ഋഷി).ഛന്ദസ് നിവൃച്. ദേവത വിഘ്നം. പൂജാപ്രകാരത്തിൽ ഔകാരയുഗ് ഹ്ഗഃ പ്രയോഗസാരത്തിൽ മൂന്നാമത്തം ബീജം കകാരം. നാരായണീയത്തിൽ ഖാന്തം(ഗ)സാന്തം(ഹ)ബിന്ദുവോട്ടുകൂടി ഗംഹം

(വിസർഗ്ഗം ഇട്ട് ഗഃഹഃ) ആചാര്യൻ പ്രണവാദി ഉദ്ധരിക്കുന്നത്ഃ- നാല് (ചതുരീയം) അഥവാ തുരീയം വിലോമമായി താരം ആദി, ബിന്ദുവോട്ടു കൂടിയത് വൈഘ്നമന്ത്രം. വിധിപൂർവ്വം ഹോമിക്കുമ്പോള് ദ്വിഠാന്തം(സ്വാഹാ) ചേർക്കണം. ഗണകൻ ഋഷി. ഛന്ദസ് നിവൃച്. ദേവത വിഘ്നം. ദീർഘത്തോടുചേർന്ന ബീജത്താല് ദണ്ഡിയാല് അംഗക്രിയ. ഗകാരം ബീജം. ബിന്ദു ശക്തി. അതിലാണ് സർഗ്ഗശക്തി .

3. ഷഡ്ദീർഘഭാജാ ബീജേന കുര്യാദംഗക്രിയാം മനോഃ

   സംസ്കൃതഭാഷ്യം

   ഷഡംഗമാഹ ഷഡീതി. പ്രയോഗസാരേ പഞ്ചാംഗമപ്യുക്തം-
   ആദൌഗണം ജയായോക്താ സ്വാഹാ ഹൃദയമുച്യതേ
   ഏകദംഷ്ട്രായ സംഭാഷ്യ ഹുംഫട് വിദ്യാശ്ചിരസ്തതഃ
   ശിഖാപ്യചലശബ്ദാദികർണ്ണിനത്യന്തതോ നമഃ
   കവചം ഗജവക്ത്രായ നമോനമ ഇതീരിതം
   മഹോദരായ ചണ്ഡായ ഹും ഫടിത്യാസ്ത്രമിഷ്യതേ
   ഏതാന്യംഗാനി വിന്യസ്യേത് പഞ്ചോക്താനി മനീഷിഭിഃ
   സപ്രാംശുനാ വാ ബീജേന ഷഡംഗാന്യപി യോജയേത് ഇതി.

   മലയാളം ഭാഷ്യം

   ഷഡ്ദീർഘത്തോടെ ഷഡംഗന്യാസം പറഞ്ഞിരിക്കുന്നു. പ്രയോഗസാരത്തിൽ പഞ്ചാംഗന്യാസമാണ് പറഞ്ഞിരിക്കുന്നത്.

   ആദിയിൽ ഗണം ജയാ സ്വാഹാ – ഹൃദയം
   ഏകദംഷ്ട്രാ ഹും ഫട് വിദ്യാ - ശിരസ്സ്,ശിഖ
   അചല നമഃ കർണ്ണങ്ങള്.
   ഗജവക്ത്രായ നമോനമഃ കവചം
   മഹോദരായ ചണ്ഡായ ഹും ഫട് അസ്ത്രം
   ഇത് പഞ്ചാംഗം. കിരണങ്ങളാലോ ബീജത്താലോ ഷഡംഗന്യാസവും യോജിപ്പിക്കണം. (ചിന്തിക്കണം)

4. സിന്ദൂരാഭം ത്രിനേത്രം പൃഥുതരജഠരം ഹസ്തപത്മൈർദധാനം
   ദന്തം പാശാങ്കുശേഷ്ടാന്യുരുകരവിലസദ് ബീജപൂരാഭിരാമം

ബാലേന്ദുദ്യോതിമൌലിം കരിപതിവദനം ദാനപൂരാർദ്രഗണ്ഡം
ഭോഗീന്ദ്രം ബദ്ധഭൂഷം ഭജത ഗണപതിം രക്തവസ്ത്രാംഗരാഗം

സംസ്കൃതഭാഷ്യം

ആയുധധ്യാനം തു ഊർദ്ധ്വസ്ഥ വാമദക്ഷയോരങ്കുശപാശൌ.
അധഃസ്ഥയോഃസ്വദന്തവരദേ .സർവ്വോപിഗണപതിരേകദന്തോ
ധ്യേയഃസദന്തോ ദക്ഷിണപാർശ്വേ.ദ്വിതീയസ്യ ധ്യാനം യഥാ-
ധ്യായേത് സൈ്വക്യേന ദേവം ബൃഹദുദരതനും തം ചതുർബ്ബാഹുമേക-
ദന്തം പാശാങ്കുശാഢ്യം ഗജമുഖമരുണം ദന്തഭക്ഷ്യേ ദധാനം ഇതി.
പുസ്തകം ച ദക്ഷഹസ്തസ്ഥിതഭക്ഷ്യോപരി. ഓങ്കാരയുക്തം ബീജേതു ധ്യാനം-
രക്താക്ഷമാലാപരശും ച ദന്തം ഭക്ഷ്യം ച ദോർഭിഃപരിതോ ദധാനം
ഹേമാഭകാന്തിം ത്രിദശം ഗജാസ്യം ലംബോദരം ചൈക രദം നമാനി ഇതി
അത്രാപി പുഷ്കരം പൂർവ്വവത് ജ്ഞേയം.ഇദമേവ മായാബീജാദ്യം യദാ തദാ
ധ്യാനം-

അമൃതാംബോധിമദ്ധ്യേതു വാരിജേ കുങ്കുമപ്രഭേ
ഋതുസംഖ്യദലോപേതേ ചിന്തയേദ് ഗണനായകം
പാശാങ്കുശധരംദേവം ജപാകുസുമസന്നിഭം
വാമപാർശ്വഗതാം ദേവീമാലിംഗന്തം സുലോചനം
സുവർണ്ണചഷകം ശുഭ്രം മധുനാ പൂരിതം സദാ
പിബന്തീം വാമഹസ്തേന യോഗിനീം മദമോഹിതാം
രക്തവർണ്ണാം മഹാദേവീമാലിംഗന്തീം സുമദ്ധ്യമാം
ബാഹുനൈകേന വിഘ്നേശം മത്തം രക്തവിലോചനം.
തദ്രൂപാംശ്ചിന്തയേദ്വിദ്വാൻ ഗണാൻപൂർവ്വാദിതഃക്രമാത് ഇതി.
അത്ര ധ്യാനാനന്തരമിയം ഗണപതിമുദ്രാ പ്രദർശനീയാ-
മുഖാത് പ്രലംബിതം ഹസ്തം കൃത്വാ സങ്കുചിതാംഗുലീം
മദ്ധ്യാ തർജ്ജനിഗതാംഗുഷ്ഠം ചാധഃസ്ഥ മദ്ധ്യമം
കുര്യാൻ മുദ്രാ ഗണേശസ്യ പ്രോക്തേയം സർവ്വസിദ്ധിദാ ഇതി.യദ്വാ-
തർജ്ജനീമദ്ധ്യമാസന്ധിനിർഗ്ഗതാംഗുഷ്ഠമുഷ്ടികാ
അധോമുഖീ ദീർഘരൂപാ മദ്ധ്യമാ വിഘ്നമുദ്രികാ ഇതി.. യദ്വാ-

കുഞ്ചിതാഗ്രസ്യ ഹസ്തസ്യ മൂലേ നാസാനിയോഗതഃ ഗണേശ്വരീദേവന്മുദ്രാ ഇതി. ഇയം സർവ്വഗണപതീമന്ത്ര സാധാരണീതി ജ്ഞേയം.

മലയാളം ഭാഷ്യം

ധ്യാനം-സിന്ദൂരവർണ്ണം,ത്രിനേത്രം,വലിയ ഉദരം, കരപത്മങ്ങളിൽ ദന്തം, പാശം,അങ്കുശം,ഇഷ്ടഭക്ഷണം, ബീജാപൂരാഭിരാമമായ തുമ്പിക്കൈ, ഭോഗീന്ദ്രന്മാരാകുന്ന ആഭരണങ്ങൾ(സർപ്പാഭരണം), ചുവന്ന വസ്ത്രവും കുറിക്കൂട്ടുകളും ഇപ്രകാരമുള്ള ഗണപതിയെ ധ്യാനിക്കുന്നു,ഭജിക്കുന്നു. ഏകദന്തനായിട്ടാണ് ധ്യാനം. മറ്റൊരു ധ്യാനവിശേഷത്തിൽ ഈ ദേവനെ തന്നോട് സദൃശനായി താദാത്മ്യമായി ധ്യാനിക്കാന് പറഞ്ഞിരിക്കുന്നു.വലത്തുകയ്യിലെ ഭക്ഷ്യവസ്തു(മോദകം)വിനു മുകളിലായി പുഷ്കരം.

ഓങ്കാരയുക്തബീജത്തിൽ ധ്യാനം- ചുവന്ന അക്ഷമാല,പരശു,ദന്തം ,ഭക്ഷ്യം (മോദകം)ധരിച്ച് സ്വർണ്ണനിറമായി ആനമുഖവും ലംബോദരവും ഏകദന്തവുമായി ധ്യാനം.

മായാബീജാദ്യമായ ധ്യാനം- അമൃതസമുദ്രമദ്ധ്യത്തില് കുങ്കുമപ്രഭയുള്ള താമരയിൽ ആറു ദളങ്ങളിൽ,പാശവും അങ്കുശവും ധരിച്ച് ചെമ്പരത്തിപ്പൂവർണ്ണമുള്ളവനും വാമപാർശ്വത്തിലിരിക്കുന്ന ദേവിയെ ആലിംഗനം ചെയ്തവനും സുലോചനനുമായ ഗണനായകനെ സ്തുതിക്കുന്നു.. വാമഭാഗത്തെ ദേവീരൂപവർണ്ണനഃ- ഇടത്തുകയ്യില് ശുഭ്രമായ മധു നിറച്ച സുവർണ്ണചഷകം ധരിച്ചിരിക്കുന്നു. സദാ മധുപൂർണ്ണമാണത്. ആ മധു കുടിച്ച് മദലഹരിയിൽ മോഹിതയായിരിക്കുന്നവളും യോഗിനിയും സുമദ്ധ്യമയും ചുവപ്പുനിറമുള്ളവളുമാണ് മഹാദേവി. ഈ യോഗിനീമഹാദേവിയെ ഇടത്തുകയ്യാൽ ആലിംഗനം ചെയ്ത ഗണേശനും മത്തനും രക്തവിലോചനനുമാണ്. ഇവരെ കിഴക്കുഭാഗം മുതൽ ഗണങ്ങളോട്ടുകൂടി,ക്രമത്തിൽ പരിവാരസമേതം ചിന്തിക്കണം.

ധ്യാനാനന്തരം ഗണപതിമുദ്രഃ-

മുഖത്ത് ലംബിതമായി ഹസ്തം പിടിക്കുക.വിരലുകളെല്ലാം സങ്കുചിതമാക്കുക. മദ്ധ്യത്തിൽ മദ്ധ്യമ.,തർജ്ജനി,തള്ളവിരൽ ചേർത്തുപിടിക്കുക. തർജ്ജനി, മദ്ധ്യമ,ഇവയുടെ സന്ധിയിൽനിന്ന് നിർഗ്ഗമിക്കുന്ന തള്ളവിരലോട്ടുകൂടിയ മുഷ്ടിക,അധോമുഖി,ദീർഘരൂപ,മദ്ധ്യമയായി പിടിക്കണം.ഇതാണ് വിഘ്നമുദ്ര.

കുഞ്ചിതാഗ്രത്തിൽ ഹസ്തമൂലത്തില് മൂക്ക് വരണം. എല്ലാ ഗണപതിമന്ത്രങ്ങ ൾക്കും സാധാരണയായി ഈ ഗണേശ്വരീമുദ്ര തന്നെയാണ് കാട്ടുക.

5. വേദലക്ഷം ജപേന്മന്ത്രം ദശാംശം ജുഹുയാത്തതഃ
   മോദകൈഃപൃഥുകൈർലാജൈഃസക്തുഭിശ്ചേക്ഷു പർവ്വഭിഃ
6. നാരികേലൈസ്തിലൈഃശുദ്ധൈഃസുപക്വൈഃകദലീഫലൈഃ
   അഷ്ടദ്രവ്യാണി വിഘ്നസ്യ കഥാതാനി മനീഷിഭിഃ

സംസ്കൃതഭാഷ്യം

വേദലക്ഷം ചതുർലക്ഷം.ദശാംശമിതി. തത്ര ഹോമോഷ്ടഭിർദ്രവ്യൈര് വക്ഷ്യ മാണൈഃഅർദ്ധമർദ്ധമയുതം ഏകൈകേന ദ്രവ്യേണ ഹോതവ്യം. കേചിത് അഷ്ടദ്രവ്യമേലനമാഹുഃ തന്ന. ആഹുതിപ്രമാണസന്ദേഹഃപാതാത്. മൂലേച പ്രത്യേകം പൃഥക് ക്രിയാന്വയാച്ച.വിശിഷ്ടസ്യ ദ്രവ്യാത്മകത്വേനാഷ്ടദ്രവ്യഹോമ കരണാസംഭവാച്ച.തദുക്തം ഭട്ടാചാര്യൈഃ-

നൈവബ്രീവിഭിരഷ്ടംസ്യാദ്യവൈർന ച യഥാശ്രുതൈഃമിശ്രൈരിജ്യേത ചേത്. ഇതി.

തഥാ മിശ്രാണാം വിധ്യദർശനാദിതി ച. നത്വേവം ത്രിമധുരമേലനമപി ന കാര്യമിതി ചേത്. സർവ്വം ത്രിമധുരോപേതം ഹോമദ്രവ്യമുദാഹൃതം ഇതി വചനാത് തന്മേലനസ്യ പശുപുരോഡാശാദ്വവധാനാനാം ഉപസ്താരപ്രത്യുപ സ്താരാജ്യമേലനവത് അവിരോധാത്. തദുക്തം ഗണേശ്വരവിമർശിന്യാം-

അഷ്ടദ്രവ്യൈർസ്ത്രിമധുരൈർക്കർജ്ജുഹുയാച്ച പൃഥക് പൃഥക് ഇതി. പൃഥുകൈശ്ചിപിടകൈഃശുദ്ധൈരിത്യനേനാവകരം ദൂരീകൃത്യ പ്രക്ഷാല്യ ശോഷി തൈരിത്യുക്തം. ഏഷു മന്ത്രേഷു ഗായത്ര്യാ പ്രോക്ഷണാദികം കുര്യാത്. ഗായത്രീ യഥാ-

ആകദംഷ്ട്രായ വിദ്മഹേ വക്രതുണ്ഡായ ധീമഹി തന്നോ വിഘ്നഃപ്രചോദയാത് ഇതി.

മലയാളം ഭാഷ്യം

നാലുലക്ഷം പ്രാവശ്യം ജപിച്ച് ദശാംശം വീതം ഹോമിക്കണം. മോദകം, അവിൽ,ലാജം,കരിമ്പിൻകഷ്ണം,നാളികേരം,എള്ള്, ശുദ്ധവും നന്നായി പഴുത്തതുമായ കദളിപ്പഴം ഇവ ഒന്നായോ ഒന്നൊന്നായോ ഹോമിക്കുന്നു. അര,അര വീതം അയുതം വെച്ച് ഓരോന്നോരോന്നായി ഹോമം ചെയ്യുന്നതാണ് സാമ്പ്രദായികം. ഓരോരോ ഹോമദ്രവ്യവും പ്രത്യേകം പ്രത്യേകം ഗായത്തിയാൽ പ്രോക്ഷണം ചെയ്ത് ശുദ്ധമാക്കിയിട്ട് ഹോമിക്കണം. ഇനി വിഘ്നേശ്വരഗായത്രി.

ഏകദംഷ്ട്രായ വിദ്മഹേ വക്രതുണ്ഡായ ധീമഹി തന്നോ വിഘ്നഃപ്രചോദയാത് .

7. തീവ്രാദിശക്തിരുക്തൈ പീഠേ വിഘ്നേശ്വരം യജേത്
   തീവ്രാഖ്യാ ജ്വാലിനീ നന്ദാ ഭോഗദാ കാമരൂപിണീ
8. ഉഗ്രാ തേജോവതീ സത്യാ നവമീ വിഘ്നനാശിനീ
   സർവ്വാദിശക്തികമലാസനായ ഹൃദയാവധിഃ

   സംസ്കൃതഭാഷ്യം

   തീവ്രേതി. ആസാം ധ്യാനം യഥാ-
   പാശാങ്കുശാഞ്ജലികരാ നവകുങ്കുമസന്നിഭാഃ
   തീവ്രാദ്യാഃപൂജനീയാഃസ്യു ശക്തയോ മണിഭൂഷണാഃ ഇതി.

   മലയാളഭാഷ്യം

   തീവ്ര,ജ്വാലിനി,നന്ദ,ഭോഗദ,കാമരൂപിണി,ഉഗ്ര,തേജോവതി, സത്യാ, വിഘ്നനാശിനി, ഇവരാണ് നവശക്തികൾ. സർവ്വാദിശക്തി കമലാസനായ ഹൃദയപര്യന്തം . എല്ലാവരും നവകുങ്കുമപ്രഭയോടെ പാശം,അങ്കുശം,ഇവ ധരിച്ച് അഞ്ജലി കൂപ്പിയവരായി, രത്നഭൂഷണം ധരിച്ചവരായി ധ്യാനിക്കപ്പെടുന്നു.
9. പീഠമന്ത്രോയമേതേന പ്രദദ്യാദാസനം വിഭോഃ
   മൂലേന മൂർത്തിം സങ്കല്പ്യ തസ്യാം വിഘ്നേശ്വരം യജേത്
10. കർണ്ണികായാം ചതുർദിക്ഷു പ്രഥമം പൂജയേദിമാന്
    ഗണാധിപം ഗണേശാനം തൃതീയം ഗണനായകം
11. ഗണക്രീഢം പീതഗൌരരക്തനീലരുചഃക്രമാദ്
    സർവ്വാന്നാഗേന്ദ്രഭൂഷാദ്യാൻ ഭക്ഷ്യലക്ഷിതപുഷ്കരാൻ.

സംസ്കൃതഭാഷ്യം

വിഭോരിതി. പീഠമന്ത്രാദൌ സ്വബീജാദ്യത്വമുക്തം. പ്രഥമം പൂജയേദിതി. അത്ര പ്രഥമമിത്യംഗാവത്വപേക്ഷയാപ്രാഥമ്യം . യതശ്ചതുർത്ഥപടലേ അംഗാദി ലോകപാലാന്തം പൂജയേദിതി സാമാന്യത ഉക്തം തദപവാ ദായാത്ര പ്രഥമമിത്യുക്തിഃ. യദ് വ്യാഖ്യാനാവസരേ അത ഏവ മയോക്തം ഗ്രന്ഥകൃതാ ഇദം വചനം സംഭവാഭിപ്രായേണോക്തമിതി.

മലയാളം ഭാഷ്യം

പീഠമന്ത്രം ചൊല്ലി വിഭുവിന് ആസനം നൽകി മൂലമന്ത്രത്താല് മൂർത്തി സങ്കല്പിച്ച് അതിൽ വിഘ്നേശ്വരനെ യജിക്കുന്നു.കർണ്ണികയുടെ നാലുദിക്കിൽ ആദ്യം ഗണാധിപൻ, ഗണേശൻ,ഗണനായകൻ,ഗണക്രീഢൻ ഇവരെ ക്രമത്തിൽ പൂജിക്കുന്നു. ഇവരുടെ നിറം ക്രമത്തില് മഞ്ഞ,വെള്ള,ചുവപ്പ്, നീലം . എല്ലാവരും നാഗേന്ദ്രഭൂഷണം ധരിച്ചവരാണ്. ഭക്ഷണത്തിൽ (മോദകം) കൈവെച്ചിരിക്കുന്നു.നാലാം പടലത്തിൽ അംഗാദിലോകപാല കാന്തപൂജ സാമാന്യമായി പറഞ്ഞു. ഇവിടെ ഒരപവാദമായി, ആദ്യം നാലുദിശ(ചതുർദിക്ഷു) പൂജിക്കാൻ പറയുന്നു.

12. യഥാപൂർവ്വം തതോഭ്യർച്ച കേസരേഷ്വംഗദേവതാഃ
    പത്രമദ്ധ്യേഷു വിധിവദ്വക്രതുണ്ഡാദികാൻ യജേത്
13. ധൂമ്രവർണ്ണാം ദലാഗ്രേഷു ബാഹ്യാദ്വാഃപൂജയേത്തതഃ
    ലോകപാലാംസ്തദസ്ത്രാണി ദേവമിത്ഥം സമർച്ചയേത്

സംസ്കൃതഭാഷ്യം

യഥാപൂർവ്വം ചതുർത്ഥപടലോക്തരീത്യാ. വിധിവദിതി ഗണപതിബീജാദി. ഇത്ഥം സമർച്ചയേദിതി. മന്ത്രത്രയസ്യ പൂജാസമാനൈവ.തദുക്തമീശാനശിവേന-

പഞ്ചാന്തകം ബിന്ദുയുതം സനാദം ബീജം ഗണേശസ്യ വദന്ത്യഥാന്യേ ഊകാരബിന്ദ്വന്തമുദീരയന്തി തുല്യസ്തയോഃസ്യാദ്വിധിരേഷ ഉക്തഃഇതി. മായാബീജാദൌ തു ഷഡ്ദലേ ആമോദാദീൻ പൂജയേദിതി വിശേഷഃ തർപ്പണപ്രയോഗാച്ച സർവ്വമന്ത്രാണാം സാധാരണാ ഏവ.തർപ്പണേ തു സർവ്വേഷാമയം വിശേഷഃ

ക്രീഡൻഹേമമയോദയാദ്രിശിഖരേ സ്ഥിത്വാവതീർണ്ണഃക്ഷുധാ
സോപാനേഷു സമേത്യ രുക്മകലിതേഷ്വബ്ജാദി ഭക്ഷ്യം ബഹു
ഭുക്ത്വാ പ്രീതമനാ യഥാ പുരമസൌ സംപൂജിതോ വിഘ്നരാട്
കുര്യാദിത്യുഷസി സ്മൃതഃസ സകലാൻകാമാംസ്തഥാഃതർപ്പിതഃഇതി.

മലയാളം ഭാഷ്യം

യഥാപൂർവ്വം കേസരത്തില് അംഗദേവത,പത്രമദ്ധ്യത്തിൽ വക്രതുണ്ഡാദികൾ,ദലാഗ്രത്തിൽ ബ്രാഹ്മ്യാദികൾ, പൂജിക്കപ്പെടുന്നു.ലോകപാലരും അവരുടെ അസ്ത്രസമേതം അർച്ചിതരാവുന്നു.ഈശാനശിവൻ ഇങ്ങനെ പറയുന്നു:- ഗം എന്ന സനാദമായ ബീജം ഗണേശബീജമാണ്. ഈകാരബിന്ദ്വന്തം തുല്യമായി ഇത് ഉച്ചരിക്കപ്പെടുന്നു.മായാബീജാദിയായി ഷഡ്ദലത്തിൽ ആമോദാദികൾ പൂജിക്കപ്പെടുന്നു.തർപ്പണപ്രയോഗം സർവ്വമന്ത്രങ്ങൾക്കും ഉള്ള സാധാരണപ്രയോഗമാണ്. തർപ്പണത്തില് സർവ്വേഷ ആമയം വിശേഷമാണ്.സ്വർണ്ണമയമായ അദ്രിശിഖരത്തില് ക്രീഡചെയ്ത് ക്ഷുത്ത്(വിശപ്പ്)വരുമ്പോൾ സോപാനത്തിലെ സ്വർണ്ണത്താമരകള് അനേകം ഭക്ഷിച്ച് പ്രീതമാനസനായി ഓരോരോ പുരത്തിലും യഥാവിധി സംപൂജിതനാകുന്ന വിഘ്നരാജനെ ഉഷസ്സിൽ സ്മരിച്ചാല്സർവ്വകാമപ്രാപ്തിയാണ് ഫലം.ആ കാമവും കാമഫലവും എല്ലാം അവനിൽത്തന്നെ തർപ്പണം ചെയ്യുന്നു.

14. സിദ്ധമന്ത്രഃപ്രകുർവ്വീതപ്രയോഗാൻകല്പചോദിതാൻ.
 തർപ്പയേത് സലിലൈഃശുദ്ധൈർദിനശോ ഗണനായകം
15. ചതുശ്ചത്വാരിംശദാധ്യം ചതുഃശ്ശതമതന്ദ്രിതഃ
 പ്രാപ്നുയാൻ.മണ്ഡലാദർവ്വാഗഭീഷ്ടമധികം നരഃ

സംസ്കൃതഭാഷ്യം

തർപ്പയേദിതി . ഗം ഗണേശം തർപ്പയാമീതി പ്രയോഗഃ ക്രമാഞ്ചതുഃശതമിതി.പ്രതിതിഥി ദ്രവ്യചതുഷ്ടയേന താവാൻഹോമഃ

മലയാളം ഭാഷ്യം

ദിനംപ്രതി സിദ്ധമന്ത്രം കൊണ്ട് ജലം അർപ്പിച്ച് ഗണനായകനെ പൂജിക്കുന്നു. ഗം ഗണേശം തർപ്പയാമി എന്ന് പ്രയോഗം. നാന്നൂറു പ്രാവശ്യം മന്ത്രം , നന്നാലു ഭാഗമായി ആജ്യം,പ്രതിതിഥി നാലു ദ്രവ്യത്താൽ 100, 100 വീതം

കാൽ, ആകെ 400 ഹോമം. ഒരു മണ്ഡലകാലം (41 ദിവസം) ചെയ്യുന്ന പക്ഷം സർവ്വാഭീഷ്ടപ്രാപ്തി.

16. നാരികേലൈ കൃതേ ഹോമശ്ചതുർത്ഥ്യാം ശ്രീപ്രദോ ഭവേത്
    ശുക്ലപക്ഷപ്രതീപാദകരഭ്യ ദിനശഃസുധീ
17. ചതുർത്ത്യന്തം നാരികേലസക്തുലാജതിലൈഃക്രമാത്
    ചതുഃശ്ശതം പ്രജുഹുയാദ്വശ്യാഃസ്യുഃസർവ്വജന്തവഃ

സംസ്കൃതഭാഷ്യം

വശ്യാ ഇതി. തത്ര വിശേഷഃ പ്രയോഗസാരനാരായണീയയോ.

സാദ്ധ്യം പാശാങ്കുശാഭ്യാമിഹ വിധിവദുപാനീയതസ്യോപരിസ്ഥോ വശ്യാകാംക്ഷി ജപേന്തം സപദി വിധിരയം ഹന്തിരുഷ്ടസ്യരോഷം ഇതി.

മലയാളം ഭാഷ്യം

ചതുർത്ഥിനാളിൽ,നാളികേരഹോമം ശ്രീപ്രദമാണ്. ശുക്ലപക്ഷപ്രതിപദം മുതൽ ചതുർത്ഥ്യന്തം നാളികേരം,ലാജം,തിലം ഇവ ഹോമിച്ചാൽ സർവ്വജന്തുക്കളും വശംവദരാവും.പ്രയോഗസാരത്തിലും നാരായണീയതന്ത്രത്തിലും ഇത് പറഞ്ഞിട്ടുണ്ട്. കോപമുള്ളവരുടെ കോപം തീർന്ന് അവര് പോലും മിത്രങ്ങളായി വശംവദരാവും.

18. സതിലൈസ്തണ്ഡുലൈർഹോമോ ലക്ഷ്മീവശ്യപ്രദോ ഭവേദ്
    ലാജൈസ്ത്രിമധുരോപേതൈർ ഹോമഃകന്യാം പ്രയച്ഛതി.
19. അനേനവിധിനാ കന്യാ വരമാപ്നോതി വാഞ്ഛിതം
    ആജ്യാക്തവിവിഷാഹോമഃസാധയേദീപ്സിതം നൃണാം
20. ദധ്നാവിലോലിതൈർല്ലോണൈർഹോമോ നിസി ചതുർദ്ദിനം
    സംവാദം കുരുതേ തദ്വശ്യം വിന്ദതേ സദാ

സംസ്കൃതഭാഷ്യം

സതിലൈരിതി. അത്രാപി ശുക്ലപ്രതിപദമാരഭ്യചതുർത്ഥ്യന്തം ചതുശ്ശതഹോമഃ .ലാജൈരിതി. അത്രാപി ശുക്ലപക്ഷപ്രതിപദമാരഭ്യ ചതുർത്ഥ്യന്തം ചതുശ്ശത

ഹോമഃതമേവ പ്രതിപദമാരഭ്യ സപ്തമീപര്യന്തമിതി വിശേഷഃ തദുക്തം-മധുരത്രയസിക്താഭിർല്ലാജാഭിഃസപ്തവാസരം ഇതി.അനേന വിധിനേതി. ഏതാദൃശേഷു സ്ത്രീണാമപ്യധികാര ഇതി.സൂചിതം.

മലയാളം ഭാഷ്യം

തിലം,തണ്ഡുലം,ഇവ ഹോമിച്ചാൽ ലക്ഷ്മീവശ്യപ്രദമാണ്. ലാജവും ത്രിമധുരവും കൊണ്ട് ഇഷ്ടകന്യകയെ ലഭിക്കും. ആജ്യം,ഹവിസ്സ് ഇവ ഹോമിച്ചാൽ ഏതാ ഗ്രഹവും സാധിക്കും. തൈരും ഉപ്പും ചേർത്ത് നാലുനാള് രാത്രി ദിനംപ്രതി ഹോമിച്ചാൽ തർക്കിക്കാന് വരുന്നവര് അപ്രത്യക്ഷരാവും (തർക്കം ഇല്ലാതാവും).ശുക്ലപക്ഷപ്രതിപദ തൊട്ട് സപ്തമി വരെ മധുരത്രയം, ലാജമെന്നിവ കൊണ്ട് ഹോമിക്കുന്ന വിധിയുണ്ട്. ഇപ്രകാരമുള്ള ഗണേശപൂജക്ക് സ്ത്രീകൾക്കും അധികാരമുണ്ട് എന്ന് എടുത്തു പറഞ്ഞിരിക്കുന്നു.

21. ശ്വേതാർക്കഭവമൂലേന രക്തചന്ദനദാരുണാ
    ഇഭഭഗ്നേന നിംബേന ദന്തിദന്തേന വാ കൃതം
22. വിഘ്നേശ്വരം സമഭ്യർച്ച്യ ശീതാംശുഗ്രഹണേ ജപേത്
    സ്പൃഷ്ടാ മന്ത്രീ നിരാഹാരസ്തം ശിഖായാം സമുദ്വഹൻ.
23. യുദ്ധേഷു വ്യവഹാരാദൌ വിജയശ്രിയമാപ്നുയാത്
    മന്ത്രേണാനേന സംജപ്താ രോചനാ മദസംയുതാ
24. തിലകക്രിയയാ സർവ്വാൻവശം നയതി മാനവാൻ,
    അനുലോമവിലോമസ്ഥബീജൈ നാമസമാലിഖേത്

സംസ്കൃതഭാഷ്യം

ചതുർദ്ദിനമിതി. പ്രതിപദാമാരഭ്യ ചതുർത്ഥീപര്യന്തം. സംവാദഃസംവനനം. ജപേദിതി.ഗ്രഹണാദിമോക്ഷാന്തം. മദോ ഗജമദഃ

മലയാളം ഭാഷ്യം

ശ്വേതാർക്കത്തിന്റെ വേർ,(താഴ്ത്തടി) രക്തചന്ദനം,ആന ഒടിച്ച നിംബം, ആന ക്കൊമ്പ് ഇവകൊണ്ടുണ്ടാക്കിയ വിഘ്നേശ്വരപ്രതിമയെ അർച്ചിച്ച്, ചന്ദ്രഗ്രഹ

ണാരംഭം തൊട്ട് ഗ്രഹണമോക്ഷം വരെ ഭജിക്കുക.ഉപവസിച്ച്,തൊട്ടിരുന്ന് ജപിച്ച് ശിഖയിൽ ഉദ്വാഹനം ചെയ്താല് യുദ്ധത്തിലും വ്യവഹാരാദികളിലും വിജയശ്രീ ലഭിക്കും. മന്ത്രം ജപിച്ച ഗോരോചനവും മൃഗമദവും ചേർത്ത് തിലകം തൊട്ടാൽ സകലരും വശീകരിക്കപ്പെടും.

25. നവനീതേ സമഭ്യർച്യ സ്പൃഷ്ട്വാ പ്രാണമനും ജപേത്
അഷ്ടോത്തരശതം ഭൂയോ മൂലമന്ത്രം പ്രജപ്യ തത്.

26. ഭക്ഷയേൻമൌനമാഖ്യായ യാമിന്യാം സപ്തവാസരം
സ വശ്യ ജായതേ ശീഘ്രം സാധകസ്യ ന സംശയഃ

സംസ്കൃതഭാഷ്യം

അനുലോമേതി. ബീജയോർമദ്ധ്യേ സാദ്ധ്യസാധകകർമ്മനാമാനി നവനീതേ ലിഖേത്. അനുലോമവിലോമേത്യനേന ബീജയോഃപുടിതത്വമാത്രമുക്തം. നവനീത ഇതി മൃതനേ. ബീജവേഷ്ടിതമിത്യപി ജ്ഞേയം. തദുക്തം-
നവനീതേ നവേ ലിഖ്യാദനുലോമവിലോമകം
ഉദരസ്ഥിതസാദ്ധ്യാഖ്യം തദ്ബീജം തത് പ്രവേഷ്ടിതം ഇതി.
നവനീത ഇത്യപലക്ഷണമപൂപാദേരപി. കാര്യോയം വിധിരപൂപേ ച ഇതി നാരായണീയേ ഉക്തേഃ സമഭ്യർച്ചേതി. സാദ്ധ്യഗണേശം. ഭൂയോനന്തരം അഷ്ടോത്തരശതമിതി മൂലമന്ത്രം പ്രജപ്യേത്യത്രാന്വേതി. തന്നവനീതം ഭക്ഷയേദിതി സംബന്ധഃ സപ്തവാസരമിതി. പ്രതിപദാദി സപ്തമീപര്യന്തമിത്യർത്ഥഃ തന്ത്രാന്തരോക്തം യന്ത്രത്രയമുച്യതേ.
അഷ്ടാരം പത്മമാലിഖ്യ കർണ്ണികോപരി തസ്യ ച
ഗൌരീം ബിന്ദുസമായുക്താം നാമ്നാസാർദ്ധം സമാലിഖേത്
പ്രാഗാദിദലമൂലേഷു മൂർത്തിബീജാന്യഥാലിഖേത്
കോണപത്രേഷു ചാഗ്നീശനിരൃത്യനിലസൌമ്യതഃ
ക്രമാദംഗാദ്യവർണ്ണാംശ്ച തതഃപത്രാഗ്രകേഷു ച
മാതൃശക്ത്യാദിവർണ്ണാംശ്ച തതഃ പത്മസ്യബാഹ്യതഃ
സ്വദിക്ഷു ലോകപാലാനാമാദ്വർണ്ണാനി സമാലിഖേത്
ബഹിഃഷഡശപത്രാഢ്യം തത്പത്രേഷു സ്വരാൻലിഖേത്
ശിഷ്ടം മാതൃകായാവേഷ്ട്യ പാശേനൈവാങ്കുശേന ച

തസ്മിന്നാവാഹ്യ ദേവേശം വിഘ്നം യന്ത്രേ സമർച്ചയേത്
ക്ഷൌമാദിസൂത്രേ സംബദ്ധ്യ ഗലേ യോ മൂർദ്ധ്നി ധാരയേത്
മേധാ മനോഗതാ കീർത്തിർവർദ്ധമാനാ സദാദിശി ഇതി.
പത്മമിത്യഷ്ടദലം. അഷ്ടാരമിതി തദുപരി. കർണ്ണികോപരി കർണ്ണികാമദ്ധ്യേ.
ഗൌരീ ഗകാരഃ മൂർത്തിർബീജാനീതി. ക്ഷിപ്രപ്രസാദനോക്താഷ്ടമൂർത്ത്യാ
ദ്യക്ഷരാണി. അംഗേതി പഞ്ചാംഗപക്ഷേ പഞ്ചമം സൌമ്യേ. മാതരം ഏവ
ശക്തയസ്തന്നാമാദ്യർണ്ണാൻ.സ്വദിക്ഷിദിസ്വസ്വദിക്ഷ്വഷ്ടാരേ. ശിഷ്ടം
മാതൃകയാ കകാരാദികയാ.തഥാ-
ഷഡ്കോണം പ്രവിലിഖ്യ തസ്യ ജഠരേ ബിന്ദ്വാദ്ധ്യപഞ്ചാന്തകം
നാമ്നാ ഭൂർജ്ജതരുത്വചി പ്രവിലിഖേദ് ഗോരോചനാദൂർവ്വയാ
ഏകാരാന്വിതകാലവർണ്ണാമഥ യുക് ദന്തേന ഗാന്തം തതഃ
ശക്രാർണ്ണം ശിരസാ വഹന്നപി വിധിദീർഘശ്ച പശ്ചാദ്രസഃ
മായാവായുസഖസ്യ മന്ത്രവരമാലിഖ്യാഥ കോണേഷു തദ്ബാഹ്യേ
പാശമഥാങ്കുശം പ്രവിലിഖേദ് ഭൂമണ്ഡലം ബാഹ്യതഃ
യന്ത്രം ഗന്ധമനോഹരൈശ്ച കുസുമൈരഭ്യർച്ച വിഘ്നേശ്വരം
യോ ദത്തേ ശിരസി ക്ഷണേന വിപുലാം ലക്ഷ്മീം ലഭേൻമാനവഃ ഇതി.
മേധോൽക്കായ സ്വാഹേതി മന്ത്രഃ തഥാ-
ബീജേന രം ദഹനയുഗ്മഗബീജവീതം
കോണേ ഗമാലിഖ്യ കലാവസുകേസരേബ്ജേ
ഗായത്രിവർണ്ണദലകേപ്യഥ കാദിവീതം
ഭൂബീജയുക്തക്ഷിതിഗൃഹേഖിലദം ഹി യന്ത്രം ഇതി.

മലയാളം ഭാഷ്യം

അനുലോമവിലോമമായി ബീജത്തോടെ നാമം എഴുതി വെണ്ണകൊണ്ട് അർച്ചിച്ച് ,തൊട്ടിരുന്ന് പ്രാണജപം ചെയ്ത് 108 തവണ മൂലമന്ത്രം ജപിച്ച് ഏഴുദിവസം രാപ്പകൽ മൌനമായിരുന്ന് , ഏഴുദിവസവും ആ വെണ്ണ ഭക്ഷിക്കുന്ന പക്ഷം ,സർവ്വരും ശീഘ്രത്തില് സാധകന്ന് വശംവദരാകുമെന്നതിന്ന് സംശയമില്ല. ബീജമദ്ധ്യത്തിൽ സാദ്ധ്യസാധകകർമ്മനാമങ്ങള് വെണ്ണയിലെഴുതണം. ഇരുവശവും ബീജത്താൽ പുടിതമായി ,അനുലോമവി

ലോമമായി മദ്ധ്യത്തില് സാദ്ധ്യനാമം അതിന്റെ ബീജത്താല് പ്രവേഷ്ടിതമായി (ചുറ്റപ്പെട്ടതായി) എഴുതണം. നാരായണീയത്തിൽ വെണ്ണക്കു പകരം അപൂപം (തേൻ) ഉപയോഗിക്കുന്നു, സാദ്ധ്യഗണേശനെയാണ് അർച്ചിക്കുന്നത്. പ്രതിപദം മുതൽ സപ്തമീപര്യന്തമുള്ള സപ്തവാസരം (ഏഴുദിനം) ആണ് പറഞ്ഞിരിക്കുന്നത്.

തന്ത്രാന്തരോക്തമായ യന്ത്രത്രയം

അഷ്ടദലപത്മകർണ്ണികയുടെ മുകളിൽ, മദ്ധ്യത്തിൽ, ഗൌരി (ഗകാരം) ബിന്ദു വോട്ടുകൂടി (ഗം) എഴുതുന്നു. കിഴക്കുമുതൽ ദലമൂലങ്ങളിൽ അന്യമൂർത്തിബീജ ങ്ങൾ,കോണപത്രങ്ങളിൽ അഗ്നി,ഈശാന,നിരൃതി,വായു മുതലായ കോ ണുകളിൽ ക്രമത്തിൽ അംഗാദ്യവർണ്ണങ്ങൾ, പത്രാഗ്രത്തിൽ മാതൃശക്തി മുതലായ വർണ്ണങ്ങൾ, പത്മപത്രത്തിനു പുറത്ത് സ്വസ്വദിക്കുകളിൽ ലോക പാലകരുടെ ആദ്യവർണ്ണങ്ങള് എഴുതുക. പുറത്തെ ഷോഡശദലപത്ര ത്തിൽ 16 സ്വരം. ബാക്കി മാതൃകകളാൽ ആവേഷ്ടിതമാക്കുക. പാശം, അങ്കുശം ഇവയേയും ആവാഹിച്ച് ദേവേശനായ വിഘ്നേശ്വരനെ യന്ത്ര ത്തിൽ അർച്ചിക്കുക.പട്ടുനൂലുകൊണ്ട് കഴുത്തിലോ മൂർദ്ധാവിലോ യന്ത്രം ധരിച്ച് കെട്ടിയാൽ ആ വ്യക്തിയുടെ ഹസ്തഗതയാണ് ലക്ഷ്മി. നാവിൽ സദാ വാണി കുടി കൊള്ളും. സർവ്വദിശയിലും സദാ അവരുടെ മേധ, മനോഗതം.കീർത്തി എല്ലാം വർദ്ധമാനമായി വരും.

അഷ്ടമൂർത്തികളുടെ ആദ്യാക്ഷരലിഖിതം ക്ഷിപ്രപ്രസാദനത്തിനാണ്. അംഗം പഞ്ചാംഗം, ഷഡംഗം എന്ന് രണ്ടുവിധമുണ്ട്. മാതൃക്കൾ ശക്തികളാണ്.അവരുടെ നാമത്തിന്റെ ആദ്യവർണ്ണം എഴുതണം. ബാക്കി മാതൃകകളെന്ന് കകാരാദികളെ പറയുന്നു.

ഷഡ്കോണമെഴുതി മദ്ധ്യത്തിൽ ബിന്ദുവോട്ടുകൂടി പഞ്ചാന്തം ഭൂർജ്ജപത്രത്തിലെഴുതുന്നു. ഗോരോചനം,കറുക, ഇവ കൊണ്ടെഴുതണം. ഏ എന്നു ചേർത്ത കാലവർണ്ണങ്ങള് യോജിച്ച് ദന്ത്യങ്ങള് ഗാന്തമായി,ഇന്ദ്രവർണ്ണം ശിരസ്സിൽ-ദീർഘങ്ങൾ,രസം(6),മായ,വായു,ആകാശം, എഴുതി കോണുകളിൽ-അതിനു പുറത്ത് പാശാങ്കുശം-അതിനു പുറത്ത്

ഭൂമണ്ഡലം.ഗന്ധമനോഹരമായഭൂയന്ത്രത്തിൽ പൂക്കളാല് വിഘ്നേശ്വരനെ അര്ച്ചിച്ച് ശിരസ്സിൽ ധരിച്ചാല് വിപുലമായ ലക്ഷ്മി ലഭിക്കും. മോധോൽക്കായ സ്വാഹാ എന്ന മന്ത്രം. ബീജത്താൽ രം, രണ്ട് അഗ്നിബീജം ഗം, കോണങ്ങളിൽ ഗ എഴുതി കലാവസുകേസരത്തില് ഗായത്രി. വർണ്ണം ദലത്തില് കാദി ,ഭൂബീജപൂർവ്വം ഭൂപുരം.ഈ യന്ത്രം അഖിലവും തരുന്നു.

27. ശ്രീശക്തിസ്മരഭൂവിഘ്നബീജാനി പ്രഥമം വദേത്
ഡേന്തം ഗണപതിം പശ്യദ്വാരാന്തേ വരദം പഠേത്

28. ഉക്ത്വാ സർവ്വജനമേതം വശമാനയ ഠദ്വയം
അഷ്ടാവിംശത്യക്ഷരോയം താരാധ്യോ മനുരീരിതഃ

29. ഗണകഃസ്യാദൃഷിശ്ഛന്ദോ ഗായത്രീനിവൃദന്വിതാ
മഹാഗണപതിഃപ്രോക്തോ ദേവതാദേവവന്ദിതാ

സംസ്കൃതഭാഷ്യം

മഹാഗണപതിമന്ത്രമുദ്ധരതി ശ്രീതി.ഭൂബീജമഗ്രേ വക്ഷ്യമാണം. വരദമിതി ശബ്ദകർമ്മണി ദ്വിതീയാ മന്ത്രേ തു സംബുദ്ധിഃസർവ്വജനമിതി മന്ത്രേപി ദ്വിതീയാന്തം. അത്ര കേചന യകാരം കീലകം മന്യമാനാ ഗണപതിപദം സംബുദ്ധ്യന്തമാഹുഃ ഇദം ഗ്രന്ഥകാരസ്യാപി സമ്മതമേവ. യതോ ദ്വാത്രിംശത് ഭേദഗുണിതേത്യത്ര ഗണേശിതുർമ്മഹാമന്ത്രമിത്യുക്ത്വാത്. അന്യേ വിഘ്നം ചതുർത്ഥ്യായുതമിത്യാചാര്യപദ്യേ വിഘ്നശബ്ദോമഹാഗണപതിപദോപലക്ഷക ഇത്യാഹുഃഏവമിഹാപി ഗണപതിശബ്ദഃയഥാ ഗുരൂപദേശം ച നിർണ്ണയഃ പത്മപാദാചാര്യേശ്ച. ദീക്ഷിതോ മന്ത്രീത്യനേന ചതുർത്ഥം പരിത്യജ്യ സംബുദ്ധി സ്വീകാരഃഇത്യുക്തം. മന്ത്രദേവപ്രകാശികാകാരാദിഭിരപി സംബുദ്ധ്യന്തസ്യൈവോദ്ധൃതത്വാത്. ഗം ബീജം സ്വാഹാ ശക്തിഃ തദുക്തം. ഷഷ്ഠം ബീജം ദ്വിഠഃ (ബീജാന്തജൌ)ശക്തിരിതി .

മലയാളഭാഷ്യം

മഹാഗണപതിമന്ത്രം- ശ്രീ ,ശക്തി,സ്മര,ഭൂ,വിഘ്ന ബീജങ്ങൾ ആദ്യം ഉച്ചരിക്കണം. ഡേന്തം ണ. ഗണപതിം. പിന്നീട് വരദം .സർവ്വജനങ്ങളേയും വശീകരിക്കുന്ന ഠദ്വയം(സ്വാഹാ).ആദ്യം താരത്തോട്ടുകൂടി 28 അക്ഷരമുള്ള മന്ത്രം. (താഴെ കാണുക)ഗം ബീജം സ്വാഹാ ശക്തി. ഓം ശ്രീം ഹ്രീം ക്ലീം ഗ്ലൌം ഗം ണം മഹാഗണപതയേ ഓം ഗം ശ്രീം ഗീം ഹ്രീം ഗൂം ക്ലീം ഗൈം ഗ്ലൌം ഗൈം ഗം ഗഃ സ്വാഹാ (28 അക്ഷരമുള്ള മന്ത്രം)

30. ഷഡ്ബീജസ്ഥസ്വബീജേന ഗീർഘഭാജാപ്രകല്പയേത്
ഷഡംഗാനി മനോരസ്യ യഥാവിധി വിധാനവിത്

സംസ്കൃതഭാഷ്യം

ഷഡംഗമാഹഷഡ്ബീജസ്ഥേതി. യഥാവിധീതി .തത്തജ്ജാതിയുതാനി ശൈവഷഡംഗമുദ്രാഭിരിതി ച. വിധാനവിധിത്യനേനായം പ്രയോഗഃ സൂചിതഃ

ഓം ഗം ഹൃത് ശ്രീം ഗീം ശിരഃ
ഹ്രീം ഗൂം ശിഖാ ക്ലീം ഗൈം വർമ്മഃ
ഗ്ലൌം ഗൈം നേത്രം ഗം ഗഃഅസ്ത്രം.
ഏഷ പക്ഷഃസാമ്പ്രദായികഃ കേചിത് പ്രണവാദി ബീജപഞ്ചകമുച്ചാര്യ ഗാമിത്യാദി പ്രയോഗേണ ഷഡംഗക്ലൃപ്തിം വദന്തി. അപരേ ഷഡ്ബീജാനാം പ്രാക് ഗാമാദീന്യാഹുഃ

മലയാളം ഭാഷ്യം

ആറ് ബീജസ്ഥമായി സ്വബീജത്തെ ഷഡ്ദീർഘങ്ങളോടെ കല്പിക്കണം. 28 അക്ഷരം ആറ് അംഗത്തിൽ ന്യസിക്കുന്ന വിധം-

ഓം ശ്രീം ഹ്രീം ക്ലീം ഗ്ലൌം ഗം ണം മഹാഗണപതയേ

ഓം ഗം ഹൃത്

ശ്രീം ഗീം ശിരഃ

ഹ്രീം ഗൂം ശിഖാ

ക്ലീം ഗൈം വർമ്മ

ഗ്ലൌം ഗൈം നേത്രം

ഗം ഗഃ (അസ്ത്രം)

സ്വാഹാ.

അഞ്ചാമത്തേത് (ഗ്ലൌം) ഭ്രൂബീജം. ഇത് 62ആം ശ്ലോകത്തിൽ പിന്നീട് പറയുന്നുണ്ട്.

31. നവരത്നമയം ദ്വീപം സ്മരേദിക്ഷുരസാംബുധൌ
    തദ്വീചിധൌതപര്യന്തം മന്ദമാരുതസേവിതം
32. മന്ദാരപാരിജാതാദി കല്പവൃക്ഷലതാകുലം
    തദ്ഭൂതരത്നഛായാഭിരരുണീകൃതഭൂതലം
33. ഉദ്യദ്ദിനകരേന്ദുഭ്യാമുദ്ഭാസിതദിഗന്തരം
    തസ്യമദ്ധ്യേ പാരിജാതം നവരത്നമയം സ്മരേത്
    ഋതുഭിഃസേവിതം ഷഡ്ഭിരനിശം പ്രീതിവർദ്ധനൈഃ

സംസ്കൃതഭാഷ്യം

നവരത്നമയം ദ്വീപമത്യാദേരയമർത്ഥഃ പൃഥിവ്യനന്തരമിക്ഷുസമുദ്രം നവരത്നമയം ഇതി. നവരത്നമയം പാരിജാതമിതി ന്യസേത്. ശേഷം സമാനം. നവരത്നമയമിതി. നവരത്നമയദ്വീപാമുത്പത്തേഃ പാരിജാതസ്യാപി നവരത്നമയത്വം. അന്യേ തു മാണിക്യമൂലം വൈഡൂര്യാങ്കുരം ഇന്ദ്രനീലശാഖം പ്രവാലപല്ലവം മരകതഛദം ഗോമേദശൃംഗം മൌക്തികകോരകം വജ്രപുഷ്പം പത്മരാഗഫലമിത്യാഹുഃ ഗണേശ്വരവിമർശിന്യാപി-
മണിവജ്രപ്രവാലാഢ്യഫലപ്രസവപല്ലവൈഃഇത്യാദി.

മലയാളം ഭാഷ്യം

കരിമ്പുരസസമുദ്രത്തിൽ നവരത്നമയദ്വീപം. അതിന്റെ വീചികൾ വരെ മന്ദ മാരുതനാൽ സേവിതമായ മന്ദാരം ,പാരിജാതം,കല്പവൃക്ഷം,ലതാദികൾ അവയുടെ രത്നച്ഛായയാൽ ചുവന്ന ഭൂതലം, ഉദിക്കുന്ന സൂര്യചന്ദ്രാരന്മാരുടെ പ്രഭ കൊണ്ട് വിളങ്ങുന്ന ദിഗന്തരങ്ങള്, അതിനു മദ്ധ്യത്തിൽ നവരത്നമയ മായ പാരിജാതം. ഷഡ്ഋതുക്കളാൽ സേവിതമായി സദാ പ്രീതി വർദ്ധിപ്പി ക്കുന്ന പ്രദേശം. നവരത്നമയമായ ദ്വീപത്തിലുണ്ടായ പാരിജാതവും നവരത്നമ യമാണ്.പാരിജാതത്തിന് മാണിക്യം വേര്, വൈഡൂര്യം അങ്കുരം, ഇന്ദ്ര നീലം ശാഖകൾ,പവിഴം തളിർ, മരകതം ഇല, ഗോമേദകം ശൃംഗം, വജ്രം പുഷ്പം, പത്മരാഗം പഴം. ഗണേശ്വരവിമർശിനി മണിവജ്രപ്രവാളങ്ങളാകുന്ന പഴവും പുഷ്പവും തളിരുമെന്ന് പറഞ്ഞിരിക്കുന്നു.

34. തസ്യാധസ്ഥാൻ മഹാപീഠേ രചിതേ മാതൃകാംബുജേ
ഷഡ്കോണാന്തസ്ത്രികോണസ്ഥം മഹാഗണപതിം സ്മരേത്.

സംസ്കൃതഭാഷ്യം

പീഠേ രചിത ഇതി വ്യധികരണേ സപ്തമ്യൌ. ഷഡ്കോണാന്തഃത്രികോണ സ്ഥമിതി . അത്രാധോമുഖം ത്രികോണം ഗ്രാഹ്യം. ഇദം ന മാതൃകാദലപത്മ കർണ്ണികായാമിതി ജ്ഞേയം.

മലയാളം ഭാഷ്യം

പാരിജാതത്തിനു താഴെയുള്ള പീഠത്തിൽ മാതൃകാപത്മത്തില് ഷഡ്കോണ ത്തിനകത്ത് ത്രികോണം. അധോമുഖത്രികോണമെന്ന് ഗ്രാഹ്യം. ആ ത്രികോ ണത്തിനകത്ത് മഹാഗണപതിയെ ധ്യാനിക്കുന്നു.

35. ഹസ്തീന്ദ്രാനനമിന്ദുചൂഡമരുണച്ഛായം ത്രിനേത്രം രസാ-
ദാശ്ലിഷ്ടം പ്രിയയാ സപത്മകരയാ സ്വാങ്കസ്ഥയാ സന്തതം
ബീജാപൂരഗദാധനുസ്ത്രിശിഖയുക് ചക്രാബ്ജപാശോത്പല-
വ്രീഹ്യഗ്രസ്വവിഷാണരത്നകലശാൻ ഹസ്തൈർവഹന്തം ഭജേ.

36. ഗണ്ഡപാലീഗലദ്ദാനപൂരലാലസമാനസാൻ
ദ്വിരേഫാൻ കർണ്ണതാലാഭ്യാം വാരയന്തം മുഹർമ്മുഹഃ

37. കരാഗ്രധൃതമാണിക്യകുംഭവക്ത്രവിനിഃസൃതൈഃ
രത്നവർഷൈഃ പ്രീണയന്തം സാധകാൻമദവിഹ്വലം
38. മാണിക്യമകുടോപേതം രത്നാഭരണഭൂഷിതം
ധ്യായൻമന്ത്രം ജപേൻമന്ത്രീ ചതുർലക്ഷം സമാഹിതഃ
39. ചതുഃസഹസ്രസംയുക്തം ചത്വാരിംശത് സഹസ്രകം
ദശാംശം ജുഹുയാദ് ദ്രവ്യൈരഷ്ടാഭിർമോദകാദിഭിഃ

സംസ്കൃതഭാഷ്യം

ഹസ്തീതി. ഹസ്തീന്ദ്രോ ഗജശ്രേഷ്ഠഃ സപത്മകരയാ വാമഹസ്തേ പത്മം ദക്ഷേണാലിംഗനം. ധനുരിക്ഷുധനുഃ ത്രിശിഖം ത്രിശൂലം. വാമാദ്യസ്താദ്ദക്ഷിണാധഃ പര്യന്തമായുധധ്യാനം. കനകകലശസ്തു ശുണ്ഡാഗ്രേ.തദുക്തം- വാമോർദ്ധ്വാദി ക്രമേണ-
ചക്രപ്രാസരസാലകാർമ്മുകഗദാസദ്ബീജപൂരദ്വിജ-
വ്രീഹ്യഗ്രോത്പലപാശപങ്കജകരം ശുണ്ഡാഗ്രജാഗ്രദ്വടം ഇതി.

മഹാഗണപതിസ്തവേപി വാമദക്ഷയോരൂർദ്ധ്വാദിക്രമേണ.
ചക്രാബ്ജശൂലപാശാനിക്ഷൂത്പലലഗുഡ്കലശമഞ്ജരികാഃ
ദാഡിമരദമണികുംഭാനാബിഭ്രതമാശ്രയേ മഹാഗണപം ഇതി

ദ്രാവിഡാസ്ത്വന്യഥാ വ്യാചക്ഷതേ. അധോ വാമദക്ഷയോരാദ്യേ. തദൂർദ്ധ്വയോർമദ്ധ്യേ. തദൂർദ്ധ്വയോരുപാന്ത്യേ. തദൂർദ്ധ്വയോരന്ത്യേ ഇതി. ഉക്തം ച ഗണേശ്വരവിമർശിന്യാം-

ദക്ഷാധഃകരമാരഭ്യ വാമാധഃസ്ഥകരാന്തികം
ഗദാശൂലാബ്ജകൽഹാരവിഷാണം ദക്ഷിണൈഃകരൈഃ
ശാല്യഗ്രപാശചക്രേക്ഷുചാപസദ്ബീജപൂരകം
വാമൈർദധാനം മഞ്ജീരവിലസച്ചരണാംബുജം
ലീലയാ രത്നകലശം പുഷ്കരാഗ്രേ നിധായ ച ഇതി.

അന്യേത്തു പ്രഥമധ്യാന ഏവ ബീജപൂരവ്യത്യയമിച്ഛന്തി. അന്യേ തു തദ്രദയോരേവ വ്യത്യസ്തമിച്ഛന്തി. തേന വാമദക്ഷയോ രദബീജപൂരൌ പ്രതിഭാതഃ മന്ത്രീതി. ദശാംശം പുഷ്ടിമന്ത്രജപ ഉക്തഃ സ ഗുരുമുഖാദവഗന്തവ്യഃ

മലയാളം ഭാഷ്യം

ധ്യാനം

ഹസ്തീന്ദ്രമുഖം. ചന്ദ്രക്കല ചൂടി,അരുണവർണ്ണമായി ത്രിനയനങ്ങളോടെ, രസത്തോടെ പത്മധാരിയായി സ്വന്തം മടിയിലിരിക്കുന്ന പ്രിയയെ സദാ ആശ്ലേഷിക്കുന്ന രൂപം. ബീജാപൂരം,വില്ല്, ത്രിശൂലം,ചക്രം,താമര,പാശം, ഉല്പലം,വ്രീഹി,സ്വന്തം കൊമ്പ്,രത്നകലശം ഇവ ധരിച്ച കരങ്ങൾ. (10 കയ്യും തുമ്പിക്കയ്യും). ഇപ്രകാരം ധ്യാനിക്കുന്നു. സാധകരെ രത്നവർഷം ചെയ്ത് പ്രീണിപ്പിക്കുന്ന ലീലയിൽ വ്യാപൃതനാണ്. ദേവി വിഹ്വലയാണ്. വാക്കിനെ ദാനം ചെയ്യുന്നതിലും അത് കേൾക്കുന്നതിലും തല്പരനാണ്. (വിദ്യാദാനം, ശ്രുതി) അതിന്റെ സൂചകമായി രണ്ട് രേഫം കർണ്ണങ്ങളില് പനയോലയായി ധരിച്ചിരിക്കുന്നു.കരാഗ്രത്തിലെ മാണിക്യകുംഭമുഖത്തുനിന്നാണ് രത്നവർഷം. മാണിക്യമകുടധാരിയാണ്. രത്നാബരണഭൂഷിതനാണ്. ധ്യാനിച്ച് സമാഹിതനായി, നാലുലക്ഷം നാമം ജപിച്ച് 4000, ദശാംശം ഇപ്രകാരം അഷ്ടദ്രവ്യവും മോദകവും ഹോമിക്കണം.

ആയുധധ്യാനം-ഇടത്തുമുതൽ വലത്ത് താഴത്തെ കൈ വരെ ആയുധധ്യാനം. കനകകലശം തുമ്പിക്കൈയ്യറ്റത്ത്. വാമോർദ്ധ്വാദിക്രമത്തില് ചക്രം,പ്രാസരം, ബാല,കാർമ്മുകം,ഗദ,സജീബീജപൂരം,കൊമ്പ്,വ്രീഹി, ഉല്പലം, പാശം,പങ്കജം. തുമ്പിക്കയ്യിൽ ഘടം.

മഹാഗണപതിസ്തവത്തിൽ വാമദക്ഷിണക്രമത്തില് ഊർദ്ധ്വാദിക്രമം- ചക്രം , താമര,ശൂലം,പാശം,കരിമ്പ്,ഉല്പലം,ലഡു,കലശം,മഞ്ജരി,ദാഡിമം,ശംഖ്,മണികുംഭം. ദ്രാവിഡക്രമത്തിൽ- താഴത്തെ ഇടത്തെ കൈ മുതല് വലത്തുവശം വരെ ആദ്യം. മറ്റൊന്ന് അതിന്റെ ഊർദ്ധ്വം മുതല് ആരംഭിക്കുന്നത്. മദ്ധ്യം

മുതലാരംഭിക്കുന്നത്. ഊർദ്ധ്വത്തിന്റെ ഉപാന്ത്യം മുതൽ,ഊർദ്ധ്വത്തിന്റെ അന്ത്യം മുതൽ ആരംഭിക്കുന്നത്.

ഗണേശ്വരവിമർശിനിയിൽ:-വലത്ത് താഴത്തെ കൈതൊട്ട് ഇടത്ത് താഴ ത്തെ കൈവരെ. ഗദ,ശൂലം,താമര,കൽഹാരം,കൊമ്പ്,ഇടത്ത് ശാലി,പാശം, ചക്രം,കരിമ്പ്,ചാപം,ബീജാപൂരം. ചരണാംബുജങ്ങളിൽ മഞ്ജീരം. ലീലയോടുകൂടി പുഷ്കരാഗ്രത്തിൽ ധരിച്ച രത്നകലശം. ദശാംശം പുഷ്ടിമന്ത്രം പറഞ്ഞിരിക്കുന്നു. ഇത് ഗുരുമുഖത്തുനിന്ന് കേട്ടറിയുക.

40. തർപ്പയേദ്ദിനശോ നിത്യം പ്രാഗുക്തേനൈവ വത്മനാ
പ്രാഗുക്തേപൂജയേത് പീഠേ വിധിനാ ഗണനായകം

സംസ്കൃതഭാഷ്യം

പ്രാക് പ്രോക്തേനിതി. ചതുഃശ്ശതം ചതുശ്ചത്വാരിംശദ്വാരമിത്യർത്ഥഃ പ്രാഗുക്തേ പീഠേ ഇതി. പൂർവ്വമന്ത്രോക്താഃപീഠശക്തയഃപീഠമന്ത്രാശ്ചാത്രാപി ജ്ഞേയാ ഇത്യർത്ഥഃഗണനായകം പൂജയേദിതി ത്രികോണ ഇതി ശേഷഃ വിധിനേതി വക്ഷ്യമാണേന. യന്ത്രം തു ധ്യാനാവസര ഏവോക്തം. സാവരണമിതി ശേഷഃ

മലയാളം ഭാഷ്യം

നിത്യവും തർപ്പണം ചെയ്ത് മുൻപറഞ്ഞ കവചത്തോടെ പീഠത്തില്,വിധിപോ ലെ പൂജിക്കുക. ചതുഃശതം ചതുശ്ചത്വാരിംശമെന്നു പറഞ്ഞ വിധിയിൽ.പീഠശ ക്തികളോടും പീഠമന്ത്രത്തോടുംകൂടി സാവരണം യന്ത്രത്തിൽ വിധിപ്രകാരം ധ്യാനിക്കുക.

41. ത്രികോണബാഹ്യേ പൂർവ്വാദിചതുർദിക്ഷു സമർച്ചയേത്
അഗ്രസ്ഥബില്വവൃക്ഷാധഃശ്രിയം ശ്രീപതിമർച്ചയേത്
42. പത്മയുഗ്മധരാ പത്മാ ശംഖചക്രധരോ ഹരിഃ
ദക്ഷിണോ വടവൃക്ഷാധോ ഗൌരീം ഗൌരീപതീം യജേത്
43. പാശാങ്കുശധരാ ഗൌരീ ടങ്കശൂലധരോ ഹരഃ
പശ്ചിമേ പിപ്പലാസ്യാധോ രതിം രതിപതിം യജേത്

44. രതിരുത്പലഹസ്താഢ്യാ കോദണ്ഡാസ്ത്രധരഃസ്മരഃ
സൌമ്യേ പ്രിയംഗുവൃക്ഷാധോ മഹീം പോത്രിണമർച്ചയേത്

45. ശുകവ്രീഹ്യഗ്രഹസ്താഭൂർഗദാചക്രധരഃപതിഃ
ദേവാഗ്രേ പൂജയേല്ലക്ഷ്മീസഹിതം ഗോപനായകം

46. ഷഡ്സു കോണേഷു സംപൂജ്യാ ആമോദാദ്യാഃപ്രിയാന്വിതാഃ
ആമോദം സിദ്ധിസഹിതമഗ്രകോണേ സമർച്ചയേത്

47. സമൃദ്ധ്യാ യുതമഭ്യർച്ചേത് പ്രമോദം വഹ്നികോണതഃ
സുമുഖം കാന്തിസംയുക്തമീശകോണേ സമർച്ചയേത്

48. ദുർമ്മുഖം മദനാവത്യാ യജേദ്ദരുണകോശകേ
വിഘ്നം മദദ്രവായുക്തം കോണേ നൈശാചരേ യജേത്

49. വായവ്യേ വിഘ്നഹർത്താരം ദ്രാവിണ്യാസഹിതം യജേത്
പാശാങ്കുശാഭയാഭീഷ്ടധാരിണോരുണവിഗ്രഹഃ

50. ഗണ്ഡഭിത്തിഗലദ്ദാനപൂരധൌതമുഖാംബുജാഃ
വിഘ്നാസ്തത് പ്രമദാഃസർവ്വാ മദാഘൂർണ്ണിതലോചനാഃ

51. ഏകഹസ്തധൃതാംബോജാ ഇതരാലിംഗിതപ്രിയാഃ
ഷഡ്കോണപാർശ്വയോഃപൂജ്യൌ ശംഖപത്മനിധീക്രമാത്

52. നിജപ്രിയാഭ്യാം സഹിതൌ പൂർവ്വാദീരിതലക്ഷണൌ
കേസരേഷ്വംഗപൂജാ സ്യാദ് ബ്രാഹ്മ്യാദ്യാഃപത്രമദ്ധ്യഗാഃ

53. ബഹിർല്ലോകേശ്വരാഃപൂജ്യാ വജ്രാദീനി തതഃപരം
ഇത്ഥം ജപാദിഭിഃസിദ്ധഃപ്രയോഗാൻസ്വമനീഷിതാൻ

54. സാധയേദഷ്ടഭിർദ്രവ്യൈരന്യൈർവാ കല്പചോദിതൈഃ
പത്മഹോമേന ഭൂപാലാം സ്തത് പതീരുത്പലൈഃശുഭൈഃ

സംസ്കൃതഭാഷ്യം

പഞ്ചമിഥുനപൂജാമാഹ ത്രികോണേതി. ടങ്കഃപരശുഃ ഉത്പലയുക്തൌ ഹസ്തൌ താഭ്യാമാഢ്യാ. അസ്ത്രം ബാണഃപോത്രിണാം വരാഹം. വഹ്നികോണതഃഇതി. പുരഃകല്പിതപൂർവ്വദിഗപേക്ഷയാ യോ വഹ്നികോണസ്ഥത്രേത്യർത്ഥഃ ഏവ

മീശകോണ ഇത്യത്രാപി.ഏവം പശ്ചിമനൈരൃതവായുകോണേഷ്വപി ജ്ഞേയം.തദുക്തമാചാര്യൈഃ-

അഗ്രാസ്ത്വാവാമോദഃപ്രമോദസുമുഖൌച തമഭിതോസ്ത്വിയുഗേ
പൃഷ്ഠേ ച ദുർമ്മസ്വാഖ്യസ്ത്വമുമഭിതോവിഘ്നവിഘ്നകർത്താരൌ ഇതി.
വിഘ്നാ ഇതി പൂർവ്വേണസംബദ്ധ്യതേ.പൂർവ്വാദീരിതേത്യഷ്ടമപടലേ
.ഏതദന്തദ്വിതീയാവൃത്തി.

മലയാളം ഭാഷ്യം

ത്രികോണത്തിനു പുറത്ത് നാലു ദിക്കിൽ കിഴക്കുമുതൽ, അർച്ചിക്കേണ്ടത്. അഗ്രസ്ഥമായി ബില്വവൃക്ഷച്ചുവട്ടിൽ ശ്രീപതിയെ ശ്രീയോടുകൂടി. പത്മ(ശ്രീ) രണ്ടു പത്മം ധരിച്ചവളും ഹരി ശംഖചക്രം ധരിച്ചവനും. ദക്ഷിണഭാഗത്ത് വട വൃക്ഷച്ചോട്ടിൽ ഗൌരീപതിയെ ഗൌരിയോടുകൂടി. ഗൌരി പാശാങ്കുശങ്ങളും ഹരൻ ടങ്കവും ശൂലവും ധരിച്ചിരിക്കുന്നു. പടിഞ്ഞാറ് പിപ്പലവൃക്ഷച്ചോട്ടിൽ രതിപതിയെ രതിയോടുകൂടി. രതി ഉല്പലങ്ങൾ ധരിച്ചവളും രതിപതി കരിമ്പു വില്ലും പുഷ്പബാണവും ധരിച്ചവനും. സൌമ്യത്തിൽ വരാഹമൂർത്തിയെ മഹി (ഭൂമി)യോടൊപ്പം. ശുകവും വ്രീഹിയും(നെല്ല്) ധരിച്ച് ഭൂമി. ഗദയും ചക്രവും ധരിച്ച് ധരാപതിയായ ഹരി(വരാഹം). ദേവാഗ്രത്തിൽ ലക്ഷ്മിയും ഗോപനായകനായ കൃഷ്ണനും. ഇതാണ് പഞ്ചമിഥുനപൂജ.കോണുകളിലെ മിഥുനങ്ങൾഇപ്രകാരം-

ആമോദവും സിദ്ധിയും-അഗ്രകോൺ.

പ്രമോദവും സമൃദ്ധിയും അഗ്നികോൺ

സുമുഖവും കാന്തിയും ഈശാനകോണ്

ദുർമ്മുഖവും മദനാവതിയും വരുണകോൺ.

വിഘ്നവും മദദ്രവയും നിശാചരകോൺ.വിഘ്നഹർത്താവും ദ്രാവിണിയും വായവ്യകോൺ.

പാശം,അങ്കുശം,അഭയവരദമുദ്ര ധരിച്ച് അരുണവിഗ്രഹരായി, ഗണ്ഡഭിത്തി ഗലദ്ദാനപൂരധൌതമുഖാംബുജരായി, എല്ലാവരും മദഘൂർണ്ണിതലോചനരായിട്ടാണ് വിഘ്നേശ്വരന്റേയും തന്റെ പ്രമദകളുടേയും രൂപം.ഒരു കയ്യിൽ താമര, മറുകയ്യിൽ പ്രമദയെ ആലിംഗനം ചെയ്യുന്നു.ആറു കോൺപാർശ്വത്തിലും ശംഖപത്മനിധികൾ ക്രമത്തില് പൂജിക്കപ്പെടുന്നു. പ്രിയാസഹിതം മുൻപറഞ്ഞ ലക്ഷണങ്ങളോടെ കേസരത്തിൽ അംഗപൂജ. പത്രമദ്ധ്യത്തിൽ ബ്രാഹ്മി മുതലായ മാതൃകകള്.പുറത്ത് ലോകപാലർ,അിനുപുറത്ത് അവരുടെ വജ്രാദിആയുധങ്ങൾ.അഷ്ട ദ്രവ്യം,പത്മം എന്നിവ ഹോമിച്ചാൽ രാജാക്കന്മാരും ഉല്പലം ഹോമിച്ചാൽ രാജപത്നിമാരും വശീകരിക്കപ്പെടും. ത്രികോണങ്ങളിലെ പഞ്ചമിഥുനപൂജ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. ആചാര്യൻ ആമോദ,പ്രമോദ, സുമുഖ,ദുർമ്മുഖ,വിഘ്ന,വിഘ്നകർത്താ(വിഘ്നഹർത്താവിനു പകരം) എന്നാണ് പറഞ്ഞിരിക്കുന്നത്.

55. മന്ത്രിണാഃകുമുദൈഃഫുല്ലൈർവിപ്രാൻപിപ്പലസംഭവൈഃ
സമിദ്ധ്വരൈർന്നരപതീനുദുംബരസമുദ്ഭവൈഃ

56. പ്ലക്ഷൈർവശ്യാൻവടോദ്ഭൂതൈഃശൂദ്രാൻമന്ത്രീവശംനയേത്
മധുനാ സ്വർണ്ണലാഭാഃസ്യാദ്ഗോദുഗ്ദ്ധേന ലഭേത ഗാഃ

57.ആജ്യഹോമേന മഹതീം ശ്രിയമാപ്നോതിമാനവഃ
ദധ്നാസർവ്വസംമൃദ്ധിഃസ്യാദന്നേരന്നപതിർഭവേത്

സംസ്കൃതഭാഷ്യം

പത്മഹോമേന ഭൂപാലാനിത്യാദേർമന്ത്രീവശംനയേദിത്യാദിനാ സംബന്ധഃ മന്ത്രീത്യനേന സർവ്വപദസ്ഥാനേ സാദ്ധ്യനാമേത്യുക്തം സമിദ്വരൈരിതി. അഗ്രേപി ത്രിഷു സംബദ്ധ്യതേ.

മലയാളം ഭാഷ്യം.

വിടർന്ന കുമുദവും പിപ്പലവും കൊണ്ട് വിപ്രന്മാരും,ഉദുംബരം കൊണ്ട് രാജാക്കന്മാരും,പ്ലക്ഷത്താൽ വൈശ്യരും വടവൃക്ഷം കൊണ്ട് ശൂദ്രരും വശീകൃതരാവുന്നു. മധുഹോമം കൊണ്ട് സ്വർണ്ണം ലഭിക്കും. പാൽ ഹോമിച്ചാൽ ധാരാളം പശുക്കളുണ്ടാവും.ആജ്യഹോമത്താൽ മഹത്തായ ശ്രീ

ലഭിക്കും. തൈർ സർവ്വസമൃദ്ധിക്കാണ്. അന്നം ഹോമിച്ചാൽ അന്നപതി യാവും.പത്മഹോമം കൊണ്ട് രാജാവാകും.

58. വൃഷ്ടികാമഃപ്രജുഹുയാത് വേതസാനാം സമിദ്ധ്വരൈഃ
കുസുംഭകുസുമൈർഹുത്വാ വാസാംസി ലഭതേ അചിരാത്

സംസ്കൃതഭാഷ്യം

വൃഷ്ടീതി. അത്ര സ്വബീജാനന്തരമമൃതബീജം ജ്ഞേയം.

മലയാളം ഭാഷ്യം

മഴ ലഭിക്കണമെന്നുള്ളവർ വേതസം ഹോമിക്കണം. കുസുംഭപുഷ്പഹോമം നല്ല വസ്ത്രങ്ങൾ ലഭിക്കാനാണ്. സ്വബീജാനന്തരം അമൃതബീജം ഉച്ചരിച്ചാണ് വൃഷ്ടി കാമമുള്ളവർ ഹോമിക്കേണ്ടത്.

59. പ്രത്യേകമാദൌ മൂലേന ചതുർവാരം പ്രതർപ്പയേത്
ശ്രീശക്തിരതിഭ്രലക്ഷ്മീഃസ്വബീജാദ്യാഃപ്രിയാന്വിതാഃ

സംസ്കൃതഭാഷ്യം

ചതുരാവർത്തിതർപ്പണപ്രകാരമാഹ പ്രത്യേകമിതി ത്രിഭിഃ.ആദൌ മൂലേന ചതുർവാരം പ്രതർപ്പയേത്. പ്രത്യേകമിത്യസ്യായമർത്ഥഃ യാ യാ ദേവതാ തർപ്പണോയാ തത്ര തത്രാദൌ മൂലേന ചതുർവ്വാരം ചതുർവ്വാരം തർപ്പണം കർത്തവ്യം.സ്വബീജാദ്യാ ഇതി. സ്വസ്വബീജാദ്യാഃപ്രിയാന്വിതാഃപ്രത്യേകം തർപ്പയേദിതി സംബന്ധഃ

മലയാളം ഭാഷ്യം

ചതുരാവൃത്തിതർപ്പണപ്രകാരം പറയുന്നു.ആദ്യം മൂലമന്ത്രത്താൽ നാലുവാരം തർപ്പണം. പ്രത്യേകം എന്ന് ഇതിനെ പറഞ്ഞിരിക്കുന്നു. ഏതേതു ദേവതക്കാ ണോ തർപ്പണം ആ ദേവതയുടെ മൂലമന്ത്രം ആദ്യം ഉച്ചരിച്ച് നാലുവാരം, നാലു വാരം വീതം തർപ്പണം ചെയ്യണം.സ്വസ്വബീജാദ്യാ എന്നും പ്രിയാന്വിതമെന്നും പറകയാൽ ദേവതക്കും പ്രിയതമക്കും പ്രത്യേകം പ്രത്യേകം തർപ്പണം അർപ്പി

ക്കണം. ശ്രീ,ശക്തി,രതി,ഭൂദേവി,ലക്ഷ്മി എന്നീ ബീജങ്ങൾ അതാതിന്റെ പ്രിയ ന്മാരോടുകൂടി തർപ്പിക്കപ്പെടുന്നു.

60. ആമോദാദീൻ സ്വബീജാദ്യാന് ശക്തിയുക്താംശ്ച തർപ്പയേത്
ചതുശ്ചതുഃപൃഥക് മന്ത്രീ ശംഖപത്മനിധീ തഥാ
61. നാമാദിബീജസഹിതൌ തർപ്പയേത് സ്വപ്രിയാന്വിതൌ
തർപ്പണേനാമുനാ സ്വീയമിഷ്ടമാപ്നോതി മണ്ഡലാത്

സംസ്കൃതഭാഷ്യം

സ്വബീജാദ്യാനിതി ഗണപതിബീജാദ്യാൻ. യഥാ ചതുർവ്വാരം സപ്രിയാന്വിതാ വിതി വസുധാരാവസുമതീസഹിതൌ. തദ്യഥാ. മൂലമന്ത്രേണ മഹാഗണപതീം തർപ്പയാമിതി ചതുർവ്വാരം സന്തർപ്പ്യ ശ്രീം ശ്രീശ്രീപതി തർപ്പയാമീതി ചതു ർവ്വാരം സന്തർപ്പയേത്. അത്ര ലക്ഷ്മീശബ്ദേന പഞ്ചമക്രമമിഥുനം സംഗൃഹീതം പൂജാക്രമവിവക്ഷയാ. തദുക്തമാചാര്യൈഃസ്തവേ-
പഞ്ചകാരണഭേദേന യസ്മാൻ മിഥുനപഞ്ചകം
കരോതി പഞ്ചകൃത്യാനി തദാദ്യം മിഥുനം ഭജേത് ഇതി. അന്യത്രാപി-
പ്രഥമം പൂജയേദ്ദേവം തതോമിഥുനപഞ്ചമം. ഇതി-അന്യത്രാപി
ന്യാസാവസാരേ-

ശിരോവക്ത്രഹൃദംബോജഗുഹ്യവത് സ്വപിപഞ്ചകം
മിഥുനാനാം ന്യസേത് സ്വീയൈർബീജൈഃസ്വൈർനാമഭിഃപൃഥക് ഇതി.
ഏവം ത്രയോദശദേവതാനാം തർപ്പണാനി ഭവന്തി. ത്രയോദശവാരം മൂലത ർപ്പണാനി. സർവ്വാന്തേ മൂലേന ചതുർവ്വാരം തർപ്പണം.
ഏവമഷ്ടോത്തരശതംതർപ്പണാനി ഭവന്തി.അയം കനിഷ്ഠഃപ്രകാരഃ പത്മപാദാ ചാര്യൈഃ കനിഷ്ഠപ്രകാരേ
ചതുർവ്വിംശത്യധികൈകശതതർപ്പണാന്യുക്താനി.തദ്യഥാ. മൂലം 4 മഹാഗ ണപം 4 മൂലം 4 പുഷ്ടിം 8 പഞ്ചമിഥുനാനി 40 ആമോദാദി 64 മൂലം 4 ഏവമിതി. മദ്ധ്യമപ്രകാരസ്തു പ്രിയാന്വിതാ ഇതി വ്യസ്ത തർപ്പണേന. തത്ര വ്യസ്തത്വം മൂലേ പ്രിയാന്വിതാഃശക്തിയുക്താനിത്യുക്തേർലഭ്യതേ. തദ്യഥാ. മൂലം ചതുർവ്വാരം

സന്തർപ്പ്യ ശ്രീം ശ്രീപതിംസഹിതാം ശ്രിയം തർപ്പയാമിതി ചതുർവ്വാരം പുനഃ ശ്രീംശ്രീസഹിതം ശ്രീപതിം തർപ്പയാമിതി ചതുർവ്വാരം തർപ്പയേത്. ഏവം ഷഡ്വിംശതി ദേവതാതർപ്പണാനി ഷഡ്വിംശതിവാരം മൂലതർപ്പണാനി ച അന്തേ മൂലേന ചതുർവ്വാരം തർപ്പണം സർവ്വാദൌ ച മൂലേന സ്വതന്ത്രതയാ ചതുർവ്വാരം തർപ്പണം. ഏവം ഷോഡശോത്തരാ ദ്വിശതീതർപ്പണാനാം ഭവതി. ഉത്തമപ്രകാരസ്തു പ്രത്യേകമാദൌ വക്ഷ്യമാണ തർപ്പണാനാമിതി ശേഷഃ ചതുർവ്വാരം തർപ്പയേദാദാവന്തേ ചിത്യർത്ഥഃ മൂലേന പ്രത്യർണ്ണമിത്യർത്ഥഃ മൂലമന്ത്രസ്യാക്ഷരാണി പ്രത്യേകം തർപ്പയേത്.തദ്യഥാ. ആദൌ മൂലം 4 പ്രഥമാക്ഷരം 4 പുനർമൂലം 4 ഏവമഷ്ടാവിംശതി വാരം മൂലതർപ്പണാനി ച അന്തേചതുർവ്വാരം മൂലേന. ഏവം ദ്വിശതീഅഷ്ടാവിംശതിവാരം മൂലതർപ്പ ണാനി ച അന്തേ ചതുർവ്വാരം മൂലേന. ഏവം ദ്വിശതീഅഷ്ടാവിംശത്യധികാ തർപ്പണാനാം. തതോ മദ്ധ്യമപ്രകാരവദേച്ച ദ്വിശന്തീ ഷോഡശോത്തരാ. ഏവം ചതുശ്ചത്വാരിംശദധികം ചതുഃശതം തർപ്പണാനി ഭവന്തി. തദുക്തം ഗണേശ്വരവിമർശിന്യാം-

സർവ്വാഭീഷ്ടപ്രദാം വക്ഷ്യേ ചതുരാവർത്തിതർപ്പണം
ഏകാന്തേ വിജനേ രമ്യേ സർവ്വോപദ്രവവർജ്ജിതേ
കൃതസ്നാനാദികോ മന്ത്രീ പൂർവ്വവന്യാസസംയുതഃ
തഡാഗമദ്ധ്യേമഹാപത്മം തരുണാദിത്യസന്നിഭം
സമുന്നതം സുഗന്ധാഢ്യം രമണീയം മനോഹരം
സദ്യോവികസിതം ധ്യായേൻമന്ത്രീപൂർവ്വോക്തമന്ത്രവിത്
ശുദ്ധരജതസോപാനപംക്ത്യാഭരവിമണ്ഡലാത്
വിനിർഗത്യാവരുഹ്യാഥ കർണ്ണികാമദ്ധ്യസംസ്ഥിതം
ഇതിധ്യാത്വാ സാവരണം മഹാഗണപതിം സുധിഃ
പ്രവരൈർഗന്ധകുസുമൈഃസമഭ്യർച്ച്യാഥ പൂർവ്വവത്
നിധായ പുഷ്കരമുഖം സാധകേന്ദ്രസ്യ മൂർദ്ധ്നി
വർഷന്തം രത്നധാരാഭിർധ്യാത്വാദേവസ്യ മൂർദ്ധ്നി
ചന്ദ്രചന്ദനകാശ്മീരകസ്തൂരീലോലിതൈർജലൈഃ
പ്രഥമം മൂലമന്ത്രേണ ചതുർവ്വാരം പ്രതർപ്പ്യ ച

മിഥുനാനി ച ഷഡ്വിഘ്നാന് ശംഖപത്മനിധീ അപി
സ്വസ്വബീജാധികൈർമന്ത്രീ സ്വാഹാന്തൈശ്ച ചതുശ്ചതുഃ
മൂലമന്ത്രം ചതുർവ്വാരപൂർവ്വദാ തർപ്പയേത് പൃഥക്
സംഖ്യയാഷ്ടോത്തരശതം കനിഷ്ഠഃസ്യാദയം ക്രമഃ
അഥവാ മൂലമന്ത്രാദ്യൈർവ്വ്യസ്തൈരേതൈശ്ച പൂർവ്വവത്
മന്ത്രൈർവാ തർപ്പയോദ്വിദ്വാനർച്ചനോക്തപ്രകാരതഃ
മദ്ധ്യക്രമോയം സംഖ്യയദ്വിശതം ഷോഡശോത്തരം
അഥവാ മൂലമന്ത്രേണ ചതുർവ്വാരം പ്രതർപ്പ്യ ച
പൂർവ്വമന്ത്രാക്ഷരൈര് മന്ത്രൈഃസ്വാഹാന്തൈശ്ച ചതുശ്ചതുഃ
മൂലമന്ത്രം ചതുർവ്വാരപൂർവ്വകം സംപ്രതർപ്പ്യ ച
മിഥുനാദീംസ്തതഃപശ്ചാത് പൂർവ്വവത് സംപ്രതർപ്പയേത്
ഭവേത് സംഖ്യ സ ചതുശ്ചത്വാരിംശച്ചതുഃശതം
ഏവം ജ്യേഷ്ഠക്രമഃപ്രോക്തോ സുധൈരാംഗദപാരഗൈഃ
ഏവം സന്തോഷ്യതർപ്പശ്ചാത് പൂർവ്വവത് സോപചാരകൈഃ
സർവ്വാഭീഷ്ടം ച സംപ്രാർത്ഥ്യ പ്രണമ്യോദ്വാസയേത് സുധീഃ
യ ഏവം തർപ്പയേന്നിത്യം മണ്ഡലാത് സകലം ലഭേത്
അനാവൃഷ്ട്യാം ഭയേ ഘോരേ രാജചോരാധ്യുപദ്രവേ
മഹാജ്വരേ വിവാദേ ച മഹാദാരിദ്ര്യസങ്കടേ
വിവാഹാദിഷു കാര്യേഷു സർവ്വേഷു ച വിശേഷതഃ
ഏവം വൈ തർപ്പണം കുര്യാൻമാനവേന്ദ്രഃപ്രസന്നധീഃ
മഹാഗണേശ്വരഃപ്രീതോ മഹാസമ്പത്കരോ ഭവേത് ഇതി.

അന്യേതു ലക്ഷ്മീശബ്ദേന ശക്തിമത്പ്രാധാന്യമിതി വദന്തി. മന്ത്രോദ്ദേശക്രമോ വിവക്ഷിതഃ തന്മതേ പ്രഥമം വിംശതിവാരം തതോഷ്ടാവിംശതി മന്ത്രാക്ഷരൈഃ താവത്കൃത്വോ മൂലേന ഏതദന്തം ചതുർവ്വാരം മൂലേന തതശ്ചതുർവിംശതി ദേവതാ തർപ്പണാനി താവത് കൃത്വോ മൂലതർപ്പണാനി തദന്തേ മൂലേന ചതുർവ്വാരം. ഏവം ചതുഃശതചതുശ്ചത്വാരിംശത്തർപ്പണാനി ഭവന്തി. തദുക്തം രഹസ്യപടലേ മൂലനാരായണീയേ-

വിംശത്സംഖ്യം തർപ്പയിത്വാ തു പൂർവ്വം മന്ത്രൈർവർണ്ണവേദവാരം ദ്വിഠാന്തൈഃ
മദ്ധ്യേ മദ്ധ്യേതർപ്പയേദ്വിഘ്നരാജം ലക്ഷ്മ്യാദീനാം തർപ്പണം ചൈവമേവ ഇതി.
അന്യത്രാപി- പ്രഥമം വിംശതിവാരം മിഥുനാനാം വിഘ്നഷഡ്ശക്തീനാം
പ്രത്യേകം നിധിശക്ത്യോശ്ചതുരാവൃത്ത്യാ ച മൂലേന
മൂലാത്മകവർണ്ണാനാമേവം സന്തർപ്പിതേ ച നിശിതധിയാ
സ ചതുശ്ചത്വാരിംശശ്ചതുഃശതം സംഖ്യയാഭവേദേവം ഇതി
യേതു മഹാഗണപതിശബ്ദം താവത് കൃത്വോ മൂലേന
ഷഡ്വിംശതിമിഥുനതർപ്പണം. താവത് കൃത്വോ മൂലാന്തേ മൂലേന ചതുർവ്വാരമിതി
സംഖ്യാപൂർത്തിമാഹു. യോതു ഗണപതിപദം സംബുദ്ധ്യന്തമാഹുഃ തേ മൂലം 4
മഹാഗണപതിം 4 മൂലം 4 പുഷ്ചിം 4 തതോക്ഷരതർപ്പണം താവൻമൂലേന
പൂർവ്വവന്മിഥുനാദിതർപ്പണം അന്തേ മൂലേനേതി സംഖ്യാപൂർത്തിമാഹുഃ
ത്രിംശദക്ഷരേ തു അക്ഷരമൂലതർപ്പണാനി അന്തേ 4 മൂലേ 4 മൂലേനേതി 244
തതോ മിഥുനാഷ്ടകേനാന്തേ മൂലേനേതി 6 തത ആമോദാദീനാമന്തേ മൂലേനേ
തി 132. ഏവം സംഖ്യാപൂർത്തിജ്ഞേയാ. യോ തു ശ്രീമഹാഗണപതിശബ്ദം
സംബുദ്ധ്യാന്തം വശം ശബ്ദസ്യ ച ഹിത്വമാഹുഃതേ ദ്വാത്രിംശദക്ഷരം തർപ്പണം
താവത് കൃത്വോ മൂലേന ബീജപൂരാദ്ധ്യേകാദശഭിഃ 88 മിഥുനചതുഷ്ടയ ഷഡ്വിഘ്ന
നിധിദ്വയേന കനിഷ്ഠോക്തകാരേണ താവത് കൃത്വോമൂലേനാന്തേ ച ചതുർവ്വാ
രം മൂലേനേത്യാഹുഃ ബീജാപൂരാദിമന്ത്രാസ്തു-

ബീജാപൂരംഗദാചേക്ഷുകാർമ്മുകം ച ത്രിശൂലയുക്
ചക്രാബ്ജപാശോല്പലാനി കലമാഗ്രംവിഷാണയുക്
ഡേന്താഛരത്നകലശേം ഏദന്താഃപ്രണവാദികാഃ
ഗം ബീജാദ്യാദികാഃപഞ്ചശ്രീബീജാദ്യാദികാഃപുനഃ
ഷഡ്ബീജാദ്യോന്തിമശ്ചൈതേ വക്ഷ്യമാമാപദാദികാഃ
യഥാക്രമം മഹാവിഘ്ന3യുധാനാം മനവഃസ്മൃതഃ
ബീജാപൂരാദയഃപഞ്ചവിലോമേന ഗം ബീജാദ്യാനി ഗം ഗ്ലൌം ക്ലീം ഹ്രീം ശ്രീം
ബീജാനി ആദൌ യേഷാം തഥാ. പുനഃരത്യാദയഃപഞ്ചക്രമേണ ശ്രീബീജാദ്യാഃ
ശ്രീമിത്യാദി പഞ്ചബീജാദികാഃഅന്തിമോ രത്നകലശഃ പ്രണവാദിഷൺബീജാദ്യ
ഇത്യർത്ഥഃ മന്ത്രകലാ ശക്തി സപ്രാണാ ത്രിഗുണാഃ കാലചക്രലയക്ഷയൌ ച

വ്യാപ്തിരക്തിഭ്രസ്വത്രൂപം വിദ്യാത്രൈലോക്യമാത്മനേയുക്തം. ഇതി. പത്മപാദാചാര്യാസ്ത്വന്യഥാ ചതുരാവൃത്തിതർപ്പണമാഹുഃതദ്യഥാ. ദശധാ ഭിന്നേന മൂലമന്ത്രേണ ബീജപൂരാധ്യേകാദശഭിർമഹാഗണപതി ക്ഷിപ്രസാദന തദുക്ത വിഘ്നാദ്യഷ്ടനാമയുതേന ഗണപതയ ഇത്യസ്മാത്പൂർവ്വം മൂലമന്ത്രേണ ചതുർവിംസതിദേവതാശ്ച ഏവം പഞ്ചപഞ്ചാശദ്ദേവതാതർപ്പണാനി താവന്തി മൂലേന അന്തേ ചതുർവ്വാരം മൂലേനേതി ചതുഃശതം ചതുശ്ചത്ത്വാരിംശത്. പ്രയോഗസാരേ തു-

അഷ്ടാവിംശതിരക്ഷരാണി ദശഭിർഉക്തം ചതുർഭിഃപദൈഃ
പശ്ചാത് പഞ്ജരമാദികാംശ്ച ഗണപാൻ ഷഡ്ദ്വൌനിധീ തർപ്പയേത്
പ്രത്യേകം മന്ദനാമുനാ ച ചതുരാവൃത്ത്യാ വിഭോർമസ്തകേ
ധ്യാത്വാ രത്നമയം മഹാഗണപതിം ഭക്തപ്രസന്നം സുധീഃ ഇതി.

മലയാളം ഭാഷ്യം

ആമോദാദി സ്വബീജാദ്യം അവരവരുടെ ശക്തികളോടെ തർപ്പിക്കപ്പെടുന്നു. പിന്നീട് ശംഖപത്മനിധികൾക്കും ഇതേപോലെ ചതുരാവർത്തിതർപ്പണം. ഇപ്രകാരം നാമാദിബീജസഹിതം സ്വപ്രിയാന്വിതരായി ദേവതാതർപ്പണം ചെയ്താൽ ഒരു മണ്ഡലം കൊണ്ട് ഇഷ്ടപ്രാപ്തി. സ്വബീജം ഗണപതിബീജം. സ്വപ്രിയാന്വിതം വസുധാരാ,വസുമതിസഹിതം. മൂലമന്ത്രത്താൽ മഹാഗണപതിം തർപ്പയാമി എന്ന് നാലു വാരം തർപ്പണം. ശ്രീം ശ്രീശ്രീപതിം തർപ്പയാ മി എന്ന് നാലുവാരം. ലക്ഷ്മീശബ്ദത്താൽ പഞ്ചമക്രമത്തിലെ മിഥുനം പറയപ്പെട്ടുന്നു.ആചാര്യസ്തവത്തിൽ പഞ്ചകാരണഭേദത്താല് മിഥുനപഞ്ചകം ചെയ്ത് പഞ്ചകൃത്യങ്ങൾക്ക് ഓരോരോ മിഥുനത്തെ ആദ്യമാക്കി ഭജിക്കണം. ആദ്യം പ്രധാനദേവത. പിന്നെ മിഥുനപഞ്ചകം. ശിരസ്സ്,മുഖം,ഹൃദയം,ഗുഹ്യം,പാദം ഇവിടെ പഞ്ചമിഥുനത്തെ സ്വബീജം,സ്വനാമബീജം,സഹിതം ന്യസിക്കുക. ഇപ്രകാരം 13 ദേവതകളും തർപ്പണം ചെയ്യുന്നു.ത്രയോദശവാരത്തിലും മൂലതർപ്പണം ചെയ്യുന്നുണ്ട്.ഒടുവിൽ മൂലത്താല് 4 വാരം തർപ്പണം. ഇപ്രകാരം അഷ്ടോത്തരശതം തർപ്പണം ഭവിക്കുന്നു. ഇത് കനിഷ്ഠപ്രകാരമാണ്. പത്മപാദർഃ- കനിഷ്ഠപ്രകാരത്തില് 100നോട് 24 കൂട്ടിയതിലധികം തർപ്പണം

ഭവിക്കുന്നു എന്ന് പറയുന്നു.എങ്ങനെ. മൂലം 4, മഹാഗണപതി 4, മൂലം 4, പുഷ്ടി 8, പഞ്ചമിഥുനങ്ങൾ 40, ആമോദാദി 64, മൂലം 4 – ആകെ 128. ഇത് 124ൽ അധികം.

മൂലം 4 വാരം ശ്രീം ശ്രീപതിസഹിതം ശ്രിയം തർപ്പയാമി.
മൂലം 4 വാരം ശ്രീം ശ്രീസഹിതം ശ്രീപതിം തർപ്പയാമി
ഇപ്രകാരം ഷഡ്വിംശതിദേവതകൾക്ക് ഷഡ്വിംശതിവാരം മൂലതർപ്പണം. ഒടുവിൽ നാലു വാരം മൂലതർപ്പണം. ആദ്യത്തിലും 4 വാരം സ്വതന്ത്രമായി മൂലതർപ്പണം. അങ്ങനെ വരുമ്പോൾ,ഷോഡശോത്തരാദ്വിശതി തർപ്പണം ആദ്യം. ഉത്തമപ്രകാരം ഇപ്രകാരം പ്രത്യേകം പ്രത്യേകം ചെയ്യുന്നതാണ് എന്ന് സമ്പ്രദായം.. ആദ്യം മൂലം 4, ആദ്യാക്ഷരം 4,മൂലം 4, ഇപ്രകാരം 28 വർണ്ണ ത്തിനും തർപ്പണം. 28 വാരം മൂലതർപ്പണം. ഒടുവിൽ 4 വാരം വീണ്ടും മൂലത ർപ്പണം. ദ്വിശതിഅഷ്ടാവിംശതിയിലധികം തർപ്പണം. ഇത് മദ്ധ്യമപ്രകാരം. ഇപ്രകാരം ചതുശ്ചത്വാരിംശദ് അധികം ചതുഃശതം തർപ്പണങ്ങള് സംഭവി ക്കുന്നു.

ഗണേശ്വരവിമർശിനിഃ-

ചതുരാവൃത്തിതർപ്പണം സർവ്വാഭീഷ്ടപ്രദമാണ്. ഏകാന്തവും വിജനവും ഉപദ്രവരഹിതവുമായ സ്ഥാനത്ത്,കുളി മുതലായവ കഴിഞ്ഞ്, ന്യാസം ചെയ്ത് തടാകമദ്ധ്യത്തിൽ പൂത്ത നളിനീവനമദ്ധ്യത്തില് ഉദയസൂര്യസമമായി ഉയ ർന്നതും സുഗന്ധാഢ്യവും മനോഹരവും നന്നായി വിടർന്നതുമായ മഹാപത്മം കല്പിക്കുക.ശുദ്ധരജതസോപാനപംക്തികളുള്ള മണ്ഡലത്തിൽകർണ്ണികാമദ്ധ്യ ത്തിൽ ആവരണങ്ങളോടെ മഹാഗണപതിയെ ധ്യാനിക്കുക. സുഗന്ധപുഷ്പങ്ങ ളാലർച്ചിച്ച്,പുഷ്കരമുഖം സാധകന്റെ മൂർദ്ധാവിൽവെച്ച് അതിലെ രത്നകുംഭ ത്തിൽനിന്ന് രത്നധാര വർഷിക്കുന്നതായി കല്പിക്കുന്നു. ദേവമൂർദ്ധാവിലും സ്വമൂ ർദ്ധാവിലും ആനന്ദവർഷം സങ്കല്പിക്കണം. ചന്ദ്രചന്ദനകാശ്മീരകസ്തൂരീജല ത്താൽ, മൂലമന്ത്രത്താൽ, 4 വാരം തർപ്പണം ചെയ്യുക. മിഥുനങ്ങൾ,6 വിഘ്നങ്ങ ൾ,ശംഖപത്മനിധികൾ ഇവരെ സ്വസ്വബീജാദി,സ്വാഹാന്തം നാലുവാരം വീതം മൂലമന്ത്രത്തോടെ തർപ്പിക്കുക.അഷ്ടോത്തരശതം കനിഷ്ഠക്രമം ഉണ്ടാവുന്നു.

അഥവാ മൂലമന്ത്രം ആദ്യമായി വെവ്വേറെ മുൻപറഞ്ഞ പ്രകാരം തർപ്പിക്കുക. ദ്വിശതം ഷോഡശോത്തരം മദ്ധ്യമക്രമം ഉണ്ടാവുന്നു.അഥവാ മൂലമന്ത്രത്താൽ, 4 വാരം അർച്ചിച്ച് പൂർവ്വമന്ത്രാക്ഷരത്തിന്റെ ഓരോ അക്ഷരം സ്വാഹാന്തം 4, 4 വീതം ആജ്യ മൂലമന്ത്രത്തോടെ തർപ്പിക്കുക. മിഥുനാദികളെ പൂർവ്വവത് തർപ്പിക്കുക. ചതുശ്ചത്വാരിംശചതുഃശതം എന്ന് ഉത്തമമായ ജ്യേഷ്ഠക്രമം ഉണ്ടാവുന്നു എന്ന് വേദപാരംഗതരായ ബുധന്മാർ പറഞ്ഞിരിക്കുന്നു. ഷോഡശോപചാരങ്ങളാൽ സന്തുഷ്ടരാക്കുക ഒരു മണ്ഡലം നിത്യം ഇങ്ങനെ തർപ്പിച്ചാല് സകലവും ലഭിക്കും. അനാവൃഷ്ടി,ഘോരഭയം,രാജാവ്,കള്ളന്മാർ ഇവരുടെ ഉപദ്രവം ,മഹാജ്വരം,വിവാദം,മഹാദാരിദ്ര്യം,സങ്കടം,വിവാഹാദികാര്യങ്ങളിലെ വിഘ്നങ്ങൾ ഇവയെല്ലാം നീങ്ങും. മഹാഗണേശ്വരപ്രീതിയാൽ, മഹാസമ്പത്കരനും പ്രസന്നധീയുമായി ഭവിക്കും.ലക്ഷ്മീശബ്ദത്താൽ ശക്തിയുടെ പ്രാധാന്യമാണ് പറയുന്നത്. മന്ത്രോദ്ദേശക്രമം- ആദ്യം 20 ആജ്യ, 28 മന്ത്രാക്ഷരം. മൂലമന്ത്രത്തോടെ 4 വാരം , 24 ദേവതാതർപ്പണം. മൂലതർപ്പണത്തോടെ ചെയ്ത് മൂലത്താൽ അവസാനം 4 വാരം –ഇങ്ങനെ ക്രമം.

മൂലനാരായണീയതന്ത്രം രഹസ്യപടലം-

20 സംഖ്യ തർപ്പിച്ച് മന്ത്രവർണ്ണപൂർവ്വം 4 വാരം ദ്വിഠാന്തമായി മദ്ധ്യേ മദ്ധ്യേ വിഘ്നരാജം തർപ്പിക്കുക. ലക്ഷ്മ്യാദികൾക്കും ഇപ്രകാരം തർപ്പണം. ആദ്യത്തെ 20 വാരം മിഥുനങ്ങൾ,വിഘ്നം,ഷഡ്ശക്തികൾ,പ്രത്യേകം നിധിശക്തികൾ, ചതുരാവൃത്തി,മൂലത്തോട്ടുകൂടി,മൂലാത്മകവർണ്ണങ്ങളെ ഇപ്രകാരം നിശിതമായ ഏകാഗ്രബുദ്ധിയോടെ സന്തർപ്പണം ചെയ്യുക. ഇപ്രകാരം ചതുശ്ചത്വാരിംശശ്ചതുഃശതം സംഖ്യ സംഭവിക്കുന്നു. മഹാഗണപതിശബ്ദം-29 അക്ഷരം തർപ്പണമായി, മൂലത്താൽ ഷഡ്വിംശതിമിഥുനതർപ്പണം ചതുർവ്വാരം ചെയ്യുമ്പോള് സംഖ്യാപൂർത്തി വരുന്നു.മൂലം 4, മഹാഗണപതിം 4, മൂലം 4, പുഷ്ടിം 4, 28 അക്ഷരതർപ്പണം മൂലത്തോടെ , മിഥുനാദിതർപ്പണം, ഒടുവിൽ മൂലം –അക്ഷരമൂലതർപ്പണം കഴിയുമ്പോൾ, 244. മിഥുനാഷ്ടകാന്തം മൂലം 68 ,ആമോദാദിമൂലാന്തം 132.

32 അക്ഷരതർപ്പണം ,മൂലത്താൽ ബീജാപൂരാദി ഏകാദശം, 44. മിഥുനം 88, അതിന്റെ ചതുഷ്ടയം 352. 6 വിഘ്നം , 2 നിധി, 360. ചതുർവ്വാരം 360നെ 4 കൊണ്ടു ഗുണിച്ച 1440.

ബീജാപൂരാദിമന്ത്രം-

ബീജാപൂരം,ഗദ,കരിമ്പുവില്ല്,ത്രിശൂലം,ചക്രം,താമര,പാശം,ഉല്പലം,അമൃതകലശം, കൊമ്പ് ധരിച്ച് ഢേന്താഛ രത്നകലശം പ്രണവാദികം, ഗം ബീജാദ്യാദികം ,പഞ്ചശ്രീബീജാദികം, ഷഢ്ബീജാദ്യം, യഥാക്രമം മഹാവിഘ്നായുധങ്ങളോടെ ഹൃദയത്തിൽ ധ്യാനിക്കുക.ബീജാപൂരാദയഃ- പഞ്ചവിലോമപ്രകാശത്തിൽ ഗം ഗ്ലൌം ക്ലീം ഹ്രീം ശ്രീം ബീജങ്ങൾ. പിന്നെ രത്യാദികൾ പഞ്ചക്രമേണ ശ്രീം ബീജം ആദ്യമായിട്ട്. ഒടുവിൽ രത്നകലശം. പ്രണവാദി .ആകെ ഷഢ്ബീജം. ഓം ഗം ഗ്ലൌം ക്ലീം ഹ്രീം ശ്രീം

മന്ത്രകലാശക്തി പ്രാണസഹിതം ത്രിഗുണയാണ്. കാലചക്രലയക്ഷയത്തിലും വ്യാപ്തി,രക്തി,ഭൃസ്വരൂപം ത്രൈലോക്യം വിദ്യാരൂപത്തിൽ ആത്മാവില് ലയിച്ചി രിക്കയാണ്. പത്മപാദാചാര്യർ ഈ ലയം സൃഷ്ടിക്രമത്തെ ചതുരാവർത്തിത ർപ്പണം സൂചിപ്പിക്കുന്നതായി കരുതുന്നു.10 പ്രാവശ്യം ഭിന്നമായി മൂലമന്ത്രത്താ ൽ, ബീജാപൂരാദി ഏകാദശം പ്രാവശ്യം.മഹാഗണപതിമന്ത്രം ക്ഷിപ്രപ്രസാദത്വ മുള്ളതാണ്.വിഘ്നാദി അഷ്ടനാമമുള്ള ഗണപതിമാരെ ഇപ്രകാരം മൂലമന്ത്രത്താ ൽ 24 ദേവത,പഞ്ചപഞ്ചാശദ്ദേവതാതർപ്പണം,ഒടുവിൽ മൂലത്താല് ചതുർവ്വാ രം ചതുഃശതം(400) ചതുശ്ചത്വാരിംശം തർപ്പിക്കുന്നു.പ്രയോഗസാരത്തിൽ, 18 അക്ഷരം,14 പദം,ആദ്യപഞ്ജരത്തിൽ ഗണപതി, 6 പേർ,2 നിധി,തർപ്പിക്കുക. ചതുരാവർത്തി പ്രത്യേകം തർപ്പിച്ച് വിഭുവിന്റെ മസ്തകത്തില് രത്നമയമായി മഹാഗണപതിയെ ധ്യാനിക്കുക. (സ്വമസ്തകത്തിലും) മഹാഗണപതി ഭക്തപ്ര സന്നനാണ്. സദാ ഭക്തരിൽ പ്രസന്നനാണ്.

62. സ്മൃതിസ്ഥം മാംസമൌബിന്ദുയുക്തം ഭൃബീജമീരിതം

സംസ്കൃതഭാഷ്യം

ഭ്രബീജമുദ്ധരതി സ്മൃതീതി. മാംസം ലകാരഃസ്മൃതിസ്ഥം ഗകാരസ്ഥം ശ്രീസ്വരൂപം ബിന്ദുശ്ച ഏതദ്യുക്തഃതേന ഗ്ലൌം ഇതി.

മലയാളം ഭാഷ്യം

സ്മൃതിസ്ഥം ഗകാരസ്ഥം .മാംസം ലകാരം.ശ്രീസ്വരൂപം ബിന്ദുയുക്തം ഗ്ലൌം

63. ബീജം ഷഡ്കോണമദ്ധ്യേസ്സ്മരദനലപുരേ താരഗംദിക്ഷുലക്ഷ്മീം
മായാകന്ദർപ്പഭ്രമീസ്ഥദന്തരസപുടേഷ്വാലിഖേത് ബീജഷഡ്കം
64. ആവീതംലിപിഭിഃക്രമോത്ക്രമവശാത് പാശാങ്കുശഭ്യാമപി
ക്ഷ്മാഗേഹദ്വിതയേന വേഷ്ടിതമിദം യന്ത്രം ഗണാധീശിതു
ലാക്ഷാകുങ്കുമരോചനാ മൃഗമദൈർഭൂർജ്ജേവരേ ഹേമ്നി വാ
65. ഉക്തം മഹാഗണപതേർവിധാനം സുരപൂജിതം
സർവ്വസിദ്ധികരം പുംസാം സമസ്തപുരുഷാർത്ഥദം

സംസ്കൃതഭാഷ്യം

തത്സന്ധിഷംഗമന്ത്രാൻ വസുദലകമലേമൂലമന്ത്രസ്യവർണ്ണാന് ശിഷ്ടാൻപത്രേ ഷു വിദ്വാൻവിലിഖതുഗണശശ്ചാന്ത്യമന്ത്യേ പലാശേ. സംലിഖ്യാഭിവഹന് ലഭേ ത സകലൈഃസംപ്രാർത്ഥനീയാം ശ്രിയം.യന്ത്രമാഹ ബീജമിതി. വസുദലകമ ലേ അഷ്ടേദലപത്മേ ഷഡ്യന്ത്രമാഹ .ഷഡ്കോണമദ്ധ്യേ സ്മരദനലപുരേ ലസത് ത്രികോണേ താരഗം പ്രണവസ്ഥം ബീജം ഗണപതിബീജം ഗമിതി ലിഖേദിത്യന്വയഃദിക്ഷുത്രികോണാദ്ബഹിഃഅഗ്രാദീതി ജ്ഞേയം. രസപുടേഷു. ഷഡ്സുകോണേഷു. ബീജഷഡ്കം മന്ത്രാദ്യം. തസ്യ അഗ്രാദിഷഡ്കോണസ്യ സന്ധഷു അംഗമന്ത്രാൻ മഹാഗണപതേഃഷഡംഗമന്ത്രാൻ. പത്രേഷു മന്ത്രസ്യ ദ്വാവിംശതിവർണ്ണാന് ശിഷ്ടാന് ഗുണശസ്ത്രിശഃഅന്ത്യം വർണ്ണമഷ്ടമേദല ഏക മേവ ലിഖേത്. തതഃക്രമോത്ക്രമലിപിഭിർവ്വേഷ്ടയേത്. തതഃപാശാങ്കുശാഭ്യാം വേഷ്ടയേത്. പത്മപാദാചാര്യേസ്തു- അഷ്ടപദാന്യഷ്ടപത്രേ വിലിഖ്യ തദ്ബഹി ർവൃത്തത്രയേ മാതൃകാപാശാങ്കുശാന് വിലിഖ്യ തദ് ബഹിർഭൂപുരദ്വയേ പാശ

മായാബീജേ ലിഖേത് ഇത്യുക്തം ലാക്ഷാ അലക്തകരസഃകുങ്കുമം കാശ്മീരകം .രോചനാ ഗോരോചനാ. മൃഗമദഃകസ്തൂരി.

മലയാളം ഭാഷ്യം

ഷഡ്കോണമദ്ധ്യത്തിൽ അഗ്നിപുരത്തിൽ ബീജം പ്രണവസ്ഥമായി എഴുതുക. ഗം ബീജം. ദിക്കുകളിൽ ത്രികോണത്തിനുപുറത്ത് അഗ്രത്തില് ലക്ഷ്മി,മായ, കന്ദർപ്പ,ഭൂമി .രസപുടത്തില് (6 കോൺ)ബീജഷഡ്കം. അതിന്റെ അഗ്രത്തിൽ ഷഡ്കോണുകളുടെ സന്ധികളില് മഹാഗണപതിയുടെ ഷഡംഗമന്ത്രം. വസുദലകമലത്തിൽ മൂലമന്ത്രവർണ്ണങ്ങൾ,മറ്റു പത്രങ്ങളിൽ മറ്റു (ബാക്കി)വർണ്ണങ്ങൾ. അവസാനവർണ്ണം അഷ്ടമദലത്തില് വരണം. ഇപ്രകാരം ലിപികളാൽ ക്രമവേഷ്ടിതമാക്കുക. പിന്നീട് ക്രമ,ഉത്ക്രമമായി പാസം,അങ്കുശം ഇവയാൽ വേഷ്ടനം.പത്മപാദാചാര്യർഃ- അഷ്ടപദങ്ങള് അഷ്ടപത്രങ്ങളിലെഴുതി അതിന്റെ പുറത്തെ വൃത്തത്രയത്തിൽ മാതൃകാപാശാങ്കുശവർണ്ണങ്ങളെഴുതി പുറത്തെ രണ്ടു ഭൂപുരത്തിൽ പാശമായാബീജങ്ങളെഴുതുക. ക്ഷ്മാഗേഹം ഭൂപുരം. രണ്ടു ഭൂപുരങ്ങളാല് വേഷ്ടിതമായ ഗണേശീ(ഗണാധീശീ) യന്ത്രം ലാക്ഷ,കുങ്കുമം,ഗോരോചനം,മൃഗമദം ഇവകളാൽ ഭൂർജ്ജപത്രത്തിലോ സ്വർണ്ണത്തിലോ എഴുതി ധരിച്ചാൽ പ്രാർത്ഥിച്ച സർവ്വശ്രീയും ലഭിക്കുന്നതാണ്.സുരപൂജിതമായ ഈ മഹാഗണപതീവിധാനം സർവ്വസിദ്ധികരമാണ്. സമസ്തപുരുഷാർത്ഥപ്രദവുമാണ്.

66. മായാവിരിപദദ്വന്ദം തതോ ഗണപതിം വദേത്
ഖഡ്ഗീശപാവകൌപശ്ചാദ്വരദാന്തേ വദേത് പുനഃ
67.സർവ്വലോകം മേ പദാന്തേ വശമാനയ ഠദ്വയം
ഷഡ്വിംശത്യക്ഷരോമന്ത്രോ ഭജതാം സുരപാദപഃ
68. ഗണകഃസ്യാദൃഷിഛന്ദോ ഗായത്രം ദേവതാ മനോഃ
വിരിവിഘ്നേശ്വരഃപ്രോക്തോ ഭജതാം സർവ്വകാമദഃ

സംസ്കൃതഭാഷ്യം

വിരിഗണപതിമന്ത്രമാഹ മായേതി. ഖഡ്ഗീയോ ഖഃപാവകോ രേഫഃ ഹൃല്ലേഖാ ബീജം സ്വാഹാ ശക്തിഃ കേചന വരേത്യാദിപഞ്ചാക്ഷരാണി ലോകമിതി ച ഹിത്വാ ഏകോനവിംശത്യക്ഷരമാഹുഃഅസ്യ നിവൃഛന്ദഃ അന്യത് പൂർവ്വവത്. കേചന ലോകപദേജനപദം പഠന്തി. അന്യേ വിരിത്യാദൌ മഹാഗണപതി ബീജഷഡ്കം പ്രയോജനന്തി.

മലയാളം ഭാഷ്യം

വിരിഗണപതിമന്ത്രം- ഖഡ്ഗീശന് വ. പാവക രേഫം. ഹൃല്ലേഖാബീജം. സ്വാഹാശക്തി. ഠദ്വയം സ്വാഹാ. വരാദി പഞ്ചാക്ഷരങ്ങളാൽ സർവ്വലോകം. 19 അക്ഷരം. ഛന്ദസ് നിവൃച്. ലോകപദത്തിന് ജനപദമെന്ന് പഠിക്കണം. സ്വാഹാ ചേർന്ന് 26 അക്ഷരമായും ജപിക്കാം. ഋഷി ഗണകൻ, ഛന്ദസ് നിചൃത്ഗായത്രി, ദേവത വിരിവിഘ്നേശ്വരൻ. പ്രയോജനം സർവ്വകാമപ്രാപ്തി. വിരി എന്നതിനുപകരം മഹാഗണപതിബീജഷഡ്കം ചിലർ പ്രയോഗിക്കുന്നു.

69. അന്തഃകരണവേദേഷു ഭൂതപഞ്ചവിലോചനൈഃ
ഏവം വിഭക്തൈർമന്ത്രാർണ്ണൈര് മായാദ്യൈരംഗകല്പനാ.

സംസ്കൃതഭാഷ്യം

മഹാഗണപതേഃപ്രോക്തേസ്ഥാനേ മന്ത്രീ വിചിന്തയേത്. ഷഡംഗമാഹാന്തരിതി. അന്തകരണാനി ചത്വാരി വേദാശ്ചത്വാര ഇഷവഃപഞ്ചഭൂതാനി പഞ്ചലോചനേദ്വേ .ദ്വിതീയസ്യഷട്പദൈഃഷഡംഗം. തൃതീയസ്യ മഹാഗണപതിമന്ത്രവത്.

മലയാളം ഭാഷ്യം

അന്തഃകരണങ്ങൾ 4, വേദം 4,ഇഷ്ടി 4, ഭൂതം 5 ,ലോചനം 2. ആകെ 19 അക്ഷരം. ഇപ്രകാരം വിഭജിച്ച മന്ത്രവർണ്ണങ്ങളില് മായാദ്യമായി അംഗ കല്പന.

70. സിന്ദൂരാഭമിഭാനനം ത്രിനയനം ഹസ്തേഷുപാശാങ്കുശൌ
ബിഭ്രാണം മധുമത് കപാലമനിശം സാർദ്ധേന്ദുമൌലിം ഭജേ
പുഷ്ട്യാശ്ലിഷ്ടതനും ധ്വജാഗ്രകരയാ പത്മോല്ലസദ് ഹസ്തയാ
തദ്യോന്യാഹിതപാണിമാത്തവസുമത് പാത്രോല്ലസത് പുഷ്കരം

71. ചതുർല്ലക്ഷം ജപേൻമന്ത്രം തദ്ദശാംസം ഹുതക്രിയാ
പ്രാക്പ്രോക്തൈരഷ്ടഭിർദേവൈ്യസ്ത്രിമധ്വക്തൈഃസമീരിതാ

സംസ്കൃതഭാഷ്യം

പുഷ്കരം കരിഹസ്താഗ്രം ധ്യാനേതു ദക്ഷേ പാശഃവാമേ അങ്കുശഃഅധോദക്ഷേ മധുമത് കപാലം. അധോവാമഃപ്രിയായോന്യാഹിതഃ തദ്വത് പുഷ്ടിരപി ചതുർഭുജാ. തത്ര ദക്ഷവാമയോഃ പത്മേ.പത്മോല്ലസദ് ഹസ്തയേത്യത്ര പത്മാഭ്യാം ഉല്ലസന്തൌ ഹസ്തൌയസ്യാഃ സാ തഥേതി. വിഗ്രഹഃ അധോദക്ഷിണേന പ്രിയസ്യാശ്ലേഷഃഅധോവാമേന തദ്ധ്വജാഗ്രസ്പൃശിതി സമ്പ്രദായവിദഃ കശ്ചിത്തുപുഷ്ടിം ദ്വിഹസ്താമേവാഹ.ഏകഹസ്തേ പത്മം ദ്വിതീയഹസ്തേധ്വജാഗ്രസ്ൃശിതി.തന്മതേ ആശ്ലേഷോനാമ നികടത്വം ന തു ഹസ്തേനാലിംഗിനമിതി. ദ്വിതീയമന്ത്രേപി ഇദമേവധ്യാനം. തൃതീയമന്ത്രേ തു- ബീജാപൂരഗദേശരാസനമരിം മാലാം ച ദക്ഷൈഃകരൈർ- വാമൈർബാണസപാശകോത്പലരദാന് രത്നാഢ്യകുംഭം ദധത് സിന്ദൂരാരുണവിഗ്രഹസ്ത്രിനയനോ യോന്യസ്തശുണ്ഡോ ഗണഃ സല്ലിംഗാഹിതപാണിമംബുജകരാം പുഷ്ടിം വഹൻവോവതാത് പൂജാദികം ത്രയാണാം സമാനം.

മലയാളം ഭാഷ്യം

ധ്യാനം-സിന്ദൂരവർണ്ണം,ഗജമുഖം,ത്രിനയനം,കയ്യിൽ പാശം,അങ്കുശം,മധു നിറഞ്ഞ കപാലം,ശിരസ്സിൽ ചന്ദ്രകല,പുഷ്ടിയെ ആശ്ലേഷിച്ച ശരീരം ,ധ്വജാ ഗ്രകരവും മറുകയ്യിൽ പത്മവും ധരിച്ച പത്നിയുടെ യോനിയില് ഒരു കൈ, തുമ്പിക്കയ്യിൽ പുഷ്കരത്തിനുമുകളില് രത്നപാത്രം.നാലുലക്ഷം ജപ് ,ദശാംശം ആഹുതി,ത്രിമധുരത്തോടെ അഷ്ടശക്തികൾക്കും പൂജ.

ഗണപതിക്ക് വലത്ത്ഭാഗത്ത് മുകളിലെ കയ്യിൽ പാശവും ഇടത്തുഭാഗത്ത് മുകളിലെ കയ്യിൽ അങ്കുശവും, വലത്ത് താഴത്തെ കയ്യിൽ മധുനിറച്ച കപാ ലവും .ഇടത്തെ താഴത്തെ കയ്യ് പ്രിയയുടെ യോനിയിൽ തൊട്ടിരിക്കയാണ്. പുഷ്ടിക്ക് നാലുകയ്യ്. മുകളിലെ രണ്ടുകയ്യിലും പത്മം, താഴത്തെ വലംകയ്യിനാല്

പ്രിയനെ ആശ്ലേഷിക്കുന്നു. താഴത്തെ ഇടംകൈ പ്രിയന്റെ ധ്വജാഗ്രം സ്പർശിക്കുന്നു. (ലിംഗാഗ്രം). ഇതാണ് സംപ്രദായരൂപം ചിലർ പുഷ്ടിക്ക് രണ്ടുകയ്യെന്ന് കരുതുന്നു. ഒന്നിൽ പത്മം.മറ്റേത് ധ്വജാഗ്രം തൊടുന്നു..

മറ്റൊരു ധ്യാനരൂപം- ബീജാപൂരം,ഗദ,ശരാസനം,ചക്രം,മാല ദക്ഷകരത്തില്. ബാണം,പാശം,ഉല്പലം,ശംഖം,രത്നാഢ്യകുംഭം ഇടത്തെ കരത്തിൽ. സിന്ദൂരാരുണവർണ്ണം,ത്രിനയനം,മടിയിൽ തന്റെ ലിംഗത്തെ ആലിംഗനം ചെയ്യുന്ന പുഷ്ടി. തുമ്പിക്കൈകൊണ്ട് പുഷ്ടിദേവിയുടെ യോനിയെ സ്പർശിക്കുന്നു. പൂജാദികൾ എല്ലാ ധ്യാനത്തിനും സമാനമാണ്.

72.പൂർവ്വോക്തേന പൂജയേത് പീഠേ തീവ്രാദിനവശക്തികേ
മൂലേനമൂർത്തിം സങ്കല്പ്യ തത്രാവാഹാർച്ചയേദ്വിഭും
73.മിഥുനാവൃത്തിരാദ്യാ സ്യാദാമോദാദ്യൈർദിഗംബരൈഃ
ദ്വിതീയാംഗൈസ്തൃതീയാ സ്യാച്ചതുർത്ഥീ മാതൃഭിഃസ്മൃതാ
74. പഞ്ചമീ ലോകപാലൈഃസ്യാത് ഷഷ്ഠീവജ്രാദിഭിഃസ്മൃതാ
ഇതിസിദ്ധമനുർമന്ത്രീ പ്രഫുല്ലൈഃസരസീരുഹൈഃ
75.ജുഹുയാദ്വശഗാഃസർവ്വേ തണ്ഡുലൈസ്തിലമിശ്രിതൈഃ
ഹുത്വാ ശ്രിയമവാപ്നോതി മോദകൈരാജ്യലോലിതൈഃ
ഹുത്വാവിജയമാപ്നോതി പാർത്ഥിവോ യുദ്ധഭൂമിഷു

സംസ്കൃതഭാഷ്യം

പൂർവ്വോക്തഇതി മഹാഗണപതിപൂജായന്ത്രേ. തീവ്രാദിനവശക്തിക ഇത്യനേന പീഠമന്ത്രസ്യ മായാദിത്വമുക്തം

മലയാളഭാഷ്യം

മുമ്പുപറഞ്ഞപോലെ പീഠത്തിൽ തീവ്രാദിനവശക്തികളെ മൂലമന്ത്രത്താല് കല്പിച്ച് ആവാഹിച്ച് അർച്ചിക്കുക. മിഥുനാവൃത്തിയിൽ ആമോദാദിദിഗംബരര് ,രണ്ടാമത് അംഗങ്ങൾ, മൂന്നാമത് മാതൃകകൾ,ഇങ്ങനെ പൂജിക്കുക. പുറത്ത് ലോകപാലർ,വജ്രാദിആയുധങ്ങൾ. വിടർന്ന താമര കൊണ്ട്, അഥവാ തിലവും തണ്ഡുലവും മിശ്രമാക്കിയതുകൊണ്ട് ഹോമിക്കുന്ന പക്ഷം ശ്രീ ലഭിക്കും. ആജ്യ

വും മോദകവും കൊണ്ട് ഹോമിക്കുന്നത് രാജാക്കന്മാർക്ക് യുദ്ധഭൂമിയില് വിജയം കൊടുക്കും.

76.മധുത്രയേണ ഹവനം വശം നയതി പാർത്ഥിവാന്
ഭക്ഷ്യഭോജ്യാദികം സർവ്വം ഹുത്വാഭീഷ്ടാന് സാധയേത്

സംസ്കൃതഭാഷ്യം

മധുത്രയേണ പയോമധുഘൃതേന. ഭക്ഷ്യഭോജ്യാദികമിതി ഭക്ഷ്യം ലഡുകാദി. ഭോജ്യമന്നാദി. ആദിശബ്ദേന ലേഹ്യചോഷ്യാദിദം ഗൃഹ്യതേ.തത്ര ലേഹ്യം രസാലാദി. തല്ലക്ഷണം സൂപശാസ്ത്രേ-

അർദ്ധാഢകം സുചിരപര്യുഷിതസ്യദുഗ്ദ്ധഃ
ഖണ്ഡസ്യ ഷോഡശപലാനി ശശിപ്രഭസ്യ
സർപ്പിഃപലം മധുപലം മരിചം ദ്വികർഷം
ശുണ്ഠീപലാർദ്ധമപി ചാർദ്ധപലം ചതുർണ്ണാം
ശുക്ലോപലേ ലലനയാ മൃദുപാണിധൃഷ്ടാ
കർപ്പൂരപൂരസുരഭീകൃതഭാണ്ഡസംസ്ഥാ
ഏഷാവൃകോദരകൃതാ സരസാ രസാലാ
യാ സ്വാദിതാ ഭഗവതാ മധുസൂദനേന ഇതി

ചതുർണ്ണാം ത്വഗേലാപത്രകേസരാണാം അർദ്ധപലമിതി മിലിത്വാ. തന്ത്രാന്തരോക്തമസ്യ യന്ത്രം ലിഖ്യതേ-

വക്ഷ്യേ മഹാസിദ്ധികരം ഹി യന്ത്രം ഭൂർജ്ജസ്യ പത്രേ പശുരോചനാക്തൈഃ
ദൂർവ്വാങ്കുരൈർഭൃഗൃഹയുഗ്മശക്തൗസംലിഖ്യസാദ്ധ്യം വിരിസമ്പുടം ച
കോണേഷു മന്ത്രം ശ്രുതിശോവശിഷ്ടം തേനാപിനാമ്നാപൃഥവേഷ്ടയിത്വാ
സംലിഖ്യയന്ത്രം ചഗണാധിരാജമാവാഹ്യ ചാഭ്യർച്ച്യച ഗന്ധപുഷ്പൈഃ
സംജപ്യ തദ്ധാരണതശ്ച നിത്യം വശം പ്രയാത്യസ്യജഗത്സമസ്തം ഇതി.

പ്രഥമമന്ത്രേ ശ്രുതിശ ഇതി ത്രിശഃ അന്ത്യകോണേദ്വയം. ദ്വിതീയമന്ത്രേ ശ്രുതി.കർണ്ണസ്തേന ദ്വിശ ഇത്യർത്ഥഃ തദുക്തം-

വകാരരേഫാവപിലോചനാഢ്യൌപുനസ്തഥോദ്ധൃത്യഗണാത്പതീതി
സർവ്വം സമുച്ചാര്യ ച മേവശഃസ്യാത് മകാരമായുക്തമതോ നയേതി
ശബ്ദാഛിരഃസ്യാത് ഇതി. തൃതീയമന്ത്രേ ശ്രുതിശബ്ദശ്ചതുർദ്ധാ.അത്ര
മദ്ധ്യഗതശക്തിസ്തു മന്ത്രബാഹ്യാ. അന്ത്യേ ദലേ ഏകമക്ഷരം ലിഖേത്.

മലയാളം ഭാഷ്യം

ത്രിമധുരം ഹോമിച്ചാല് രാജാക്കന്മാരും വശത്താവുന്നു.ഭക്ഷണവസ്തുക്കൾ ഹോമിച്ചാൽ അഭീഷ്ടസിദ്ധി. ഭക്ഷ്യം ലഡു. ഭോജ്യം അന്നം. ഭക്ഷ്യഭോജ്യാദി എന്നതുകൊണ്ട് ലേഹ്യങ്ങളും ചോഷ്യങ്ങളും കൂടി ഉൾപ്പെടുന്നു. ലേഹ്യം രസാലാദി. അതിന്റെ ലക്ഷണം സൂപശാസ്ത്രത്തിൽ ഇങ്ങനെഃ-അര പറ പാൽ,16 ഖണ്ഡം(പലം)ശശിപ്രഭ, ഒരു പലം സർപ്പി, ഒരുപലം മധു, രണ്ടു കർഷം മരീചം, അര പലം ശുണ്ഠി. (അല്ലെങ്കിൽ സർപ്പി,മധു,മരീചം, ശുണ്ഠി എന്നിവ നാലും അര പലം വീതം) ഇവ വെളുത്ത കല്ലിൽ മൃദുപാണികളായ സ്ത്രീകള് അരച്ചെടുത്ത് കർപ്പൂരസുഗന്ധമുള്ള ഭാണ്ഡ(കിഴി)ത്തിൽ വെച്ച് സരസം രസം പിഴിഞ്ഞെടുത്ത രസാലം ഭഗവാൻ മധുസൂദനനാല് ആസ്വദിക്കപ്പെട്ടു എന്ന് പറയുന്നു. (ചതുർണ്ണാം എന്നാല് അങ്കോലപത്ര കേസരങ്ങൾ അര പലംവീതം എന്നർത്ഥം)

തന്ത്രാന്തരോക്തയന്ത്രലേഖനം.- മഹാസിദ്ധികരമായ യന്ത്രം ഭൂർജ്ജപത്രത്തിൽ ഗോരോചനം കൊണ്ട് ദൂർവ്വാങ്കുരമുപയോഗിച്ച് എഴുതണം.രണ്ടുഭൂപുരം, ശക്തി എഴുതപ്പെട്ടതും സാദ്ധ്യവും വിരിസമ്പുടവും കോണങ്ങളിൽ മന്ത്രം എഴുതിയതും നാമവർണ്ണവേഷ്ടയിതവുമായ യന്ത്രമെഴുതി ഗണാധിരാജനെ ആവാഹിച്ച് ഗന്ധപുഷ്പങ്ങളാൽ അർച്ചിക്കുക. ജപിക്കുക. സർവ്വജഗവും ആ വാരണമൂർത്തിയുടെ അനുഗ്രഹത്താല് നിത്യവും വശഗമാവും.
വകാരം,രേഫം(ലോചനം 2 . രര എന്ന് രണ്ട് പ്രാവശ്യം) ഗണാത്പതി മേവശം.ശ്രുതി നാൽ, മദ്ധ്യഗതശക്തി മന്ത്രബാഹ്യയാണ്. അന്ത്യദലത്തിൽ ഒരക്ഷരം എഴുതേണ്ടിവരും.

77. ശക്തിരുദ്ധ്വം നിജം ബീജംമഹാഗണപതിം വദേത്
ഡേന്തമഗ്നിവധൂഃപ്രോക്തോ മന്ത്രോയം ദ്വാദശാക്ഷരഃ

78. ഗണകഃസ്യാദൃഷിഛന്ദോഗായത്രീനിവൃദാദികാ
ഉദിതാദേവതാതന്ത്രേ നാമ്നാ ശക്തിഗണാധിപഃ
വ്യസ്തൈഃസമസ്തൈർമന്ത്രസ്യ പദൈരംഗാനികല്പയേത്.

സംസ്കൃതഭാഷ്യം

ശക്തിഗണപതിമന്ത്രമാഹ ശക്തീതി. നിജം ബീജം ഗം. ഡേന്തമിത്യസ്യ പശ്ചാത്തനേന സംബന്ധഃ ഗ്ലീം ഗം ഗ്ലീം മഹാഗണപതയേ സ്വാഹാ . ഗം ബീജം സാഹാശക്തിഃ വ്യസ്തൈരിതി. മന്ത്രസ്യ പഞ്ചഭിഃപദൈഃപഞ്ചാംഗാനി സർവ്വേമാ ഷഷ്ഠം.

മലയാളം ഭാഷ്യം

ശക്തിഗണപതി. ശക്തി ബീജം. മഹാഗണപതി. ഡേന്തം അഗ്നിവധു സ്വാഹാ. ആകെ 12 അക്ഷരം. ഋഷി ഗണകൻ, ഛന്ദസ് ഗായത്രിനിചൃദ്. ദേവത ശക്തിഗണപതി. ശക്തിഗണപതിബീജം ഗം സ്വാഹാശക്തി. ഗ്ലീം ഗം ഗ്ലീം മഹാഗണപതയേ സ്വാഹാ . പഞ്ചാംഗത്തിൽ ഏഴിലഞ്ച്, ഷഡംഗത്തിൽ ആറിലാറും. എന്ന് അക്ഷരം.

79. മുക്താഗൌരം മദഗജമുഖം ചന്ദ്രചൂഡം ത്രിനേത്രം
ഹസ്തൈഃസ്വീയൈർദധതമരവിന്ദാങ്കുശൌ രത്നകുംഭം
അങ്കസ്ഥായാഃസരസിജരുചഃസ്വധ്വജാലംബിപാണേർ-
ദ്ദേവ്യാ യോനൌ വിനിഹിതകരം രത്നമൌലിം ഭജാമഃ

80. ലക്ഷമേകം ജപേന്മന്ത്രമപൂപൈസ്തദ്ദശാംശതഃ
ജുഹുയാദർച്ചിതേ വഹ്നൌ ദിനശോ ദേവമർച്ചയേത്

81. പ്രാക് പ്രോക്തേ പൂജയേത് പീഠേ പ്രാഗുക്തേനൈവ വത്മനാ
ഹുതേഷ്വഖണ്ഡൈർമതിമാന് രാജ്യശ്രിയമവാപ്നുയാത്

82. നാരികേലഫലൈസ്തദ്വദ്രംഭാപക്വഫലൈസ്തതഃ
വശയിത്യഖിലം ലോകം പൃഥുകൈഃശർക്കരാന്വിതൈഃ

83. വശം നയതി രാജാനം സക്തുഭിർബ്രാഹ്മണാൻ ശുഭൈഃ
ഘൃതഹോമേന ധനവാൻ ജായതേനാത്രസംശയഃ

സംസ്കൃതഭാഷ്യം

ധ്യാനേതു ഊർദ്ധ്വയോർദ്ദക്ഷവാമയോരാദ്യേ. അധോദക്ഷേ രത്നകുംഭം അധോവാമോ ദേവീയോനിസ്ഥഃ ശുണ്ഡാദണ്ഡസ്ഥ രത്നകുംഭോപരീതി സമ്പ്രദായഃ സരസിജേന ദക്ഷഹസ്തസ്ഥിതേന രുക് യസ്യാഃസാ തഥാ. തദ്വാമോധ്വജാഗ്രസ്പൃക്. പ്രാഗുക്തേന വ്യവഹിതേന.

മലയാളം ഭാഷ്യം

ധ്യാനം- മുത്തുപോലെ വെളുത്ത് മദയാനമുഖം, ചന്ദ്രചൂഡം, ത്രിനയനം, കയ്യില് താമര,അങ്കുശം,രത്നകുംഭം,മടിയിൽ താമരപ്പൂവിന്റെ കാന്തിയുള്ള പത്നി സ്വലിംഗാലിംഗനവാണിനിയായിരിക്കുന്നു.ദേവീയോനിയിൽ കൈ വെച്ചിരിക്കുന്ന രത്നമൌലിയായ ഗണപതിയെ ഭജിക്കുന്നു. ഒരു ലക്ഷം ജപം, അതിന്റെ ദശാംശം തേൻ ഹോമം,പീഠത്തിൽ മുമ്പുപറഞ്ഞപോലെ വർത്തമത്തോടെ പൂജിച്ച് ഇക്ഷുഖണ്ഡം ഹോമിച്ചാൽ രാജ്യശ്രീ ലഭിക്കും.നാളികേരവും പഴുത്ത വാഴപ്പഴവും ഹോമിച്ചാൽ അഖിലലോകവശങ്കരം. ശർക്കര ചേർത്ത് അവില്ല ഹോമിച്ചാല് രാജാക്കന്മാര് വശീകരിക്കപ്പെട്ടും. ബ്രാഹ്മണർ ശുഭാകാംക്ഷികളാവും. നെയ്യ് ഹോമിച്ചാൽ ധനവാനാവും.

വലത്തേ താഴത്തെ കയ്യിലാണ് രത്നകുംഭം. ഇടത്ത് താഴത്തെ കൈയാണ് ദേവീയോനി സ്പർശിക്കുന്നത്. (തുമ്പിക്കൈയറ്റത്ത് രത്നകുംഭമെന്നാണ് സമ്പ്രദായം.അതിവിടെ മാറ്റിക്കാണുന്നു)വലത്തുകയ്യിൽ ദേവി താമരപ്പൂ ധരിച്ചിരിക്കുന്നു. ഇടത്തുകൈ ലിംഗാഗ്രം തൊടുന്നു.

84. ശക്ത്യാരൂദ്ധം നിജംബീജം വശമാനയ ഠദ്വയം
താരാദ്യോമന്ത്രരാഖ്യാതോ രുദ്രസംഖ്യാക്ഷരാന്വിതഃ

85. ഋഷ്യാദ്യാഃപൂർവ്വമുക്താഃസ്യരംഗം മന്ത്രപദൈർഭവേത്
ഏകേനാദൌ ത്രിഭിർദ്വാഭ്യാം ത്രിഭിര്ദ്വാഭ്യാമനന്തരം
സമസ്തേനാസ്ത്രമാഖ്യാതം അംഗക്ലൃപ്തിരിയം മതഃ

സംസ്കൃതഭാഷ്യം

മന്ത്രാന്തരമാഹ ശക്ത്യേതി. രുദ്രേത്യേകാദശഃ ഓം ഹ്രീം ഗം ഹ്രീം വശമാനായ സ്വാഹാ. ഗം ബീജം സ്വാഹാ ശക്തിഃ പൂർവ്വമിത്യവ്യവഹിതം .പദാന്യേവാഹ. ഏകേനേതി.

മലയാളം ഭാഷ്യം

മന്ത്രാന്തരം-ഓം ഹ്രീം ഗം ഹ്രീം വശമാനായ സ്വാഹാ എന്ന് 11 അക്ഷരമുള്ളത്. ഗം ബീജം സ്വാഹാ ശക്തി. ഋഷ്യാദികൾ മുമ്പ് പറഞ്ഞതുതന്നെ. അംഗന്യാസം മന്ത്രാക്ഷരങ്ങൾ കൊണ്ട്. 1, 3, 2,3,2 എന്ന് 5 അംഗം. സമസ്താക്ഷരങ്ങളും കൊണ്ട് അസ്ത്രം. ഓം ഹ്രീംഗംഹ്രീം വശ മാനായ സ്വാഹാ എന്ന് പഞ്ചാംഗമായി വിഭജനം.

86. ഹസ്തൈർബിഭ്രതമിക്ഷുദണ്ഡവരദൌപാശാങ്കുശൌ പുഷ്കര-
സ്പൃഷ്ടസ്വപ്രമദാവരാംഗമനയാശ്ലിഷ്ടം ധ്വജാഗ്രസ്പൃശാ
ശ്യാമാംഗ്യാവിധൃതാബ്ജയാ ത്രിനയനം ചന്ദ്രാർദ്ധചൂഡം ജപാ-
രക്തം ഹസ്തിമുഖം സ്മരാമി സതതം ഭോഗാതിലോലം വിഭും

87. ലക്ഷത്രയം ജപേന്മന്ത്രമിക്ഷുഖണ്ഡൈർദ്ദശാംശതഃ
അപൂപൈർരാജ്യയുക്തൈർവാ ജുഹുയാന് മന്ത്രസിദ്ധയേ

88. സ്വഗുരും ധനധാന്യാദ്യൈഃ പ്രീണയേത് പ്രീതമാനസഃ
പൂജാ പൂർവ്വവദാദിഷ്ടാ തതഃകാമ്യാനി സാധയേത്

89. ഹുത്വാപൂപൈർസ്തിമധ്വർക്കൈർവശയേദ് ഭുവി പാർത്ഥിവാന്
ചതുർത്ഥ്യാം നാരികേലേന മഹതീം ശ്രിയമശ്നുതേ

90. ലവണൈർമധുസംയുക്തൈവശയേദ്വനിതാജനം
സംവർത്തകോ നേത്രയുതഃപാർശ്വാ വഹ്യാസനസ്ഥിതഃ

സംസ്കൃതഭാഷ്യം

ധ്യാനേതു വാമാദ്യസ്താദ്ദാമോർദ്ധ്വപര്യന്തം. ദേവീധ്യാനം വിരിഗണപതിധ്യാനോക്തം ജ്ഞേയം. പൂർവ്വവദിതി വിരിഗണപതിവദിത്യർത്ഥഃ

മലയാളം ഭാഷ്യം

ധ്യാനശ്ലോകം- കയ്യില് കരിമ്പുദണ്ഡ്, വരദമുദ്ര,പാശം,അങ്കുശം,പുഷ്കരത്താൽ പ്രമദാവരാംഗം തൊടുന്നു. ദേവീഹസ്തം ധ്വജാഗ്രം സ്പർശിക്കുന്നു. ദേവി ശ്യാമാംഗിയും വസ്ത്രം കിഴിഞ്ഞവളും (യോനി പ്രദർശിപ്പിക്കുന്ന വിധം)ആണ്. ത്രിനയനം,അർദ്ധചന്ദ്രനെ ചൂടിയ ശിരസ്സ്, ചെമ്പരത്തിപ്പൂപോലെ ചുവന്ന നിറം, ഗജമുഖം ഇപ്രകാരം ഭേദഗതിയോടെ വിഭുവിനെ സതതം സ്മരിക്കുന്നു. മൂന്നുലക്ഷം ജപിച്ച് ദശാംശം കരിമ്പുകഷ്ണം ,തേനട, ആജ്യം ഇവ ഹോമിച്ചാൽ മന്ത്രസിദ്ധി. സ്വഗുരുവിനെ ധനധാന്യാദികളാൽ പ്രീണിപ്പിച്ച് പ്രീതമാനസനാക്കിയാല് സർവ്വകാമപ്രാപ്തി. അപൂപം,ത്രിമധുരം,ഇവ കൊണ്ട് രാജാക്കന്മാർ വശത്താവും. ചതുർത്ഥിനാള് നാളികേരം ഹോമിച്ചാല് ഏറ്റവും മഹത്തായ ശ്രീ ലഭിക്കും. ഉപ്പും മധുവും ഹോമിക്കുന്നത് സ്ത്രീവശീകരണത്തിനാണ്.

വിരിഗണപതിധ്യാനോക്തമായ ദേവീധ്യാനം- സംവർത്തകന് (കാലാഗ്നി) എന്ന നേത്രത്തോടുകൂടി പാർശ്വത്തില് അഗ്ന്യാസനത്തിലിരിക്കുന്നവന്റെ വാമഭാഗത്തിരിക്കുന്നവളെ വാമോർദ്ധ്വപര്യന്തം ധ്യാനിക്കുക.

91. പ്രസാദനായ ഹൃന്മന്ത്രഃസ്വബീജാദ്യോ ദശാക്ഷരഃ
ഗണകോ മുനിരസ്യസ്യാദ്വിരാട് ഛന്ദഉദാഹൃതഃ

92. ക്ഷിപ്രപ്രസാദനോ വിഘ്നോ ദേവതാസ്യസമീരിതാ
ദീർഘയുക്തേന ബീജേന ഷഡംഗാനി പ്രകല്പയേത്

93. പാശാങ്കുശൌ കല്പലതാം വിഷാണം ദധാത്സ്വശുണ്ഡാഹിതബീജപൂരഃ
രക്തസ്ത്രിനേത്രസ്തരുണേന്ദുമൌലിർഹാരോജ്ജ്വലോ ഹസ്തിമുഖോവതാദ്വഃ

സംസ്കൃതഭാഷ്യം

ക്ഷിപ്രപ്രസാദമാഹ സംവർത്തക ഇതി. സംവർത്തഃക്ഷഃനേത്രമികാരഃ തദ്യുതഃ പാർശ്വഃപകാരോ വഹ്ന്യാസനോ രേഫാസനഃസ്വബീജാദ്യോ ഗമിതി ബീജാദ്യഃ ഗം ക്ഷിപ്രപ്രസാദനായ നമഃ ശ്രീബീജാദ്യ ഇതി കേചിത് . ഗം ബീജം ആയേതി ശക്തിഃദീർഘയുക്തേന ബീജേനിതി ആദിബീജേന. പാശേതി. വിഷാണം ദന്തം. ആയുധധ്യാനം ദക്ഷാധ്യൂർദ്ധ്വയോരാദ്യേതദധ്യസ്ഥയോരന്ത്യേ വാമോർദ്ധ്വാദി വാമാധസ്തനം യാവദ്.

മലയാളം ഭാഷ്യം

പ്രസാദനത്തിന് സ്വബീജാദ്യമായി 10 അക്ഷരത്തോടെ ഹൃന്മന്ത്രം. മുനി ഗണ കൻ. ഛന്ദസ് വിരാട്. ദേവത ക്ഷിപ്രപ്രസാദി വിഘ്നേശ്വരൻ. ദീർഘാക്ഷര യുക്തമായ ബീജത്താൽ ഷഡംഗകല്പന. സംവർത്ത ക്ഷ. നേത്രം ഇ. (ക്ഷി). പാർശ്വ പകാരം. വഹ്ന്യാസനം രേഫം (പ്ര) സ്വബീജം ഗം ഗം ബീജം ആയ ശക്തി. ഗം ക്ഷിപ്രപ്രസാദനായ നമഃ എന്ന് 10 അക്ഷരം. ചുവന്ന ത്രിനേത്രം, ശിരസ്സിലെ ചന്ദ്രക്കല, ഹാരോജ്വലശരീരം, ഹസ്തിമുഖം ഇപ്രകാരം ധ്യാനം.

94. ലക്ഷം ജപേജ്ജപസ്യാന്തേ ജുഹുയാദയുതം തിലൈഃ
സമധ്വത്രിതയൈർദ്രവ്യൈരഥവാഷ്ടഭിരീരിതൈഃ

95. ഏകാക്ഷരോദിതേപീഠേ വക്ഷ്യമാണേന വര്ത്മനാ
പൂജയേദ് ഗന്ധപുഷ്പാദ്യൈർധൂപദീപൈർഗ്ഗജാനനം

96. അംഗാനി പൂർവ്വമഭ്യർച്ച്യ വിഘ്നാനഷ്ടൌയജേത്തതഃ
വിഘ്നം വിനായകം വീരം ശൂരം വരദസംജ്ഞകം

97. ഇഭവക്ത്രം ചൈകദന്തം ലംബോദരമനന്തരം
പത്രാഗ്രേഷ്വർച്ചയേത് പശ്ചാദ് ബ്രാഹ്മ്യാദ്യാസ്തദനന്തരം

98. ലോകപാലാംസ്തദസ്ത്രാണി വിഘ്നപൂജാസമീരിതാ
ആജ്യാന്നൈ ജുഹുയാന്നിത്യമന്നവാൻ വത്സരാത് ഭവേദ്

99. പായസാന്നേന മഹതീം ശ്രിയമാപ്നോതി മാനവഃ
ആജ്യഹോമേന വശയേത് പ്രാണിനഃസകലാൻ സുധീഃ

സംസ്കൃതഭാഷ്യം

സമധുത്രിതയൈഃപയോമധുഘൃതസഹിതൈരിതി തിലവിശേഷണം. തദുക്തമാചാര്യൈഃഅഥ തിലൈയുതം ത്രിമധുരസിക്തൈർ ജുഹുയാത് ഇതി. മധുരത്രിതയൈരിതി പാഠേ മധുരസ്യ ത്രിതയം യേഷാതി ബഹുവ്രീഹിണാനേയം.

മലയാളം ഭാഷ്യം

ലക്ഷം ജപം ,അയുതം തിലം, സമം അഷ്ടദ്രവ്യങ്ങൾ ഹോമിക്കുന്നു. ഏകാക്ഷരോദിതമായ പീഠത്തിൽ കവചത്തോടെ ഗന്ധപുഷ്പധൂപദീപസമന്വിതം പൂജ. അംഗങ്ങൾ ആദ്യം, പിന്നെ എട്ടു വിഘ്നങ്ങൾ-
വിഘ്നം,വിനായകം,വാരം,ശൂരം,വരദം,ഇഭവക്ത്രം ,ഏകദന്തം ,ലംബോദരം,-യജിക്കപ്പെടുന്നു. (പത്രാഗ്രത്തിൽ) അതിന്നുശേഷം പത്രത്തിൽ ബ്രാഹ്മ്യാദികൾ, ലോകപാലർ, അസ്ത്രങ്ങൾ (പുറത്ത്). ആജ്യാന്നം ഹോമിച്ചാൽ ഒരു വർഷം കൊണ്ട് അന്നവാനാവും. പായസാന്നത്താൽ മഹതിയായ ശ്രീ ലഭിക്കും. ആജ്യഹോമത്താൽ സകലപ്രാണികളും വശംവദരാവും. ത്രിമധുരത്തോട്ടുകൂടി തിലം ഹോമിച്ചാൽ എന്ന പാഠത്തിന് ആചാര്യവാക്യം- മധുരത്തിന്റെ ത്രിതയം ഏതൊന്നോ അത് എന്ന് ബഹുവ്രീഹിസമാസം.

100. നാരികേലഫലം പക്കം ലോഷ്ടചർമ്മസമന്വിതം
ജുഹുയാത് പ്രത്യഹം മന്ത്രീമണ്ഡലാത് സിദ്ധിമാപ്നുയാത്

101. ജുഹുയാദഷ്ടഭിദ്രവ്യൈർമ്മധുരത്രയസംയുതൈഃ
വശയേത് പാർത്ഥിവാന് സർവ്വാന് തത്പത്നീർവിധിനാമുനാ

102. ദിനാദിഷു ചതുശ്ചത്വാരിംശദ്വാരൈഃശുഭോദകൈഃ
തർപ്പയേദ്വിഘ്നരാജസ്യ മസ്തകേ ശ്രീപ്രസിദ്ധയേ

സംസ്കൃതഭാഷ്യം

ലോഷ്ടശബ്ദേന അന്തർവൃത്തിനാരികേലോപരിഭാഗഃതദുപരിഭാഗഃത്വഗ് ലക്ഷണഃചർമ്മശബ്ദവാച്യഃ അഷ്ടധാ നാരികേലമിത്യസ്യാപരാദഃ വിധിനാമു നേത്യഷ്ടദ്രവ്യഹോമേന.ശുഭോദകൈരിതി അമൃതരൂപൈർജലൈരിത്യർത്ഥഃ

മലയാളം ഭാഷ്യം

നാളികേരത്തിന്റെ ഉള്ളിലെ മൃദുഭാഗത്തിനു പുറത്തുള്ള തോടാണ് ലോഷ്ടം. അതിനും പുറത്തുള്ളത് ചർമ്മം. നാളികേരം പഴുത്ത ലോഷ്ടചർമ്മത്തോടെ ഹോമിക്കുന്ന പക്ഷം ഒരു മണ്ഡലകാലം കൊണ്ടുതന്നെ സിദ്ധി ലഭിക്കും. അഷ്ടദ്രവ്യവും ത്രിമധുരവും ഹോമിച്ചാൽ രാജാക്കന്മാരും രാജപത്നിമാരും വശത്താവും. പ്രഭാതത്തിൽ ചതുശ്ചത്വാരിംശദ്വാരത്തില് ശുഭോദകം കൊണ്ട് വിഘ്നരാജമസ്തകത്തിൽ തർപ്പിച്ചാല് ശ്രീയും പ്രസിദ്ധിയും ലഭിക്കും. ശുഭോദകം അമൃതരൂപമായ ജലം.

103. പാശാങ്കുശൌ കല്പലതാം സ്വദന്തം കരൈർവഹന്തം കനകാദ്രി കാന്തം സോപാനപംക്ത്യാദിനനാഥബിംബാദായാന്തമംഭോജഗതം വിചിന്ത്യ

104. പ്രാഗുക്തമന്ത്രസംപ്രോക്താൻ പ്രയോഗാന് മനുനാമുനാ തൈരസ്മിന്നഥവാ പ്രോക്താൻ കുര്യാന് മന്ത്രീ വിധാനവിത്

സംസ്കൃതഭാഷ്യം

തർപ്പണേ തു ധ്യാനവിശേഷമാഹ പാശേതി .സോപാനപംക്ത്യാ രാജതയാ. ദിനനാഥവിംബാത് സൂര്യമണ്ഡലാത് .ആയാന്തം ജലേ ഇതിശേഷഃ അംഭോജഗതം ജലസ്ഥകൽപിതാംഭോജഗതം ഗണപതിം സാദ്ധ്യമൂർദ്ധ്നി പുഷ്കരം ദത്വാസ്ഥിതം വിചിന്ത്യ. ഏവം ധ്യാനം കൃത്വേത്വ ർത്ഥഃ വിഘ്നരാജസ്യ മസ്തകേ ശ്രീപ്രസിദ്ധയേ ശുഭോദകൈസ്തർപ്പയേദിതി സംബന്ധഃ തദുക്തം-

വിംബാദംബുദവത്സമേത്യസവിതുഃസോപാനകൈരജതൈഃ-
സ്തേയേ തോയജവിഷ്ടരൈധൃതലതാദന്തം സപാശാങ്കുശം
നാസാംസാദ്ധ്യനുകേനിധായ സുധയോതദ്രന്ധ്രനിര്യാതയാ
സിഞ്ചന്തം പുനരന്വഹം ഗണപതിം സ്മൃത്വാമൃതൈസ്തർപ്പയേത് ഇതി.

അഥ യന്ത്രദ്വയം-

നാമഷഡ്കോണകേ ബീജമദ്ധ്യേ ലിഖേ ദ്വേഷ്ടയിത്വാമുനാഥാംഗ മന്ത്രൈസ്ത തഃഅഷ്ടപത്രേ സ്വരാൻ കേസരേ യുഗ്മശഃക്ഷ്യാദിവർണ്ണാന് വിഹീനാൻലി ഖാദ്യാദികൈഃഅഗ്രതോലിഖ്യഗായത്രിവർണ്ണാം സ്ത്രിശോബാഹ്യതഃ കാദിഭി ർ വേഷ്ടയിത്വാബഹിഃഭൂപുരദ്വന്ദ്വകേ ഭൂമിബീജം ലിഖേദ് യന്ത്രമേതന്മയം സിദ്ധിസമ്പദ്പ്രദം ഇതി.അഥാതോ മഹായന്ത്രരാജം പ്രവക്ഷ്യേപശോഃ രോചനാസിക്തദൂർവ്വാങ്കുരേണ ലികേത് പഞ്ചപത്രേ ദശാരം സരോജം ഗണേശസ്യ ബീജം തു താരോദരേ തു തതസ്തസ്യ മദ്ധ്യേതു രക്ഷേതി നാമ്നാ ദശൈതേഷ്യ മന്ത്രാംശ്ച മന്ത്രം ലിഖേഞ്ച തതോ ബാഹ്യതഃപാശ വർണ്ണാ ങ്കുശാർണ്ണോം ലിഖിത്വാ ബഹിഃ ശക്രവിംബദ്വയം തത് ലിഖിത്വാ തഥാ തം ഗണേശാനമസ്മിൻ സമഭ്യർച്ചഗന്ധാദിഭിഃപുഷ്പജാതൈഃഭുജേ കണ്ഠദേശേ വഹേത് സർവ്വരക്ഷാ തതോമംഗലം നാന്യദസ്ത്യോഹ കിഞ്ചിത്. ഇതി.

ഉക്തഞ്ച- ക്ഷിപ്രപ്രസാദേനഃ പൂർവ്വോ മഹാഗണപതിഃപരം
വിഘ്നോ വിനായകോ വീരഃശ്ശൂരോവരദഏവച
ഇഭവക്തശ്ചൈകദന്തസ്തഥാ ഹസ്തിമുഖഃസ്മൃതഃ
ഡേന്താനമോന്താ മന്ത്രാഃസ്യുരേതൈസ്തർപ്പണാഹോമതഃ
സാധയേദീപ്സിതം മന്ത്രീ ഇതി.

മലയാളം ഭാഷ്യം

പാശം,അങ്കുശം,കല്പലത,സ്വദന്തം ഇവ കയ്യിൽ ധരിച്ച് കനകശൈല കാന്തിയോടെ സോപാനപംക്ത്യാ സൂര്യബംബാദിയിലുള്ള അന്തർപത്മ ത്തിൽ ദേവരൂപം ചിന്തിക്കുക.സൂര്.മണ്ഡലത്തിൽ ആയാന്തം അഥവാ ജലത്തിലാണ് ഭാവന.താമരയിലെ (സൂര്യമണ്ഡലാന്തർഗതമായ പ ത്മം)ജലത്തിലാണ് അംഭോജഗതം ഗണപതിം സാദ്ധ്യം ,ശിരസ്സിൽ പുഷ്കരം വെച്ചപോലെ ധ്യാനിക്കണം. പത്മം പോലെ സൂര്യബിംബമണ്ഡലം. രജതസോപാനം പോലെ ജലജമായി രശ്മീസമൂഹം. അതിൽ കല്പലതിക. ദന്തം,പാശാങ്കുശധാരിയായി,സാദ്ധ്യനായ വ്യക്തിയുടെ ശിരസ്സിൽ തുമ്പി ക്കൈ വെച്ച് അതിലെ രന്ധ്രത്തിലൂടെ സുധ(അമൃത്)സ്വന്തം ബ്രഹ്മരന്ധ്ര

ത്തിലേക്ക് ഒഴുക്കുന്നവനായി ഗണപതിയെ ധ്യാനിച്ച് ,അമൃതം(ജലം) ത ർപ്പണം ചെയ്യണം.

യന്ത്രദ്വയം

ഷഡ്കോണത്തിൽബീജമദ്ധ്യത്തിൽനാമമെഴുതി,അംഗമന്ത്രം അഷ്ടപത്ര ത്തിൽ സ്വരങ്ങൾ,കേസരത്തിൽ ഈരണ്ടായി ക്ഷ്യാദിവർണ്ണവിഹീനമായി എഴുതുന്നു. അഗ്രത്തില് ഗായത്രീവർണ്ണങ്ങൾ. പുറത്ത് കാദിവർണ്ണങ്ങളാല് വേഷ്ടനം. പുറത്ത് ഭൂപുരദ്വന്ദ്വത്തിൽ ഭൂമിബീജവർണ്ണം എഴുതുന്നു. ഇത് സിദ്ധിസമ്പദ്പ്രദയന്ത്രം.

മഹായന്ത്രരാജം- ഗോരോചനത്താല് ദൂർവ്വാങ്കുരം കൊണ്ട് പഞ്ചപത്രത്തി ൽ ദശാരമായ പത്മത്തില് ഗണേശബീജം,ഉദരത്തിൽ താരം,മദ്ധ്യത്തിൽ രക്ഷ,10 അക്ഷരമുള്ള മന്ത്രമെഴുതി പുറത്ത് പാശാര്ണ്ണം ,അങ്കുശാർണ്ണം ,പുറത്ത് ശക്രബിംബദ്വയം ഗണേശനമഃ എന്നെഴുതി ഗന്ധപുഷ്പാർച്ചനം ചെയ്ത് കയ്യിലോ കഴുത്തിലോ ധരിക്കുന്നു. മംഗളവും സർവ്വരക്ഷയും തരുന്ന ഇത് മംഗളകരമായ സർവ്വരക്ഷായന്ത്രം.

ക്ഷിപ്രപ്രസാദനം ആദ്യം, മഹാഗണപതി പിന്നീട്-വിഘ്ന,വിനായക,വീര, ശൂര, വരദ, ഇഭവക്ത്ര,ഏകദന്ത,ഹസ്തിമുഖന്മാർ- ഡേന്തം,നമോന്തം മന്ത്രം. തർപ്പണഹോമാദികൾ. ഫലം കാമഫലപ്രാപ്തി. ഈരണ്ടക്ഷരം യുഗ്മമായി 5 പത്രത്തിലാണ് ദശാക്ഷരമന്ത്രം എഴുതുന്നത്..

105. പഞ്ചാന്തകോ ബിന്ദുയുതോ വാമകർണ്ണവിഭൂഷിതഃ
താരാദിഹൃദയാന്തോയം ഹേരംബമനുരീരിതഃ

106. ചതുർവർണ്ണാത്മകോനൂണാം ചതുർവർഗ്ഗഫലപ്രദഃ
ഷഡ്ദീർഘഭാജാബീജേന ഷഡംഗാനി സമാചരേത്

സംസ്കൃതഭാഷ്യം

ഹേരംബമനുമാഹ പഞ്ചാന്തക ഇതി. പഞ്ചാന്തകോ ഗഃ വാമകർണ്ണ ഉകാരഃഓം ഗ്ലൂം നമഃ ഗണക ഋഷിഃഗായത്രിഛന്ദഃ ഹേരംബഗണപതിർദേവതാഃഗകാരോ ബീജം. ബിന്ദുഃശക്തിഃ ബീജേനേതി. ഏതന്മന്മന്ത്രോക്തേന.

മലയാളം ഭാഷ്യം

പഞ്ചാന്തക- ഗ. വാമകർണ്ണ ഉ. താരം ആദ്യം. നമഃ അവസാനം.ഓം ഗ്ലം നമഃ ഗണകൻ ഋഷി. ഗായത്രി ഛന്ദസ്സ്. ഹേരംബഗണപതി ദേവത. ഗ ബീജം ബിന്ദു ശക്തി

107. മുക്താകാഞ്ചനനീലകുന്ദഘുസൃണഛായൈസ്ത്രിനേത്രാന്വിതൈ-
ർന്നാഗാസ്യൈർഹരിവാഹനം ശശിധരം ഹേരംബമർക്കപ്രഭം
ദൃപ്തം ദാനമഭീതിമോദകകരദാനംടങ്കം ശിരോക്ഷാത്മികാം
മാലാം മുദ്ഗരമങ്കുശം ത്രിശിഖകം ദോർഭിർദധാനംഭജേ

സംസ്കൃതഭാഷ്യം

മുക്തേതി.ഘുസൃണം കുങ്കുമം. ഊർദ്ധ്വാദിമുക്താദിവർണ്ണാഃനാഗാസ്യൈ ർഹസ്തിമുഖൈരുപലക്ഷിതം.ഹരിഃസിംഹഃടങ്കം പരശുഃത്രിശിഖം ത്രിശൂലം. ക്വചിദങ്കുശം ച ത്രിശിഖമിതി പാഠഃ തത്ര ദ്വേത്രാഷ്ടാസംയുതപൃസ്ത്യേത്യനേന ചകാരസ്യ-ലഘുതാ. അതീവ്രപ്രയത്നോച്ചാരണേന. തേന ന ഛന്ദോഭംഗഃ ആയുധധ്യാനം
ദക്ഷവാമയോരധഃസ്ഥയോഃവരാഭയതദൂർദ്ധ്വോർദ്ധ്വസ്ഥയോരന്യാനി ഏവമന്തം. ക്വചിദ് ദൃപ്തമിത്യർത്ഥകുംഭമിതി പാഠഃ തഥാ കുംഭ ശുണ്ഡാഗ്രേഃ ദൃപ്തമിതി പാഠേതു മോദകോപരിശുണ്ഡാദണ്ഡു ഇതി ജ്ഞേയം. കേചിന്മുദ്ഗര മിത്യത്ര പന്നഗമിതി പഠതി. തദുക്തം-
വന്ദേദോർഭിർദധാനംജപവലയഭുജേസാങ്കുശേ മോദകാഭി-
ടങ്കാനുദ്യത് കപാലം ഭുജഗവരദാൻസ്വർണ്ണകുംഭാഢ്യശുണ്ഡം
സിംഹസ്ഥം പഞ്ചവക്ത്രം ത്രിനയനമരുണം ദിവ്യവസ്ത്രോരുഭൂഷം
ഹേരംബാഖ്യം മഹാന്തം ഗണപതിമഖിലസ്വാർത്ഥദം പ്രാർത്ഥയേഹം ഇതി.

മലയാളം ഭാഷ്യം

ഹേരംബഗണപതിധ്യാനം

മുത്ത്,സ്വർണ്ണം,നീലം,മുല്ലപ്പൂ,കുങ്കുമം ഇവയുടെ നിറമുള്ളതും ത്രിനേത്രവുമായ അഞ്ച് ഗജമുഖങ്ങൾ, ഹരി(സിംഹം)വാഹനം, ശശിധരം(ചന്ദ്രചൂഡം) അർക്ക പ്രഭ,ടങ്കം(പരശു)കപാലം,അക്,മാല,മുദ്ഗരം ,അങ്കുശം ,ത്രിശൂലം, അഭയ ,വരദ മുദ്ര ഇവ ധരിച്ച് രൂപം. ആയുധധ്യാനം വലത്തുനിന്ന് ഇടത്തോട്ട്. വരാഭയമുദ്ര ഇരുവശത്തും മുകളിലെ കരങ്ങളില്, ദ്ദന്തം (കുംഭം) തുമ്പിക്കൈയറ്റത്ത്. തുമ്പി ക്കൈ മോദകത്തിൽ വെച്ച വിധവും ധ്യാനമുണ്ട്. ചുറ്റും പന്നഗവലയഭൂഷണങ്ങ ളായുള്ള ഒരു ധ്യാനരൂപവും പറഞ്ഞിരിക്കുന്നു.മുദ്ഗരത്തിനു പകരം പന്നഗം പിടിച്ച ധ്യാനവുമുണ്ട്. (ഭുജഗവരരദാൻ.)

108. ലക്ഷത്രയം ജപേന്മന്ത്രം ദശാംശംജ്ജുഹ്യയാത്തിലൈഃ
തീവ്രാദിപൂജിതേ പീഠേ ദേവം ഹേരംബമർച്ചയേത്

109. പ്രണവഃകവചദ്വന്ദ്വം മഹാസിംഹായ ഗാം തതഃ
ഹേരംബേതി പദം പശ്ചാദാസനായ ഹൃദന്വിതാ

110. അയമാസനമന്ത്രാഃസ്യാത് പ്രദധ്യാദമുനാസനം
താരാദിവിഘ്നബീജേനമൂർത്തിം തസ്യപ്രകല്പയേത്
ആവാഹ്യപൂജയേത് തസ്യാമംഗാവരണസംയുതം

111. ബാഹ്യേ ലോകേശ്വരാഃപൂജ്യാ വജ്രാദീനി തതഃപരം
ഏവമഭ്യർച്ചയേന്നിത്യം സാധയേത് സ്വമനീഷിതാന്

112. മോദകൈർജ്ജുഹ്യയാത് ഷഷ്ഠ്യാമഷ്ടമ്യാം കൃശരൈസ്തഥാ
ചതുർദ്ദശീദിനേപൂപൈർജ്ജുഹ്യയാദ്വാഛിതാപ്തയേ

113. ഏഭിദ്രവ്യൈഃപ്രജ്ജുഹ്യയാൻ മന്ത്രീപർവ്വദമനേഷ്വപി
സാധയേത് സകലാൻ കാമാന് പ്രയത്നൈനൈവ സാധകഃ

സംസ്കൃതം ഭാഷ്യം

തീവ്രാദിപൂജിത ഇത്യനേന പീഠമന്ത്രസ്യാന്യത്വം സൂചയതി. തമേവാഹ പ്രണവ ഇതി. കവചദ്വന്ദ്വം ഹും ഹും. ഗാമിതി സ്വരൂപം. താരാദീതി. നമോ രഹിതേന മൂലമന്ത്രേണേത്യർത്ഥഃ ഷഷ്ഠ്യാമിത്യുഭയത്ര പക്ഷേ. ഏവമഗ്രേപി. കൃശരൈ

ർമിശ്രൈർസ്തിലതണ്ഡുലൈഃഏഭിർമോദകകൃശരപൂപൈഃപർവ്വദിനേ
പൂർണ്ണിമാമവാസ്യയോഃ

മലയാളം ഭാഷ്യം

മൂന്നുലക്ഷം ജപിച്ച് ദശാംശം തിലഹോമം. പീഠത്തിൽ തീവ്രാദികളെ അർച്ചിച്ച് ഹേരംബാർച്ചനം. പ്രണവം,കവചദ്വന്ദ്വം,ഹ്രംഹ്രം. മഹാസിംഹായ ഗാം എന്ന് സ്വരൂപം..

ഓം ഹ്രം ഹ്രം മഹാസിംഹായ ഗാം

പിന്നീട് ഹേരംബപദം ഹൃദയത്തിൽ ഈസനം നൽകുന്നതിനായിട്ട്. ഈ ആസനമന്ത്രം ചൊല്ലി ഹൃദയത്തിൽ ആസനം നൽകുക. താരാദിവിഘ്ന ബീജത്താൽ മൂർത്തികല്പന.ദേവനെ ആവാഹിച്ച് അംഗാവരണപൂർവ്വം പൂജിക്കുക. പുറത്ത് ലോകേശ്വരർ. അതിനുപുറത്ത് വജ്രാദികൾ. നിത്യം അർച്ചിച്ച് മോദകം ഹോമിക്കുക. രണ്ടുപക്ഷത്തിലെയും ഷഷ്ഠിക്കും അഷ്ടമിക്കും കൃശരം (തിലവുംതണ്ഡുലവും മിശ്രം), ചതുർദ്ദശികളില് അപൂപം ഇവ ഹോമി ച്ചാൽ ഇഷ്ടാപ്തി ഫലം. മൂന്നും (മോദകം,കൃശരം,അപൂപം)പർവ്വദിനങ്ങളില് (പൌർണ്ണമിക്കും അമാവാസിക്കും) ഹോമിച്ചാൽ സകലകാമപ്രാപ്തി. ഈ മന്ത്രം നമോരഹിതമായ മൂലമന്ത്രമാണ്.

114. അംഭോജം പ്രഥമം ലിഖേദ്വസുദലം മദ്ധ്യേസ്വബീജാന്തരേ
സാദ്ധ്യാഖ്യാം ബഹിരംഗമന്ത്രവിലസത്കിഞ്ചൽക്കസംശോഭിതം
പത്രാണാമുദരേവിഭജ്യമുനിശോമാലാമനും ശേഷിതാൻ
ഷഡ്വർണ്ണാംശ്ചരമേദലേ പരിവൃതം ശക്ത്യാ ശകാരേണ ച

സംസ്കൃതഭാഷ്യം

ധാരണയന്ത്രമാഹ അംഭോജമിതി. മദ്ധ്യേ അഷ്ടദലകർണ്ണികായാം . സ്വബീ ജാന്തരേ ഏതന്മന്ത്രബീജമദ്ധ്യേ. സാദ്ധ്യാഖ്യാം സാധകകർമ്മസഹിതാമിതി ജ്ഞേയം. ബഹിരിതി കർണ്ണികായാഃഅംഗമന്ത്രേതി. പൂജാവദഗ്രേ നേത്രം.

മുനിശഃസപ്തധാ.മാലാമന്ത്രം വക്ഷ്യമാണം. ചരമേ അഷ്ടമേ. ശക്ത്യാ ശകാരേണ ചേത്യാവൃത്തിദ്വയം.

മലയാളം ഭാഷ്യം

ധാരണയന്ത്രം

അഷ്ടദലപത്മം വരക്കുക. മദ്ധ്യത്തിൽ സ്വബീജാന്തരത്തില് സാദ്ധ്യനാമം. പുറത്ത് അംഗമന്ത്രത്തോടുകൂടി കിഞ്ചൽക്കം. പത്രങ്ങളുടെ ഉദരത്തിൽ ഏഴുവട്ടം (മുനിശ) വർണ്ണമാലാമന്ത്രങ്ങൾ. ബാക്കി ഷഡ്വർണ്ണം. അവസാനദലത്തിലെഴു തി, ശ എന്ന ശക്ത്യാക്ഷരത്താൽ പരിവൃതമാക്കുക. പിന്നീട് മാലാമന്ത്രം പറയു ന്നതാണ്. (ശ എന്ന ശക്തിയാൽ രണ്ട് ആവൃത്തി ആവരണം ചെയ്യണം)

115. രോചനാമദകാശ്മീരൈർഭൂർജ്ജപത്രേ വിലിഖ്യതത്
വേഷ്ടിതം സ്വേതസൂത്രേണ ലോഹൈസ്ത്രിഭിരപിക്രമാത്
ധാരയേത് ബാഹുനാ യന്ത്രം സർവ്വാന് കാമാനവാപ്തയാന്

116. ശക്ത്യങ്കുശം ധ്രുവാന്തേ സ്യാത് സ്വബീജം ഹൃദയം തതഃ
സർവ്വവിഘ്നാധിപായാന്തേ ഡേന്തം സർവ്വാർത്ഥസിദ്ധിതം

117. പ്രവദേത് സർവ്വദുഃഖപ്രശമനായപദം തതഃ
ഏഹ്യേഹിഭഗവൻസർവ്വാ ആപദഃസ്തംഭയദ്വയം

118. ഭുവനേശീം സ്വബീജം ഗാം നതിഃപാവകവല്ലഭാ
പുനരങ്കുശമായാന്തം പഞ്ചപഞ്ചാശദക്ഷരഃ

119. മാലാമന്ത്രോയമമുനാ പ്രയോഗാൻ സാധയേത് സുധീഃ
താരം ഖഡ്ഗീശ്വരഃകൂർമ്മോ നിഃഖരോണാന്തഈരിതാഃ

120. ഭുവേ നതിഃസപ്തവർണ്ണാ സുബ്രഹ്മണ്യാത്മകോ മനുഃ
വഹ്നിബീജേനഷഡ്ദീർഘയുക്തേനാംഗക്രിയാ മതാ

സംസ്കൃതഭാഷ്യം

മദോ ഗജമദഃ ത്രിഭിർല്ലോകഃ ഷഷ്ഠപടലോക്തൈഃ ക്രമാദിതി .താമ്രരജത സുവർണ്ണേ. മാലാമന്ത്രമാഹ ശക്തീതി. സ്വബീജം മന്ത്രസ്വബീജം. ഭുവനേശീസ്വബീജം ഭുവനേശ്യാ സ്വസ്യ ച ബീജം ഹ്രീം ഗ്ലൂം. ഗാമിതി സ്വരൂപം. പഞ്ചപഞ്ചാശദക്ഷരഇത്യുക്തേഃശമനായഏഹ്യേഹീതി ന സന്ധിഃ ഓം ഹ്രീം ക്ലീം ഗ്ലൂം നമഃ സർവ്വവിഘ്നാധിപായ സർവ്വാർത്ഥസിദ്ധിദായ സർവ്വദുഃഖ പ്രശമനായ ഏഹ്യേഹി ഭഗവാൻ സർവ്വാ ആപദഃ സ്തംഭയ സ്തംഭയ ഹ്രീം ഗ്ല ഗാം നമഃ സ്വാഹാ ക്രോം ഹ്രീം. അമുനാ പ്രയോഗാൻ സാധയേദിത്യനേനാ സ്യ സ്വാതന്ത്ര്യേണ മന്ത്രത്വമപ്യുക്തം. തദ്വിധാനം യഥാ. അസ്യ അമിതം ഛന്ദഃഹേരംബഗണപതിവത് സർവ്വം ജ്ഞേയം. സുബ്രഹ്മണ്യമന്ത്രമാഹ താരമിതി. ഖഡ്ഗേശോ വഃ കൂർമ്മശ്ചരകാരഃ നിഖരഃഖരഹീനോ വ്യഞ്ജനമിതി യാവത്. ണാന്തഃതഃ ഭുവേ സ്വരൂപം അത്ര സന്ധൌതകാരേ ദകാര ഇതി ജ്ഞേയം. വചദ്ഭുവേനമോമന്ത്രഃസുബ്രഹ്മണ്യാധിദൈവതഃ ഇതി. നാരായണീയേ തു- താരം വചന്നാഭിജയേശിവയോനി യുതേ നമഃഇതി. അഗ്നിഗായത്ര്യൌ ഋഷിഛന്ദസി. പ്രണവോ ബീജം വകാരഃശക്തിഃ കേചന പ്രണവപുടിതമാഹുഃ അന്യേതു മായാദ്യമാഹുഃ തദുക്തം പ്രയോഗസാരേ- പ്രശസ്തഃ പ്രണവാദ്യന്തഃശക്തിപൂർവ്വം പരേ ജഗുഃഇതി. വഹ്നിബീജേനേതി രേഫേണ .

മലയാളഭാഷ്യം

ഗോരോചനം,മൃഗമദം,(ഗജമദം) കാശ്മീരം(കുങ്കുമം) ഇവകളാൽ ഭൂർജ്ജപത്ര ത്തിലെഴുതുന്നു.3 ലോഹത്താൽ(താമ്രം,രജതം,സുവർണ്ണം) ക്രമത്തിൽ ചുറ്റി തകിടാക്കുന്നു. ഈ യന്ത്രം ധരിച്ചാൽ സർവ്വകാമപ്രാപ്തി. ശക്തി,അങ്കുശം, ധ്രുവാന്തത്തിൽ സ്വബീജം ഹൃദയം. ഒടുവിൽ സർവ്വവിഘ്നാധിപായ എന്നതിനു ശേഷം ഡേന്തം .ഇത് സർവ്വാർത്ഥസിദ്ധിദം. സർവ്വദുഃഖപ്രശമനപദം ഏ തൊരു ഭഗവാന്റേതെന്ന് പറയപ്പെടുന്നുവോ, ആ ഭഗവാനെ സർവ്വ ആപ ത്തും സ്തംഭയ സ്തംഭയ െന്ന് ധ്യാനിച്ച് ഭുവനേശീ,സ്വബീജം(ഗാം) നമ ,പാവ കവല്ലഭസ്വാഹാ) പിന്നെ അങ്കുശം,ആയാന്തം- 5 വീതം 50 അക്ഷരം .ഇത് മാലാമന്ത്രം. താരം,ഖഡ്ഗീശ്വര,കൂർമ്മ,നിഃഖരോണാന്തം ഭുവേ നമോ. ഏഴ

വർണ്ണം , സുബ്രഹ്മണ്യാത്മകം.രണ്ട് അഗ്നിബീജം ഷഡ്ദീർഘയുക്തം കൊണ്ട് അംഗക്രിയ.

ഭുവനേശി ഹ്രീം. സ്വബീജം ചേർത്ത് ഹ്രീം ഗ്ലൂം. ഗാം സ്വരൂപം ഏഹി ഏഹി എന്ന് ആപദ്ശമനത്തിനായിട്ട്. പ്രയോഗം-

ഓം ഹ്രീം ക്രീം ഗ്ലൂം നമഃ സർവ്വവിഘ്നാധിപായ സർവ്വാർത്തസിദ്ധിദായ സർവ്വദുഃഖപ്രശമനായ ഏഹ്യേഹി ഭഗവൻസർവ്വാ ആപദഃസ്തംഭയ സ്തംഭയ ഹ്രീം ഗ്ല ഗാം നമഃ സ്വാഹാ ക്രോം ഹ്രീം.

ഈ മന്ത്രവിധാനം അതീവ സ്വതന്ത്രമാണ്. ഛന്ദസ്സ് അമിതമാണ്. ദേവത ഹേരംബഗണപതി.

സുബ്രഹ്മണ്യമന്ത്രം

ഖഡ്ഗേശം ഖ.കൂർമ്മം ച. നിഃഖര ഖരഹീനമായ വ്യഞ്ജനം.ണാന്തം ത. ഭുവേസ്വരൂപം .സന്ധിയിൽ തകാരത്തില് ദകാരം. പ്രയോഗസാരത്തിൽ:-

വചദ്ഭുവേനമോമന്തഃസുബ്രഹ്മണ്യാധിദൈവതാ

നാരായണീയം- താരം വചൻ,നാഭീജലത്തിൽ ശിവയോനിയുതമായി നമഃ ഋഷി അഗ്നി.ഛന്ദസ്സ് ഗായത്രി. പ്രണവം ബീജം. വകാരം ശക്തി. പ്രണവപുടിതമാണ്. ചിലർ മായാദ്യം എന്ന് പറയുന്നു. പ്രയോഗസാരം- പ്രണവം ആദ്യന്തം. ശക്തിപൂർവ്വം , പിന്നെ ജഗത്ത്, വഹ്നിബീജം രേഫം.

121. സിന്ദൂരാരുണകാന്തിമിന്ദുവദനം കേയൂരഹാരാദിഭിർ-
ദിവ്യൈരാഭരണൈർവിഭൂഷിതതനും സ്വർഗ്ഗസ്യ സൌഖ്യപ്രദം
അംഭോജാഭയശക്തികുക്കുടധരം രക്താംഗരാഗാംശുകം
സുബ്രഹ്മണ്യമുപാസ്മഹേ പ്രണമതാം ഭീതിപ്രണാശോദ്യതം

122. ലക്ഷമേകം ജപേന്മന്ത്രം സാജ്യേന ഹവിഷാ തതഃ
ദശാംശം ജുഹുയാദന്തേ ബ്രാഹ്മണാനപി ഭോജയേത്

സംസ്കൃതഭാഷ്യം

ധ്യാനം തു ദക്ഷാദ്യൂർദ്ധ്വയോരാദ്യേ തദധ്യസ്ഥയോരന്ത്യേ. സുബ്രഹ്മണ്യ ഇതി കാർത്തികേയ നാമഃ തദുക്തം-ഹയശീർഷപഞ്ചരാത്രേ-

അഭയംവാമഹസ്തേസ്യാദംബോജം ദക്ഷിണേ കരേ

കുക്കുടം വാമഹസ്തേതു ശക്തിം ദക്ഷിണതോ ന്യസേത്

ചതുർഭുജഃസമാഖ്യാതഃ ഏക വക്ത്രേഘ്നിജസ്ത്വയം .ഇതി.

മലയാളം ഭാഷ്യം

ധ്യാനം-

സിന്ദൂരാരുണകാന്തി,ചന്ദ്രവദനം,കേയൂരം,ഹാരം,ദിവ്യാഭരണവിഭൂഷിതമായ രൂപം. സ്വർഗ്ഗത്തിനും കൂടി സുഖപ്രദമാണ് രൂപം. താമര,അഭയമുദ്ര,ശക്തി, കുക്കുടം(കോഴി)ധരിച്ച നാലു കൈകൾ. ചുവന്ന വസ്ത്രം.സർവ്വഭയവും അകറ്റുന്ന സുബ്രഹ്മണ്യനെ പ്രണമിച്ച് ഉപാസിക്കുന്നു.ഒരു ലക്ഷം ജപം, ഹോമം. ആജ്യം, ഹവിസ്സ്,ഇവ ജപത്തിന്റെ ദശാംശം ഹോമിക്കുന്നു. പിന്നീട് ബ്രാഹ്മണഭോജനം. ധ്യാനം വലത്തുനിന്ന് മുകളിൽനിന്ന് ചുവട്ടിലേക്ക് ആയുധധ്യാനത്തോടെ യാണ്. കാർത്തികേയന്റെ നാമമാണ് സുബ്രഹ്മണ്യനെന്നത്.

ഹയശീർഷപഞ്ചരാത്രം- അഭയമുദ്ര ഇടംകയ്യിൽ,താമര വലംകൈയ്യിൽ. കോഴി ഇടംകയ്യിൽ,ശക്തി വലംകൈയ്യിൽ. ചതുർഭുജനാണ്. ഏകമുഖമേ ഉള്ളു. അഗ്നിയിൽനിന്ന് ജനിച്ച രൂപമാണ്.

123. ധർമ്മാദികല്പിതേ പീഠേ വഹ്നിമണ്ഡലപശ്ചിമേ

പൂജയേദ് വിധിനാദേവമുപചാരൈര്ഘ്യാദിതൈഃ

സംസ്കൃതഭാഷ്യം

വഹ്നിമണ്ഡലപശ്ചിമഇതി. അനേന ചതുർത്ഥപടലോക്തവഹ്നിമണ്ഡലാന്ത മേവ പൂജാ. പീഠശക്തിപീഠപൂജാനാസ്തി. അന്യഥാ വഹ്നിമണ്ഡലപശ്ചിമഇതി ന വദേത്. ചതുർത്ഥപടലഏവോക്തത്വാത്.

മലയാളം ഭാഷ്യം

ധർമ്മാദികല്പിതപീഠത്തില് അഗ്നിമണ്ഡലത്തില് പടിഞ്ഞാറുഭാഗത്ത് ദേവോപചാരങ്ങളോടെയാണ് പൂജ.വഹ്നിമണ്ഡലാന്തമായിട്ടും (നാലാംപടലം) അതിന്നു പടിഞ്ഞാറായിട്ടും പൂജ. പീഠശക്തിപൂജയോ പീഠപൂജയോ ഇല്ല എന്ന വ്യത്യാസമുണ്ട്. അല്ലായിരുന്നുവെങ്കിൽ,വഹ്നിമണ്ഡലത്തിന്റെ പടിഞ്ഞാറെന്ന് പറയുമായിരുന്നില്ല.

124. കേസരേഷ്വംഗപൂജാസ്യാത് പത്രമദ്ധ്യഗതാനിമാന്
ജയന്താഖ്യമഗ്നിവേശ്യം കൃതികാപുത്രസംജ്ഞിതം

125. അനന്തരം ഭൂതപതിം സേനാന്യം ഗുഹസംജ്ഞകം
ഹേമച്ചൂലം വിശാലാക്ഷം ശക്തിവജ്ര(ശൂല)കരാൻ യജേത്.

126. ദിഗ്ദലാഗ്രേഷു പൂർവ്വാദിദേവസേനാപതിം പുനഃ
വിദ്യാം മേധാം തതോ വജ്രം കോണസ്ഥാൻ ശക്തികുക്കുടൌ

127. മയൂരം ദ്വീപഭ്യർച്ചദ്ബാഹ്യേ ലോകേശ്വരാൻപുനഃ
അസ്ത്രാണി തേഷാമന്തേസ്യഃസുബ്രഹ്മണ്യാർച്ചനേരിതാ

128. സ്വാദുഭിർഭക്ഷ്യഭോജ്യാദ്യൈഃ ഷഷ്ഠ്യാം സംപ്രീണയേത് വിഭും
പൂജയേദ്ദേവതാബുദ്ധ്വാ കുമാരാൻ ബ്രഹ്മചാരിണാഃ

സംസ്കൃതഭാഷ്യം

വിധിനേത്യുക്തം വിധിമാഹ കേസരേഷേതി.തസ്യ നൈവേദ്യാംശാദാനം ധൂർത്തസേനായ.

മലയാളം ഭാഷ്യം

കേസരത്തിൽ അംഗപൂജ. പത്രമദ്ധ്യസ്ഥമായി ജയന്തൻ,അഗ്നിവേശ്യൻ, കൃതികാപുത്രൻ,ഭൂതപതി,സേനാനി ,ഗുഹൻ,ഹേമച്ചൂലൻ,വിശാലാക്ഷൻ, ശക്തിവജ്രകരൻ(ശൂലകരൻ),ഇവർ യജിക്കപ്പെടുന്നു.ദിഗ്ദലാഗ്രങ്ങളിൽ കിഴക്കുമുതൽ ദേവസേനാപതി,വിദ്യ,മേധ,വജ്രം, കോണസ്ഥമായി ശക്തി, കുക്കുടം,മയൂരം,ആന. പുറത്ത് ഹേമേശ്വരനും അസ്ത്രങ്ങളും ,അകത്ത് സുബ്രഹ്മണ്യൻ. സ്വാദുള്ള ഭക്ഷ്യഭോജ്യങ്ങളാൽ ഷഷ്ഠിക്ക് ദേവനെ പ്രീതനാക്കണം.

ബ്രഹ്മചാരികളായ കുമാരന്മാരെ ദേവതാബുദ്ധിയോടെ പൂജിക്കണം. (ഇപ്രകാരമുള്ള കുമാരപൂജക്ക് തത്തുല്യമാണ് കുമാരിപൂജയും)

129. സന്താനം വിജയം വീര്യം രക്ഷാമായുഃശ്രിയം യശഃ
പ്രദധ്യാത് സാധകസ്യാശു സുബ്രഹ്മണ്യഃസുരാർച്ചിതാഃ

130. ജപതർപ്പണപൂജാദൌ വിഘ്നേശം സർവ്വസിദ്ധിദം
പ്രീണയേദനയാ സ്തുത്യാ പ്രാപ്തയേ സർവ്വസമ്പദാന്

131. ഓങ്കാരമദ്ധ്യം പ്രവദന്തി സന്തോ വാചഃശ്രുതീനാമപിയം ഗൃണാന്തി
ഗജാനനം ദേവഗണാനതാങ്ഘ്രിം ഭജേഹമർദ്ധേന്ദുകൃതാവതംസം

സംസ്കൃതഭാഷ്യം

ഗണേശസ്തുതിമാരഭതേ ഓങ്കാരമിതി. അപിഭിന്നക്രമഃ സന്തഃയം ശ്രുതിനാമാദ്യം ഓങ്കാരം വായോപ്യാദ്ധ്യം ഗൃണന്തി. ശബ്ദബ്രഹ്മസ്വരൂപമിതി യാവത്.

മലയാളം ഭാഷ്യം

സന്താനം ,വിജയം,വീര്യം.രക്ഷ,ആയുസ്സ്,ശ്രീ,യശസ്സ് ഇവയെല്ലാം സുരാർച്ചിതനായ സുബ്രഹ്മണ്യന് സാധകന് നൽകുന്നു.ജപം,തർപ്പണം, പൂജാദികളാൽ സർവ്വസിദ്ധിദനായ വിഘ്നേശ്വരനെ സ്തുതിച്ച് പ്രീതനാക്കിയാൽ,സർവ്വസമ്പദ്പ്രാപ്തി ഫലം.ഗണേശസ്തുതി ഓങ്കാരത്തിലാണ് തുടങ്ങുക. കാരണം ശബ്ദബ്രഹ്മസ്വരൂപമാണ് ഗണേശന്റേത്.

132. പാദാരവിന്ദാർച്ചനതത്പരാണാം സംസാരദാവാനലഭംഗദക്ഷം
നിരന്തരം നിർഗ്ഗതദാനതോയൈസ്തം നൌമി വിഘ്നേശ്വരം അംബുദാഭം

133. കൃതാംഗരാഗം നവകുങ്കുമേന മത്താലിമാലാം മദപങ്കലഗ്നാം
നിവാരയന്തം നിജകർണ്ണതാലൈഃകോ വിസ്മരേത് പുത്രമനംഗശത്രോഃ

134. ശംഭോർജടാജൂടനിവാസിഗംഗാജലം സമാദായമരാംബുജേന
ലീലാഭിരാരാഛിവമർച്ചയന്തം ഗജാനനം ഭക്തിയുതാ ഭജന്തി.

സംസ്കൃതഭാഷ്യം

കരാംബുജേന ശുണ്ഡാഗ്രേണ. ആനാത് സമീപേ. ഭക്തിയുതം ഭജന്തി ഇത്യത്ര തം ശരണം ഭജാമി ഇത്യപി ക്വചിത് പാഠഃ

മലയാളം ഭാഷ്യം

പാദാരവിന്ദാർച്ചനാതല്പരർക്ക് സംസാരാഗ്നിയെ ദഹിപ്പിക്കുന്നതില് തല്പരനും സമർത്ഥനും ,നിരന്തരമായി നിർഗ്ഗളിക്കുന്ന അന്നം കൊടുക്കുന്നവനും കാർമേഘവർണ്ണനുമായ വിഘ്നേശ്വരനെ നമിക്കുന്നു.നവകുങ്കുമത്താൽ അംഗരാഗം പൂശി,താലിമാലകൾ ചാർത്തി, മദജലപങ്കം പുരണ്ട കൊമ്പുകളോടെ, തന്റെ കർണ്ണമാകുന്ന താലപത്രത്താല് സർവ്വവിഘ്നവും നിവാരണം ചെയ്യുന്ന ശിവപുത്രനെ ആരാണ് വിസ്മരിക്കുക.   ശംഭുവിന്റെ ജടാമകുടത്തിൽ നിവസിക്കുന്ന   ഗംഗാജലത്തെ കരാംബുജത്താലെടുത്ത് ലീലയായി ശിവനെത്തന്നെ അർച്ചിക്കുന്ന ഗജാനനനായ ഉണ്ണിഗ്ഗണപതിയെ ഭക്തിപൂർവ്വം ഭജിക്കുന്നു. ശരണം ഭജാമി എന്ന് പാഠഭേദം.

135. കുമാരഭുക്തൌ പുനരാത്മഹേതോഃപയോധരൌപർവ്വതരാജപുത്ര്യാഃ
പ്രക്ഷാലയന്തം കരസീകരേണ മൌഗ്ദ്ധ്യേന തം നാഗമുഖം ഭജാമി

136. ത്വയാ സമുദ്ധൃത്യ ഗജാസ്യഹസ്തം യേ ശീകരാഃപുഷ്കരരന്ധ്രയുക്താഃ
വ്യോമാങ്കണേ തേ വിചരന്തി താരാഃകാലാത്മനാ മൌക്തികതുല്യഭാസാഃ

സംസ്കൃതഭാഷ്യം

മൌഗ്ദ്ധ്യാദ്ധ്യേനിതി. ദേവീസ്തനൌ സദാന്ധചരിഷ്ടാവിതിഭാവഃ ഭോ ഗജാസ്യകാലാത്മനാ ത്വയാ ഹസ്തമുദ്ധൃത്യ യേ ശീകരഃപുഷ്കരരന്ധ്രമുക്താഃ പുഷ്കരം കരിഹസ്താഗ്ര ഇതി നാമലിംഗാനുശാസനേ. തേ താരാവിചരന്തീതി ഗമ്യോത്പ്രേക്ഷാ ശീകരാ ന ഭവന്തി. താരാ ഇത്യുത്പ്രേക്ഷാ ഇത്യർത്ഥഃ

മലയാളം ഭാഷ്യം

കുമാരൻഭുജിച്ചതിന്റെ ഉച്ഛിഷ്ടവും , പുനരാത്മഹേതുകവുമായ (ദ്വിജഹേതുത്വം) പർവ്വതരാജപുത്രിയുടെ സ്തനങ്ങളെ സദാ കരങ്ങളാല് പ്രക്ഷാളനം ചെയ്ത് , കരശീകരത്താൽ (തുമ്പിക്കൈയറ്റത്തെ പുഷ്കരരന്ധ്രത്താൽ)സദാ കഴുകി മതിയാവോളം പാനം ചെയ്ത് സുഖിക്കുന്ന നാഗമുഖനെ (ആനമുഖം)ഭജിക്കുന്നു.

137. ക്രീഡാരതേ വാരിനിധൌ ഗജാസ്യേ വേലാമതിക്രാമതി വാരിപൂരേ
കല്പാവസാനം പ്രവിചിന്ത്യ ദേവാഃ കൈലാസനാഥം സ്തുതിഭിഃസ്തുവന്തി.

138. നാഗാനനേ നാഗകൃതോത്തരീയേ ക്രീഡാരതേ ദേവകുമാരസംഗൈഃ
ത്വയിദക്ഷാം കാലഗതിം വിഹായ തൌപ്രാപതുഃ കന്ദുകതാമിനേന്ദൂഃ

സംസ്കൃതഭാഷ്യം

സ്തുവന്തീതി അന്യകൃതഃകല്പാവസാനേ ന്യസ്യസ്തുല്യസംഗതിരിത്യലങ്കാരഃ വസ്തുതസ്തു അനന്യനിവാരണീയത്വേന തത് സ്തുതിഃനാഗകൃതോത്തരീയേ സർപ്പോത്തരീയേ ത്വയി ക്രീഡാരത ഇതി സംബന്ധഃകാലഗതിം കാല പാരവശ്യം ത്യക്ത്വാ.

മലയാളം ഭാഷ്യം

ക്രീഡാരതിയിൽ സമുദ്രം വേലയെ(കരയെ) അതിക്രമിക്കുന്ന ജലപൂരത്തിൽ (വേലിയേറ്റം)ഗജാനനൻ ജലം സ്രവിപ്പിച്ചപ്പോൾ, ദേവന്മാർ കല്പാവസാന മായി എന്ന് വിചാരിച്ച് കൈലാസനാഥനെ സ്തുതിച്ചു. മറ്റൊരാൾക്കും അത് (കല്പാവസാനം)നിവാരണം ചെയ്യാനാവില്ല. അതിനാലാണ് ശിവനെ സ്തുതി ച്ചത്.ആനമുഖം ,നാഗം കൊണ്ട് ഉത്തരീയം. അപ്രകാരമുള്ള ഉണ്ണിഗ്ഗണപതി ക്രീഡാരതിയിൽ ദേവകുമാരസംഗമത്താൽ, ദക്ഷനെ പോലും കാലഗതി പ്രാപിപ്പിച്ചു.ആ കളിയിൽ സൂര്യചന്ദ്രന്മാരും കൂടി പന്തുകളായി .കുട്ടിക്കളിയിൽ സൂര്യാദികളെ പന്തുകളാക്കി, നാഗവിഷം കൊണ്ട് കാലഗതി മാറ്റി. നാഗപദം ആന എന്നും പാമ്പ് എന്നും രണ്ട് അർത്ഥത്തില് പ്രയോഗിച്ചിരിക്കുന്ന അല ങ്കാരം കാണുക.

139. മദോല്ലസത്പഞ്ചമുഖൈരജസ്രമദ്ധ്യാപയന്തം സകലാഗമാർത്ഥാന്
ദേവാനൃഷീൻ ഭക്തജനൈകമിത്രം ഹേരംബമർക്കാരുണമാശ്രയാമി

140. പാദാംബുജാഭ്യാമതിവാമനാഭ്യാം കൃതാർത്ഥയന്തം കൃപയാ ധരിത്രീം
അകാരണം കാരണമാപ്തവാചാം തം നാഗവക്ത്രം ന ജഹാതി ചേതഃ

സംസ്കൃതഭാഷ്യം

ദേവാംഘ്രിധ്യേയാവിതി സൂചിതം. ആപ്തവാചാം യേദാനാം കാരണം പ്രവർത്തയിതാരം

മലയാളം ഭാഷ്യം

മദോല്ലാസിയായ പഞ്ചമുഖങ്ങളിൽനിന്ന് സ്രവിക്കുന്ന വാക്കുകളാല് സകലാഗമാർത്ഥവും അദ്ധ്യാപനം ചെയ്ത് ദേവന്മാർ,ഋഷിമാർ,ഭക്തജനങ്ങളെന്നിവര്ക്ക് ഏകമിത്രമായ ഹേരംബന്റെ അർക്കാരുണപ്രഭയുള്ള രൂപം ആശ്രയിക്കുന്നു.പാദാംബുജങ്ങളാൽ അതിവാമനത്വം(മുഖചരന്ദാദികളെ അപേക്ഷിച്ചാണ് ഹ്രസ്വത. മുഖഹ്രസ്വങ്ങളാൽ അംഘ്രിധ്യേയം എന്ന് സൂചിതം) കൊണ്ട് കൃപയാ ഭൂമിയെ കൃതാർത്ഥയാക്കിയവനും , അകാരണം , കാരണം എന്ന ആപ്തവചസ്സുകൾക്ക് തന്റെ നാഗവക്ത്രത്തില് സർവ്വചേതസ്സുകൾക്കും വേദങ്ങൾക്കും കാരണമായി പ്രവർത്തിക്കയാല്, അർത്ഥമില്ലാതാക്കിയവനും (ദ്വൈതം ഇല്ലാത്തതുകൊണ്ട്)ആയ മൂലകാരണമൂർത്തിയെ ഭജിക്കുന്നു.

141. യേനാർപ്പിതം സത്യവതീസുതായ പുരാണമാലിഖ്യ വിഷാണകോട്യാ
തം ചന്ദ്രമൌലിസ്തനയം തപോഭിരവാച്യം ആനന്ദഘനം ഭജാമി.

142. പരം സ്തുതീനാമപദം ശ്രുതീനാം ലീലാവതാരം പരമാത്മമൂർത്തേഃ
നാഗാത്മകോ വാ പുരുഷാത്മകോ വേത്യഭേദ്യമാദ്യം ഭജ വിഘ്നരാജം

143. പാശാങ്കുശൌ ഗോരദം ത്വഭീഷ്ടം കരൈർദധാനംകരരന്ധ്രമുക്തൈഃ
മുക്താഫലാഭൈഃപൃഥുസീകരൌഘൈഃ
സിഞ്ചന്തമംഗം ശിവയോർഭജാമി.

സംസ്കൃതഭാഷ്യം

പുരാണം ഭാരതാഖ്യം. പദം സ്ഥാനം. അപദമഗോചരം. ക്വചിത് സ്തുതിശ്രുതി പദയോഃവ്യത്യയഃപരമാത്മമൂർത്തേരിത്യത്ര പരമേഷ്ഠേതി കേചിത് പഠന്തി. ശിവയോഃപിത്രോഃ

മലയാളം ഭാഷ്യം

ആരാൽ സത്യവതീസുതനു(വ്യാസനു)വേണ്ടി കോടികൊമ്പുകളെക്കൊണ്ട് പുരാണം (മഹാഭാരതം)ആലേഖനം ചെയ്യപ്പെട്ടുവോ, ആര് തപസ്വികൾക്ക് അവാച്യമായ ആനന്ദഘനസ്വരൂപനാണോ, ചന്ദ്രമൌലിതനയനായ ആ പ്രണവസ്വരൂപത്തെ ഭജിക്കുന്നു.സ്തുതികളുടെ പരമായും പദമായും, ശ്രുതികളുടെ അപദമായും ഉള്ള പരമാർത്ഥമൂർത്തിയുടെ ലീലാവതാരമായി, നാഗാത്മകനും പുരുഷാത്മകനുമായി, അഭേദ്യവും ആദ്യവുമായി, ഇരിക്കുന്ന വിഘ്നരാജനെ ഭജിക്കുന്നു. പാശം,അങ്കുശം,അഭയവരദമുദ്ര ഇവ ധരിച്ച് മുത്തുപോലെ തിളങ്ങു ന്നവനായി, അനേകം അമൃതജലബിന്ദുക്കൾ തുമ്പിക്കൈയിലൂടെ ചിന്തുന്ന ശിവപുത്രനെ ഭജിക്കുന്നു.

144. അനേകമേകം ഗജമേകദന്തം ചൈതന്യരൂപം ജഗദാദിബീജം
ബ്രഹ്മേതിയം ബ്രഹ്മവിദോ വദന്തി തം ശംഭുസൂനും ശരണം ഭജാമി

145. സ്വാങ്കസ്ഥിതായാ നിജവല്ലഭായാ മുഖാംബുജാലോകനലോലനേത്രം
സ്മേരാനനാബ്ജം മദവൈഭവേന രുദ്രം ഭജേ വിശ്വവിമോഹനം തം

146. യേ പൂർവ്വമാരാദ്ധ്യ ഗജാനന ത്വാം
ശാസ്ത്രാണിസർവ്വാണിപഠന്തിതേഷാം
ത്വത്തോനയാന്യത് പ്രതിപാദ്യമേതൈ-
സ്തദസ്തിചേത് സർവ്വമസത്യകല്പം

സംസ്കൃതഭാഷ്യം

അനേകമിച്ഛയാ. ഏകം തത്വതോ. യേ പഠന്തി തേഷാം പുരുഷാണാം ത്വത്തോന്യത് പ്രതിപാദ്യം ജ്ഞേയം നാസ്തി. ചകാരാത്തേഷാം ശാസ്ത്രാ ണാമപി തത്വോന്യത് പ്രതിപാദ്യം ജ്ഞേയം നാസ്തി. ചകാരാത്തേഷാം

ശാസ്ത്രാണ്യാമപി തത്വോന്യത് പ്രതിപാദ്യം നാസ്തീത്യത്രഃ യതഃ സർവ്വേഷു ശാസ്ത്രേഷ്വാത്മനഃപ്രതിപാദിതത്വാത് ഏതൈഃ ശാസ്ത്രൈസ്തദ്വദന്യത് പ്രതി പാദ്യതേ ചേത് തത് സർവ്വമസത്യകല്പം .താനി ശാസ്ത്രാണ്യേവ ന ഭവന്തീത്യർത്ഥഃ ബൌദ്ധശാസ്ത്രാദിവത്.

മലയാളം ഭാഷ്യം

പദം സ്ഥാനം. ശ്രുതികൾക്ക് സ്ഥാനം. അപദം അഗോചരം, അതിനാൽ സ്ഥാനം നിശ്ചയിക്കാനാവാത്തത്. അപ്രകാരമുള്ള പരമാത്മസ്വരൂപം അനേകവും ഏകവുമാണ്. ഏകദന്തമായ ഗജം,ചൈതന്യസ്വരൂപമായ ജഗദാദിബീജം, ബ്രഹ്മം എന്ന് ബ്രഹ്മവിത്തുകൾ പറയുന്ന ശംഭുസുതനെ ശരണം പ്രാപിക്കുന്നു.മടിയിലിരുത്തിയ വല്ലഭയുടെ മുഖത്തെ നോക്കുന്ന ആലോലനേത്രം,സ്മിതമുഖം,മദവൈഭവത്താൽ വിശ്വവിമോഹനമായ രുദ്രനെ(രുദ്രപുത്രനെ)ഭജിക്കുന്നു. ആദ്യം ഗജാനനനെ ആരാധിച്ച് സ ർവ്വശാസ്ത്രവും ആരു പഠിക്കുന്നുവോ , അവർക്കല്ലാതെ മറ്റാർക്കും തത്വം പ്രതിപാദിക്കാനാവില്ല. മറ്റുള്ളവർ പറയുന്നതെല്ലാം അസത്യകല്പമാണ്. സർവ്വശാസ്ത്രപ്രതിപാദിതമായ ഏകസത്യമായ പ്രണവത്തെ അറിയാതെ ആരാധിക്കാതെ ജ്ഞാനം ലഭിക്കുകയില്ല.

147. ഹിരണ്യഗർഭം ജഗദീശിതാരം കവിം പുരാണം രവിമണ്ഡലസ്ഥം
ഗജാനനം യം പ്രവിശന്തി സന്തസ്തത്കാലയോഗൈസ്തമഹം പ്രപദ്യേ

148. വേദാന്തഗീതം പുരുഷം ഭജേഹമാത്മാനമാനന്ദഘനം ഹൃദിസ്ഥം
ഗജാനനം യന്മഹസാ ജനാനാം വിഘ്നാന്ധകാരോവിലയം പ്രയാതി

149. ശംഭോസമാലോക്യ ജടാകലാപേ ശശാങ്കഖണ്ഡം നിജപുഷ്കരേണ
സ്വഭഗ്നദന്തം പ്രവിചിന്ത്യമൌഗ്ധ്യാദാകൃഷ്ടകാമഃശ്രിയമാതനോതു

150. വിഘ്നാർഗ്ഗലാനാം വിനിപാതനാർത്ഥം യ നാരികേലൈഃ കദലീഫ ലാദ്യൈഃ
പ്രതാരയന്തോമദവാരണാസ്യംപ്രാപുർന്നരോഭീഷ്ടമഹം ഭജേതം

151. യജ്ഞൈരനേകൈർബഹുഭിസ്തചോഭിരാരാധ്യമാദ്യം ഗജരാജ
വക്ത്രം
ഹ്യത്യാനയായേവിധിനാസ്തുവന്തി തേ സർവ്വലക്ഷ്മീംനിധയോ ഭവന്തി.
ഇതിശ്രീശാരദാതിലകേ ത്രയോദശഃപടലഃ

സംസ്കൃതഭാഷ്യം

തത്കാലയോഗൈരിതി. ഹിരണ്യഗർഭാദ്യവതാരോ ഗണേശ ഏവൈകോ ലീലയാ ഭവതി .പരമാത്മരൂപത്വാദിത്യർത്ഥഃ തദേവരൂപമാഹ വേദാന്തഗീത മിതി. മൌഢ്യാദിതി ലീലയാ. തസ്യ കദാചിദപി ജ്ഞാനഭ്രംശാഭാവാത്. വിഘ്നേശ്വരാദിനാ ഭക്തവാത്സല്യമുക്തം. നര ഇതി ബഹുവചനം.
ഇതിശ്രീശാരദാതിലകടീകായാം സത്സമ്പ്രദായകൃതവ്യാഖ്യായാം പദാർത്ഥാ ദർശാഭിഖ്യാം ത്രയോദശപടലഃ

മലയാളം ഭാഷ്യം

ഹിരണ്യഗർഭവും ജഗത്തിന്റെ ഈശിതാവും ഏറ്റവും പുരാണനായ കവിയും രവിമമ്ഡലസ്ഥവും ആയ ഗജാനനിൽനിന്ന് എല്ലാ കാലവും യോഗങ്ങളെല്ലാം പ്രവഹിക്കുന്നു.(ഹിരണ്യഗർഭയോഗസൂത്രത്തിന് വ്യാസഭാഷ്യം പഠിക്കുക)അവ നിൽത്തന്നെ ലയിക്കുന്നു.അപ്രകാരമുള്ള പരമയോഗിയെ നമസ്കരിക്കുന്നു.
ഹിര ണ്യഗർഭനാണ് ആദ്യയോഗശാസ്ത്രരചയിതാവ്. ഗണേശനാണ് ഹിരണ്യഗ ർഭനായി അവതരിച്ചതെന്ന് സൂചിപ്പിക്കുന്നു.
ഹിരണ്യഗർഭയോഗമാണ് മഹാ ഭാരതത്തിലും ഭാഗവതത്തിലും വ്യാസമുനി പറഞ്ഞിട്ടുള്ളത്.അതിന് വ്യാസഭാ ഷ്യവുമുണ്ട്. സത്യവതീപുത്രനുവേണ്ടി ഭാരതപുരാണം എഴുതാനവതരിച്ച ഹിര ണ്യഗർഭഗണപതിയെ 141ആം ശ്ലോകത്തിൽ സ്മരിച്ചിരിക്കുന്നു. വേദാന്തത്തിൽ പാടപ്പെട്ടതും (വേദാന്തഗീതം)ആത്മാവിൽ ആനന്ദഘനമായി ഹൃദയാന്തസ്ഥ വും മഹസ്സുകൊണ്ട് ജനങ്ങളുടെ വിഘ്നാന്ധകാരം (അജ്ഞാനമാണ് വിഘ്നം) വിലയം പ്രാപിപ്പിക്കുന്നവനുമായ പുരുഷനെ ഗജാനനനായി ഭജിക്കുന്നു. ശംഭു

വിന്റെ ജടാകലാപത്തിലെ ചന്ദ്രക്കലയെ തന്റെ പുഷ്കരത്താൽ ആകർഷിച്ച് , തന്റെ പൊട്ടിയ കൊമ്പാണ് അതെന്ന് കരുതി തിരിച്ചുകിട്ടാൻ കാമിച്ച മുഗ്ദ്ധനായ ശിശുരൂപത്തിൽ, അമ്മയുടെ സ്നേഹഭാജനമായ ഉണ്ണിഗ്ഗണപതിയെ ആശ്രയിക്കുന്നു.

വിഘ്നാർഗ്ഗലങ്ങള് നശിക്കാന് നാളികേരം,കദളിപ്പഴം ഇവ മദിച്ച ആനക്ക് നൽകി ,സർവ്വാഭീഷ്ടപ്രാപ്തി പ്രാർത്ഥിക്കുന്നു. അനേകം യജ്ഞങ്ങൾ, തപസ്സ്, ഇവകളാൽ മുമ്പ് ആരാധിക്കപ്പെട്ട ഗജരാജമുഖം വിധിപോലെ സ്തുതിച്ച് പൂജിക്കുന്നവർക്ക് സർവ്വലക്ഷ്മിയും നിധിയും ലഭിക്കുന്നു.

31. 7. 2011 വൈകുന്നേരം 5.50 ഡോ.സുവർണ്ണ നാലപ്പാട്ട് .